2016 മാർച്ച് 25 വാല്യം 09 ലക്കം 06

ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages:12

# വിശ്വാസികളുടെ വോട്ടവകാശം: കേസ് കോടതി തള്ളി

**ചെങ്ങന്നൂർ:** വിശ്വാസികളുടെ വോട്ടവകാശം പുനസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു വിഭാഗം വിശ്വാസികൾ നല്കിയ കേസ് തള്ളി. O. S No. 39 of 2012 എന്ന നമ്പരായി തിരുവനന്തപുരം സ്വദേശികളായ ഫിലിപ്പ് മാത്യു, സി. ശോഭനദാസ്, പുതുപ്പള്ളി സ്വദേശിയായ ഫിലിപ്പ് ജേക്കബ് എന്നിവർ ചെങ്ങന്നൂർ കോടതിയിൽ നല്കിയ കേസാണ് തള്ളിയത്. ഈ കേസിൽ ചർച്ച് ഓഫ് ഗോഡ് ഗവേണിംഗ് ബോഡി ചെയർമാൻ, സെക്രട്ടറി, മുൻ സ്റ്റേറ്റ് ഓവർസിയർ എന്നിവരായിരുന്നു പ്രതികൾ. 25/02/1989-ൽ തിരുനൽവേലിയിലെ പാളയം കോട്ട് നടന്ന ജനറൽ ബോഡിയിൽ വിശ്വാസികൾക്ക് നഷ്ടപ്പെട്ട വോട്ടവകാശം പുനസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് വാദികൾ കോടതിയെ സമീപിച്ചത്. എന്നാൽ കഴിഞ്ഞ നാലുവർഷമായി കേസ് ഗൗരവമായി നടത്തികൊണ്ടുപോകാതെ വിസ്താരം നീണ്ടികൊണ്ടുപോകുകയാണ് ചെയ്തത്. കൂടെക്കൂടെ കേസ് മാറ്റി വെയ്ക്കുകയും പ്രതികളെ വിസ്തരിക്കുകയോ വാദങ്ങൾ പൂർത്തികരിക്കുകയോ ചെയ്യാതെ കേസിന് അമാന്തം നേരിട്ടു. മുൻ ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി കോടതിയിൽ ഹാജരാകുകയും കേസ് കൃത്യമായി നടത്തികൊണ്ടു പോകുകയും ചെയ്തു. എന്നാൽ മാറിയ സഭാ നേതൃത്വം കേസ് ഫോളോ-അപ്പ് ചെയ്തില്ല. പല പ്രാവശ്യം സമൻസ് ലഭിച്ചിട്ടും ഗവേണിംഗ് ബോഡി ചെയർമാനോ സെക്രട്ടറിയോ കോടതിയിൽ ഹാജരാകുകയോ അഭിഭാഷകനെ ചുമതലപ്പെടുത്തുകയോ ചെയ്തില്ല. തന്മൂലം കേസ് നീണ്ടു പോകുകയാണ് ചെയ്തത്. വിശ്വാസികളുടെ വോട്ടവകാശത്തിനു വേണ്ടി ഇപ്പോൾ മുറവിളി കൂട്ടുന്ന സഭാ നേതൃത്വമോ മുൻ സ്റ്റേറ്റ് സെക്രട്ടറിയോ ഈ വിഷയത്തിൽ ചെറുവിരൽ അനക്കിയിട്ടില്ല. വിശ്വാസികൾക്ക് വോട്ടവകാശം നല്കണമെന്ന വാദികളുടെ ആവലാതി അംഗീകരിച്ചുകൊണ്ട് കോടതിയിൽ സത്യവാങ്മൂലം സമർപ്പിക്കാൻ സഭാ നേതൃത്വത്തിന് കഴിഞ്ഞില്ല. ഇപ്പോൾ വിശ്വാസികളുടെ വോട്ടവകാശം എന്ന മുദ്രാവാക്യം ഉയർത്തി രംഗത്ത് വരുന്നവരുടെ കപടമുഖം വെളിവായിരിക്കുകയാണ്. സ്റ്റേറ്റ് ബോർഡ് പോലും ഈ കേസിൽ കക്ഷിച്ചേർന്നില്ല എന്നത് അത്ഭുതപ്പെടുത്തുന്നതാണ്.


IN THE COURT OF THE SUB- ORDINATE JUDGE, CHENGANNUR

O.S. NO. 39 OF 2012

BETWEEN

1) Philip Mathew
2) C. Sobhanadas - - Plaintiffs
3) Philip Jacob.
4)

AND

1) The Church of God (Full Gospel) In India represented by the president and Secretary , the defendants 2 and 3

The General Body meeting of the 1st defendant dated 25-02-1989 shows that sixteen persons were elected as governing body members from among the General body. It is submitted that Sri. M.O. Elias, who has been elected as the governing body member in that meeting (25-02-1989) become the member of the 1st defendant in the month of May, 1992 with membership No.1881. The Membership register of the 1st defendant shows that the 4th defendant has not been a member of the 1st defendant church till 2008-2009. But it is shown that he has been the Assistant Overseer of the 1st defendant Church prior to his becoming a member of the 1st defendant church. The rules of the 1st defendant provided the provisions for becoming a member of the 1st defendant church. Rule-2 of

വാദികളും കേസിൽ വേണ്ടത്ര ഗൗരവം കാണിച്ചില്ല. കോടതിയുടെ ആവശ്യപ്രകാരം പത്രപരസ്യം നല്കാതെ അലംഭാവം കാണിച്ച വാദികൾക്കെതിരെയുള്ള വിധിയുടെ ഭാഗമാണ് കേസ് തള്ളാൻ കാരണമായത്. ഇതേസമയം കൗൺസിൽ അംഗങ്ങളിൽ രണ്ടുപേർ കേസിൽ കക്ഷിച്ചേർന്നത് വിവാദമായി. പ്രതിഭാഗത്തുള്ള സഭയുടെ ഔദ്യോഗിക നേതൃത്വം കേസിൽ കക്ഷിച്ചേർന്നില്ലെങ്കിൽ, വാദികൾക്ക് അനുകൂലമായി ഏകപക്ഷീയമായ വിധി ഉണ്ടാകുമെന്നും തല്ഫലമായി ദൈവസഭയുടെ പോളിസി ക്യാൻസൽ ചെയ്യപ്പെടുമെന്നും കൗൺസിൽ അംഗങ്ങളെ ചിലർ തെറ്റിദ്ധരിപ്പിച്ചു. ഇങ്ങനെ ഒരു വിധി ഉണ്ടായാൽ ദൈവസഭ അഡ്മിനിസ്ട്രേറ്റർ (റിസിവർ) ഭരണത്തിലേക്ക് പോകുകയോ സ്റ്റാറ്റസ്കോ തുടരുകയോ ചെയ്യുമെന്ന ചിന്ത പ്രബലമായി. ഇതിന്റെ

05

# പാസ്റ്റർ പി. എ. കുര്യൻ
## ഐ. പി. സി. വെസ്റ്റ് ബംഗാൾ സ്റ്റേറ്റ് പ്രസിഡന്റ്


പാസ്റ്റർ പി. എ. കുര്യൻ

**കൊൽക്കത്ത:** ഐ. പി. സി. വെസ്റ്റ് ബംഗാൾ സ്റ്റേറ്റ് പ്രസിഡന്റായി പാസ്റ്റർ പി. എ. കുര്യൻ തെരഞ്ഞെടുക്കപ്പെട്ടു. 2009 മുതൽ മൂന്ന് സോണുകളായി പ്രവർത്തിച്ചു വന്നിരുന്ന വെസ്റ്റ് ബംഗാളിനെ കഴിഞ്ഞ ജനുവരി 25ന് ജനറൽ കൗൺസിൽ സ്റ്റേറ്റായി പ്രഖ്യാപിക്കുകയും പാസ്റ്റർ പി. എ. കുര്യനെ പ്രസിഡന്റായി നിയോഗിക്കുകയും ചെയ്തിരുന്നു. തുടർന്ന് മാർച്ച് 3-ന് കൊൽക്കത്തയിൽ നടന്ന ഐ. പി. സി.

06

# ഇൻഡ്യാ ബൈബിൾ കോളജ് & സെമിനാരി
## 101 വിദ്യാർത്ഥികൾ ഗ്രാഡുവേറ്റ് ചെയ്തു



**കുമ്പനാട്:** ഇൻഡ്യാ ബൈബിൾ കോളജ് & സെമിനാരിയുടെ 2016 ലെ ഗ്രാഡുവേഷൻ മാർച്ച് 3-ന് കോഴിമല IGO ക്യാമ്പസിൽ നടന്നു. M.Div, B.Th, C.Th -കോഴ്സുകളിലായി ഗ്രാഡുവേറ്റ് ചെയ്ത 101 വിദ്യാർത്ഥികൾക്ക് പ്രസിഡന്റ് എമിരറ്റസ് പാസ്റ്റർ റ്റി.എസ്സ്.ഏബ്രഹാം, പ്രസിഡന്റ് പാസ്റ്റർ ഡോ. റ്റി. വൽസൻ ഏബ്രഹാം, വൈസ് പ്രിൻസിപ്പൽ പാസ്റ്റർ പി.ഏ. മാത്യു എന്നിവർ സർട്ടിഫിക്കറ്റുകൾ നല്കി. പാസ്റ്റർ ഡെന്നീസ്സ് ഗാലഹർ ബിരുദദാന സന്ദേശം നല്കുകയും പാസ്റ്റർ ഫിലിപ്പ് പി. തോമസ്, റവ. ഡോ.ഗീവർഗീസ് മാത്യു , മിസ്സസ് ഷേർളി ചാക്കോ എന്നിവർ ആശംസാ സന്ദേശങ്ങൾ അറിയിക്കുകയും ചെയ്തു. അക്കാഡമിക്ക് ഡീൻ പാസ്റ്റർ ഫിന്നി ജോസഫ്, വൈസ് പ്രസിഡന്റ് (അഡ്മിനിസ്ട്രേഷൻ), മിസ്സസ് സ്റ്റാർലാ ലൂക്ക് എന്നിവർ ഗ്രാഡുവേറ്റ്സിനെ പരിചയപ്പെടുത്തി. ഐ. ബി. സി. മെലഡി. ബ്രദർ സാംസൺ കോട്ടൂർ എന്നിവർ ഗാനങ്ങൾ ആലപിച്ചു. വർഷങ്ങളായി നടന്നു വരുന്ന ATA കോഴ്സുകളെ കൂടാതെ അടുത്ത അദ്ധ്യായന വർഷം മുതൽ സെനറ്റ്

05

# ബെഥേൽ ഇന്റർനാഷണൽ തിയോളജിക്കൽ സെമിനാരി
## ബിരുദദാന ശുശ്രൂഷ

**റാന്നി:** മന്ദമരുതി ബെഥേൽ ഇന്റർനാഷണൽ തിയോളജിക്കൽ സെമിനാരിയുടെ 10മത് ബിരുദദാന ശുശ്രൂഷ 2016 മാർച്ച് 26 ശനിയാഴ്ച സെമിനാരി ആഡിറ്റോറിയത്തിൽ രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ നടത്തപ്പെടും. ഡോ. സി. തോമസ് (പ്രിൻസിപ്പാൾ, ETS വേങ്ങൂർ) ഗ്രാജുവേഷൻ സന്ദേശം നൽകും. ബെഥേൽ സെമിനാരി പ്രസിഡന്റ് പാസ്റ്റർ കുര്യൻ തോമസ് ബിരുദദാനം നിർവ്വഹിക്കും. പ്രിൻസിപ്പാൾ ഡോ. സാബു പോൾ അദ്ധ്യക്ഷത വഹിക്കും. ഐ.പി.സി. റാന്നി വെസ്റ്റ് സെന്റർ മിനിസ്റ്ററും സെമിനാരി രക്ഷാധികാരിയുമായ പാസ്റ്റർ കെ. കെ. ചെറിയാൻ, പാസ്റ്റർ

05

## സാക്ഷി



മലയാളി വൈദികൻ ടോമിനെ ക്രൂശിക്കുവാൻ ഐസിസ് ഭീകരർ ഒരുങ്ങുന്നു – **വാർത്ത**

*അപ്പോസ്തല പ്രവർത്തികൾ 12:1-11*

# പാസ്റ്റർ റ്റി.ജെ സാമൂവൽ വീണ്ടും സൂപ്രണ്ട്

ഷാജൻ ജോൺ ഇടയ്ക്കാട്


പാസ്റ്റർ ടി. ജെ. സാമൂവൽ


പാസ്റ്റർ പി.എസ്. ഫിലിപ്പ്


പാസ്റ്റർ തോമസ് ഫിലിപ്പ്


പാസ്റ്റർ എ, രാജൻ


പാസ്റ്റർ എം. എ. ഫിലിപ്പ്

**പുനലൂർ:** ഏ. ജി. മലയാളം ഡിസ്ട്രിക്ട് കൗൺസിൽ സൂപ്രണ്ടായി പാസ്റ്റർ ടി.ജെ സാമൂവലും സെക്രട്ടറിയായി പാസ്റ്റർ തോമസ് ഫിലിപ്പും വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. പാസ്റ്റർ പി.എസ് ഫിലിപ്പ് വീണ്ടും അസിസ്റ്റന്റ് സൂപ്രണ്ടായി. പാസ്റ്റർ എ. രാജൻ ട്രഷററായും പാസ്റ്റർ എം. എ ഫിലിപ്പ് കമ്മറ്റി അംഗമായും തിരഞ്ഞെടുക്കപ്പെട്ടു. ഏ. ജി. ദേശീയ ജനറൽ സെക്രട്ടറിയായി 1996 മുതൽ പ്രവർത്തിച്ചുവരുന്ന പാസ്റ്റർ ടി.ജെ സാമൂവൽ നേരത്തെ സൗത്ത് ഇൻഡ്യ ഏ. ജി. ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്.

സെക്രട്ടറിയായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ തോമസ് ഫിലിപ്പ് പുനലൂർ ടൗൺ അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ പാസ്റ്റർ ആയി പ്രവർത്തിച്ചു വരുന്നു.

പാസ്റ്റർ പി.എസ് ഫിലിപ്പ് ഏ. ജി. ദേശീയ സമിതിയിൽ സൗത്ത് ഇൻഡ്യാ ഏ. ജി.പ്രതിനിധിയാണ്.

ട്രഷറാർ പാസ്റ്റർ എ, രാജ ൻ, തിരുവനന്തപുരം പനയറക്കുന്ന് ഗ്രേയ്സ് എ.ജി ചർച്ചിന്റെ പാസ്റ്ററാണ്.

09

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി
രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# മറക്കരുത്, ആ കസേരയുടെ മഹത്വം

എഡിറ്റോറിയൽ



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

പതിമൂന്നാം നിയമസഭയുടെ കാലാവധി അവസാനിക്കുകയും കേരളത്തിലെ നിയമസഭാ തെരഞ്ഞെടുപ്പ് മെയ് 16ന് നടത്തുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിക്കുകയും ചെയ്തിരിക്കുവാണല്ലോ. ഇലക്ഷൻ കമ്മീഷൻ വോട്ടിങ്ങ് മെഷീനുകളുടെ പരിശോധനകൾ ആരംഭിച്ച് മുന്നൊരുക്കങ്ങൾ പൂർത്തിയാക്കി കഴിഞ്ഞു. മെയ് 31 നാണ് പതിമൂന്നാം നിയമസഭയുടെ കാലാവധി അവസാനിക്കുക. പതിനാലാം നിയമസഭയുടെ മുഖ്യമന്ത്രി മെയ് 17 ന് ചുമതലയേൽക്കണം. ഒറ്റഘട്ടമായിട്ടായിരിക്കും 140 മണ്ഡലങ്ങളിലും തെരഞ്ഞെടുപ്പ് നടത്തുക. വോട്ടർപട്ടികയനുസരിച്ച് 2.56 കോടി വോട്ടർമാരാണ് സംസ്ഥാനത്തുള്ളത്. 1.33 കോടി സ്ത്രീകളും 1.23 കോടി പുരുഷന്മാരും. 18നും 19നും ഇടയിൽ പ്രായമുള്ള 6.18 ലക്ഷം വോട്ടർമാരുണ്ട്. പുതുതായി രജിസ്റ്റർചെയ്തവരാണിവർ. ആകെ ബൂത്തുകൾ 21,498. വോട്ടർമാർക്ക് വോട്ട് രേഖപ്പെടുത്തിയത് പരിശോധിക്കാൻ 17 നിയോജകമണ്ഡലങ്ങളിൽ വോട്ടർ വെരിഫയബിൾ പേപ്പർ ഓഡിറ്റ് ട്രെയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഏർപ്പെടുത്തും. എല്ലാ ബൂത്തിലും കുടിവെള്ളം, ശൗചാലയം, അംഗപരിമിതർക്കായി റാമ്പ് എന്നിവ സ്ഥാപിക്കും. വൃദ്ധർക്കും'ഭിന്നശേഷിയുള്ളവർക്കും പ്രത്യേക പരിഗണന നൽകും.

കേരള സംസ്ഥാനം രൂപപ്പെട്ടതു മുതൽ സംസ്ഥാനം ഭരിക്കുന്നത് മാറി മാറി വരുന്ന വലതു ഇടതു കക്ഷികളാണ്. ഓരോ തെരെഞ്ഞെടുപ്പിലും ഈ സ്ഥിതി തന്നെയാണ് കേരളത്തിലെ ജനങ്ങൾ കണ്ടുവരുന്നത്. എന്നാൽ ഈ പ്രാവശ്യം ഭരണ തുർച്ചുയുണ്ടാകുമെന്ന് ഒരു വിഭാഗവും, അല്ല ഭരണം മാറുമെന്ന് മറുവശവും വാദിക്കുന്നു. കേരളത്തിൽ മൂന്നാം ശക്തിയായി കേന്ദ്രം ഭരിക്കുന്ന പാർട്ടി വളർന്നു വരുന്നു എന്നത് അവഗണിക്കുവാൻ കഴിയുന്നതുമല്ല. 1957-ൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള കേരളത്തിലെ ആദ്യത്തെ മന്ത്രിസഭ ബാലറ്റ് പേപ്പറിലൂടെ അധികാരത്തിൽ വന്നു. അന്ന് കേരള മുഖ്യമന്ത്രി ആയി കേരളത്തെ നയിക്കുന്നതിന് പാർടി നിയോഗിച്ചത് ഇ എം എസിനെയാണ്. 1960 ഫെബ്രുവരിയിലായിരുന്നു രണ്ടാമത്തെ തെരഞ്ഞെടുപ്പ്. കേരള സംസ്ഥാനം രൂപീകരിക്കുന്നതിന് സൈദ്ധാന്തികവും പ്രായോഗികവുമായ നേതൃത്വം നൽകുന്നതിൽ കേരളത്തിൽ ഭരിച്ചവരുടെ പങ്ക് വളരെ വലുതായിരുന്നു. ഇന്നത്തെ കേരള നിയമസഭയിലെത്തിച്ചേർന്ന നിയമനിർമ്മാണസഭകളുടെ ചരിത്രം 1888-ലാണ് ആരംഭിച്ചത്. തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീമൂലംതിരുനാൾ രാമവർമയുടെ ഭരണകാലത്ത് നിയമനിർമാണത്തിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്യാനുമായി ഒരു കൗൺസിൽ രൂപീകരിക്കാനാണ് 1888-ൽ തീരുമാനിച്ചത്. ഒരു റഗുലേഷനിലൂടെയാണ് ഇത് നിലവിൽവന്നത്. 1888 ആഗസ്ത് 23ന് സെക്രട്ടറിയറ്റ് മന്ദിരത്തിലെ ദിവാന്റെ മുറിയിലായിരുന്നു ആദ്യയോഗം. എട്ടുപേരായിരുന്നു അംഗങ്ങൾ. ആറ് ഔദ്യോഗികാംഗങ്ങളും രണ്ട് അനൗദ്യോഗികാംഗങ്ങളും. ഇന്ത്യയിൽതന്നെ ഏറ്റവും ചലനാത്മകമായ ജനാധിപത്യസംവിധാനമാണ് കേരളത്തിൽ നിലനിൽക്കുന്നത്. ഇത് രൂപപ്പെടുത്തിയെടുക്കുന്നതിന് വിവിധങ്ങളായ നവോത്ഥാനപ്രസ്ഥാനങ്ങളും ദേശീയപ്രസ്ഥാനവും ജനകീയരാഷ്ട്രീയം രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ചു. കേരളത്തിൽ സാമൂഹ്യ നവോത്ഥാനത്തിനൊപ്പമാണ് നിയമനിർമാണസഭയും വളരാൻ തുടങ്ങിയത്.

ചരിത്രം പഠിച്ചാൽ ഏകാധിപതികൾ പിറന്നുവീഴുന്നത് ചരിത്രത്തിന്റെ ഏതോ അനർഘ നിമിഷത്തിലല്ല. 'വിശ്വാസം ഒരു ലഹരിയായി പടരുന്ന അധികാരത്തിന്റെ അവരോഹണം ക്രമാനുഗതമായ ഒരു ചരിത്രനിർമിതിയാണ്. അതിൽ അവസാനം 'ഞാൻ' എന്ന അധികാരിമാത്രം ബാക്കിയാകുമ്പോൾ അദ്ദേഹം ഏകാധിപതി ആയി മാറുന്നു എന്നുമാത്രം. പരാജയപ്പെട്ട ജനാധിപത്യ പരീക്ഷണങ്ങൾക്കൊക്കെ ലോകജനത എന്നും വലിയ വിലകൊടുക്കേണ്ടിവന്നിട്ടുണ്ട്. വ്യത്യസ്തമായ അഭിപ്രായധാരകളെയും വിയോജിപ്പുകളെയുമൊക്കെ എങ്ങനെ ഉൾക്കൊള്ളുന്നു, എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നത് പ്രധാനമാണ്. ഇതിനെ ആശ്രയിച്ചാണ് വ്യക്തിയായാലും സ്ഥാപനമായാലും പാർട്ടിയായാലും രാഷ്ട്രമായാലും നിലനില്ക്കുന്നത്. ജനാധിപത്യത്തെ പക്വതയോടെ നേരിടാൻ അത് പ്രാപ്തമായിട്ടുണ്ടോ എന്ന് പരിശോധിച്ചറിയാനുള്ള വഴി അതുമാത്രമാണ്. തെരെഞ്ഞെടുപ്പുകൾ അടുത്തുവരുമ്പോൾ ഉളവാകുന്ന പാർട്ടിയിലെ വഴക്കുകൾ ഇന്ന് ആരിലും നിരാശയുണ്ടാക്കുംവിധം തീർത്തും ജനാധിപത്യവിരുദ്ധമായ രീതിയിലാണെന്നത് ഇവിടെ പറയാതെ വയ്യ. എന്നാൽ ചില സമയങ്ങളിൽ അധികാരത്തിലെത്തിയ ശേഷം, ആ പാർട്ടിയുടെ അണിയറയിൽ വളരെ പെട്ടെന്നുതന്നെ പൊട്ടിപ്പുറപ്പെട്ട കിടമത്സരങ്ങൾ ആരെയും അമ്പരപ്പിക്കുന്നതാണ്. മറ്റേത് മുഖ്യധാരാ രാഷ്ട്രീയപ്പാർട്ടിയിലും കണ്ടുവരുന്ന മൂല്യച്യുതി നിറഞ്ഞ അധികാരത്തർക്കങ്ങളുടെ മറ്റൊരു മുഖംതന്നെയാണിത്.

എന്നാൽ ഇതിനെല്ലാം അറുതി വരുവാൻ കാലത്തിന്റെ മാറ്റങ്ങളെ ഉൾക്കൊണ്ട് സമൂഹത്തെയാകെ നയിക്കാൻ പര്യാപ്തമാംവിധം ചിന്തകളെ നവീകരിക്കാൻ പാടവമുള്ള ഭരണാധിപന്മാർ എഴുന്നേറ്റ് വരണം. പുതിയ കാലത്തെ ജനങ്ങളുടെ പ്രശ്നങ്ങളെ നാം അഭിമുഖീകരിച്ച് കേരളത്തിന്റെ വികസനത്തിലെ രണ്ടാംതലമുറ പ്രശ്നങ്ങളെ പരിഹരിക്കുവാൻ കഴിയുന്ന ഒരു വികസിത ഭരണം ഇവിടെ വേണം. വികസനത്തിന്റെ രാഷ്ട്രീയത ആരുടേത് തന്നെ ആയാലും ആ കാഴ്ചപ്പാട് ഇന്നും പ്രസക്തമാണ്.അഴിമതിയും സ്വജനപക്ഷപാദവും ഇല്ലാത്ത ഒരു ഭരണം ഇവിടെ ഉണ്ടാകണം. മതനിരപേക്ഷതയും ഫെഡറലിസവും സംരക്ഷിക്കുന്ന ഒരു ഭരണം ഇവിടെ ഉണ്ടാകണം. തൊഴിലില്ലായ്മ പരിഹരിക്കപ്പെടണം. അഴിമതി തുടച്ചു നീക്കപ്പെടണം. അഴിമതി എല്ലാകാലത്തും ഉണ്ടായിട്ടുണ്ട്; അത് ഇന്ത്യയിൽ മാത്രമായി കാണുന്ന ഒരു രോഗമല്ലതാനും. പക്ഷേ പരാമർശവിധേയമായ കാലത്ത് അഴിമതികളെ സംബന്ധിച്ച ആരോപണങ്ങളുടെ പരമ്പര ഏറെക്കുറെ അനുസ്യൂതമായി ഉയർന്നുകൊണ്ടിരുന്നു; ജനങ്ങൾ അവ വിശ്വസിക്കുകയും ചെയ്തു എന്നതാണ് ശ്രദ്ധേയമായ കാര്യം. രാഷ്ട്രീയം തൊഴിലാക്കിയ കുറെപേരെയല്ല നമുക്കാവശ്യം, എല്ലാവരും രാഷ്ട്രീയക്കാരാവുകയും അതേസമയം തൊഴിൽ ചെയ്ത് ജിവിക്കുന്നവരേയുമാണ്. അഴിമതി തടയാനും അനിവാര്യമാണ്. സാധാരണക്കാർ രാഷ്ട്രീയത്തിൽ നിന്നകലുന്നതിനുള്ള പ്രധാന കാരണവും മറ്റൊന്നല്ലല്ലോ. ജനാധിപത്യസംവിധാനത്തിന്റെ തകർച്ചക്കായിരിക്കും അത് കാരണമാകുക.

ഇതോടൊപ്പം തന്നെയാണ് രാഷ്ട്രീയക്കാരുടെ ഫാസിസ്റ്റ് പ്രവണതയും കടന്നുവരുന്നത്. ജനാധിപത്യമെന്ന് ഉദ്ഘോഷിക്കുമ്പോഴും നമ്മുടെ നേതാക്കളിലും സാധാരണ പ്രവർത്തകരിൽ പോലും കാണുന്നത് ഫാസിസ്റ്റ് പ്രവണതയാണ്. അവരുടെ ശരീരഭാഷ മുതൽ അതു കാണാം. രാഷ്ട്രീയമെന്നത് ഏറ്റവും മോശപ്പെട്ട ഒരു മേഖലയാണെന്നും അത് നമുക്ക് പറ്റിയതല്ല എന്നുമാണല്ലോ പൊതുവിൽ നിലനിൽക്കുന്ന ധാരണ. അതിനെ കൂടുതൽ ഊട്ടിയുറപ്പിക്കുന്ന സംഭവങ്ങൾ തന്നെയാണ് അരങ്ങേറുന്നത്. താൽക്കാലിക നേട്ടങ്ങൾക്കുവേണ്ടി രാഷ്ട്രീയം കളിക്കുന്നവർ മറക്കുന്നത് ആത്യന്തികമായി ഇതു ജീർണ്ണിപ്പിക്കുന്നത് ജനാധിപത്യസംവിധാനത്തെയാണ് എന്നതാണ്. ഭാവിയിൽ ഇതിനു കൊടുക്കേണ്ടിവരുന്ന വില വളരെ വലുതായിരിക്കും.

യുവജന പംക്തി

# വലിയ സമ്മാനം



ബിനു ജോസഫ്
വടശ്ശേരിക്കര

വിവാഹത്തിന് തയ്യാറാകുമ്പോൾ ഒരു ചോദ്യം സ്വയം ചോദിക്കണം, ഞാൻ വിവാഹം കഴിക്കുവാൻ പോകുന്ന എന്റെ പങ്കാളിക്ക് നൽകുവാൻ കഴിയുന്ന ഏറ്റവും വലിയ സമ്മാനം എന്താണ്? വേണമെങ്കിൽ ആത്മീകതയുടെ പ്രതീകമായ ഒരു ബൈബിൾ സമ്മാനിക്കാം ഇല്ലെങ്കിൽ ആധുനികതയുടെ പ്രതീകമായ ഒരു ടാബോ, മൊബൈലോ ആകാം..എന്നാൽ അതിലും വിലപ്പെട്ട സമ്മാനം എന്താണ്? ശുദ്ധമായ മനസ്സും പരിശുദ്ധമായ ശരീരവും അല്ലാതെ മറ്റെന്താണ്?

**ഇന്ന് പലരും**

ഇന്ന് പലരും വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നത് കുറ്റബോധത്തോടും നിരാശയോടുമാണ്, കാരണം ജീവിതപങ്കാളിക്ക് മാത്രമായി മാറ്റി വയ്ക്കേണ്ട ചിലത് എവിടെയോ നഷ്ടമായിരിക്കുന്നു- തിരിച്ചെടുക്കുവാൻ കഴിയാത്ത തരത്തിൽ. എല്ലാവർക്കും ഏറ്റവും നല്ലത് നൽകുക തന്നെയാണ് ആഗ്രഹം, നല്ലതു ലഭിക്കുവാൻ എളുപ്പവഴി സ്വയം ന ല്ലതാകുകയാണ്.

**ഇന്നത്തെ പ്രശ്നം**

ഇന്നത്തെ ഏറ്റവും വലിയ പ്രശ്നം നൈമിഷികതക്കുവേണ്ടി ഏറ്റവും വിലയേറിയത് പലരും നൽകുകയാണ്. "വിശന്നു വലഞ്ഞ പരുന്ത് ഉയരത്തിൽ നിന്ന് കണ്ടത് ഒരു പൂച്ച എന്തോ വില്ക്കുന്നതാണ്. ഒട്ടും താമസിക്കാതെ പറന്ന് താഴേക്ക് വന്നു. പൂച്ചയുമായി വിലപേശി അല്പം ഭക്ഷണ സാധനങ്ങൾ വാങ്ങി കഴിച്ചു. എന്നാൽ കഴിച്ചപ്പോൾ വീണ്ടും കഴിക്കാൻ തോന്നി. പണം ഇല്ലാത്തതിനാൽ ഓരോ തൂവൽ തന്നാൽ മതിയെന്ന് പൂച്ച പറഞ്ഞു. വയർനിറയെ കഴിച്ചപ്പോഴേക്കും തന്റെ തൂവലുകളിൽ നല്ലൊരു പങ്കും നഷ്ടപ്പെട്ടു.

ആ നഷ്ടബോധം ഉള്ളിലൊതുക്കി പറന്നുയരാൻ ശ്രമിച്ചപ്പോഴാണ് തനിക്ക് പറക്കാൻ കഴിയില്ലെന്ന സത്യം ബോധ്യമായത്. എന്നാൽ ഒന്നും സംഭവിച്ചില്ലെന്ന തോന്നലിൽ നടന്നു നീങ്ങാൻ ശ്രമിച്ചപ്പോഴേക്കും തക്കം പാർത്തു നിന്ന സൂത്രക്കാരൻ പൂച്ച പരുന്തിന്റെ മേൽ ചാടിവീണു. ഇങ്ങനെ പൂച്ചക്ക് ഉച്ചക്ക് കുശാലായ ഒരു ഊണും കിട്ടി. പരുന്തിന്റെ അന്ത്യവും ആയി.

ഇന്നത്തെ യുവജനങ്ങളിൽ പലരും പറന്നുയരുവാനുള്ള ചിറകുകൾ പലർക്കും പറിച്ച് നൽകി കഴിഞ്ഞു. ചിലർക്ക് പഠിക്കുവാനുള്ള ചിറകുകൾ നഷ്ടമായപ്പോൾ മറ്റു ചിലർക്ക് വിവാഹ ജീവിതത്തിനുള്ള ചിറകുകളാണ് നഷ്ടമായത്. അതും മടക്കി ലഭിക്കാൻ ആകാത്ത രീതിയിൽ. ഇനിയും വിധിയെ പഴിച്ചിട്ട് കാര്യം ഇല്ല. നഷ്ടപ്പെട്ടത് തിരികെ ലഭിക്കുക അസാധ്യം. നഷ്ടപ്പെടാതെ സൂക്ഷിക്കുകയാണ് ഉത്തമം.

യേശു പറഞ്ഞ ഉപമയിലെ ദ്രഹ്മപണം നഷ്ടപ്പെട്ട സ്ത്രീയെ പോലെയാണ് ഇന്ന് പലരും. നഷ്ടമായി എന്നത് സത്യം. കണ്ടെത്തുവാൻ പലർക്കും ആഗ്രഹം ഉണ്ടെങ്കിലും കഴിയുന്നില്ല. യഥാർത്ഥത്തിൽ അന്നത്തെ യഹൂദ വിവാഹങ്ങളിലെ ഒരു ചടങ്ങാണ് വിവാഹം നിശ്ചയിക്കപ്പെട്ട പെൺകുട്ടിക്ക് വിവാഹദിനം വരെ കാത്തുസൂക്ഷിക്കുവാൻ പെൺകുട്ടി ബാധ്യസ്ഥയാണ്. അതിൽ ഒന്ന് നഷ്ടപ്പെട്ടാൽ വിവാഹം മാറിപോകാം. കാരണം ഒരു ദ്രഹ്മ പണനഷ്ടം. ഒന്നാമതായി പെൺകുട്ടിയുടെ ഉത്തരവാദിത്വം ഇല്ലായ്മയെ കാണിക്കുന്നു. രണ്ടാമതായി അശ്രദ്ധ, സൂക്ഷ്മത കുറവ് എന്നിവയിലേക്കും മൂന്നാമതായി...വിവാഹത്തിനുള്ള താല്പര്യമില്ലായ്മയിലേക്കും വിരൽ ചൂണ്ടു

04

## എനിക്കും പറയാനുണ്ട്

# നമ്മൾ കാട്ടുന്നതെല്ലാം പൊങ്ങച്ചം



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

ഫേസ്ബുക്കിലൂടെ പ്രചരിക്കുന്ന ഒരു വാർത്ത ശരിക്കും പിടിച്ചുലയ്ക്കുന്നതായിരുന്നു. വാർത്തയിലെ യാഥാർത്ഥ്യം എത്രത്തോളം ശരിയാണെന്നറിയില്ല. വാർത്ത ശരിയാകരുതേ എന്നാണെന്റെ പ്രാർത്ഥന. യെമനിൽ നിന്നും തട്ടിക്കൊണ്ടുപോയ മലയാളി വൈദികൻ ഫാദർ ടോമിനെ ഐസിസ് ഭീകരർ പീഡിപ്പിച്ചുകൊല്ലുവാൻ പോകുന്നു എന്ന വാർത്ത ഒട്ടൊരു ഞെട്ടലോടെയാണ് കേട്ടത്. ഇറാഖിലും സിറിയയിലുമൊക്കെ ക്രിസ്ത്യാനികളെ കൊന്നൊടുക്കുന്ന വാർത്ത ദുഃഖത്തോടെയും ഞെട്ടലോടെയുമാണ് കേട്ടിരുന്നത്. ഐസിസ് ഭീകരരുടെ പിടിയിൽ ഒരു മലയാളി അകപ്പെട്ടപ്പോൾ അത് മറ്റൊരർത്ഥത്തിൽ മലയാളികളുടെ ദുഃഖമായി മാറുന്നു. അപ്പൊ. പ്രവ.12-ൽ യാക്കോബിനെ കൊന്ന ഹെരോദാ രാജാവ് പത്രോസിനെ കൊല്ലുവാൻ ശ്രമിക്കുന്ന സംഭവം വിവരിക്കുന്നുണ്ടല്ലോ. സഭയുടെ പ്രാർത്ഥനയാൽ പത്രോസിന് ദൈവം വിടുതൽ നൽകി. എന്നാൽ പിന്നീട് കർത്താവിനായി രക്തസാക്ഷിത്വം വഹിക്കുവാനാണല്ലോ പത്രോസിന് നിയോഗം ഉണ്ടായത്. ഇന്ത്യയിൽ വിദേശ മിഷനറിയായിരുന്ന ഓസ്ട്രേലിയക്കാരൻ ഗ്രഹാം സ്റ്റെയിൻസിനും മക്കളായ ഫിലിപ്പിനും തിമൊത്തിക്കും ഭവിച്ചത് നമ്മൾ മറന്നിട്ടുണ്ടാകില്ല. ഒരുവനേക്കുറിച്ചുള്ള ദൈവഹിതമാണ് പ്രധാനം എന്ന് ഞാൻ വിശ്വസിക്കുന്നു. എന്തുകൊണ്ട് പീഡകൾ ദൈവം അനുവദിക്കുന്നു എന്ന് ചോദിച്ചാൽ ഒരുത്തരം മാത്രമേയുള്ളൂ, ദൈവഹിതം. സിറിയയിലും മറ്റും ക്രിസ്ത്യാനികൾ എന്ന നാമം ഉള്ളതിനാൽ മാത്രം ജീവത്യാഗം ചെയ്യേണ്ടി വന്നവരുടെ എണ്ണം നൂറുകണക്കിനാണ്.

ഇതൊക്കെ പറയാൻ കാരണം മലയാളികളായ വിശ്വാസികളുടെ ജാഡയും അഹങ്കാരവുമാണ്. കർത്താവിനെ പോക്കറ്റിലിട്ട് പരിശുദ്ധാത്മാവിനെ വരുതിയിൽ നിർത്തി സകല കൊള്ളരുതായ്മകളും കാട്ടിക്കൂട്ടുന്നവർ. ആത്മീയത മറയാക്കി കൊള്ള നടത്തുന്നവർ, ഇവിടെ നിലനിൽക്കുന്നതൊന്നുമില്ല എന്ന് പ്രസംഗിച്ചിട്ട് കോടികൾ സമ്പാദിക്കുന്നവർ, കസേരയും പദവിയും നേടിയെടുക്കാൻ തരംതാണ കളികൾ നടത്തുന്നവർ, സെക്കുലർ രാഷ്ട്രീയക്കാർപോലും ചെയ്യുവാൻ അറയ്ക്കുന്ന തരംതാണ കളികൾ നടത്തുന്നവർ, ഗുണ്ടകളെ കൊണ്ടു നടക്കുകയും എതിർക്കുന്നവരെ തെറിവിളിച്ചും ഗുണ്ടകളെ ഉപയോഗിച്ച് ഭീഷണിപ്പെടുത്തുകയും ചെയ്യുന്നവർ. എന്നിട്ട് ആലയത്തിൽ വന്ന് അന്യഭാഷയിൽ പാടുകയും ആടുകയും ചെയ്യുന്നവർ ഇങ്ങനെ എത്രഎത്ര വിശേഷണങ്ങളാണ് ഇന്നത്തെ പെന്തെക്കോസ്തുകാർക്ക് യോജിക്കുന്നത്. യൂദയുടെ ലേഖനത്തിൽ പറയുന്ന "ഇവർ നിങ്ങളുടെ സ്നേഹസദ്യകളിൽ മറഞ്ഞുകിടക്കുന്ന പാറകൾ; നിങ്ങളോടുകൂടെ വിരുന്നു കഴിഞ്ഞ് ഭയം കൂടാതെ തങ്ങളെത്തന്നെ തീറ്റുന്നവർ; കാറ്റു കൊണ്ട് ഓടുന്ന വെള്ളമില്ലാത്ത മേഘങ്ങൾ; ഇലകൊഴിഞ്ഞും ഫലമില്ലാതെയും രണ്ടുവട്ടം ചത്തും വേരറ്റും പോയ വൃക്ഷങ്ങൾ; തങ്ങളുടെ നാണക്കേട് നുരച്ചുതള്ളുന്ന കൊടിയ കടൽത്തിരകൾ; സദാകാലത്തേക്കും അന്ധതമസ്സു സൂക്ഷിച്ച് വെച്ചിരിക്കുന്ന വക്രഗതിയുള്ള നക്ഷത്രങ്ങൾ തന്നെ (യൂദാ.12,13).

ഇത് ആധുനിക മലയാളി പെന്തെക്കോസ്തർക്ക് യോജിക്കും എന്നാണെന്റെ ചിന്ത. മർക്കൊസ് 14-ാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്ന രണ്ടു വിഷയങ്ങൾ വളരെ ശ്രദ്ധേയമായി എനിക്കു തോന്നിയിട്ടുണ്ട്. ഒന്നാമത്തെ സംഭവം യേശുവിനായി തന്റെ മുഴുസമ്പാദ്യമായ സ്വച്ഛജഢമാംസി തൈലം ഉപയോഗിക്കുന്ന ഒരു സ്ത്രീയുടെ കഥ. മുന്നൂറു വെള്ളിക്കാശിലധികം വിലയുള്ളത് അവൾ യേശുവിനായി അർപ്പിച്ചു (മർക്കൊസ് 14:3). എന്നാൽ 10,11 വാക്യങ്ങളിൽ ഇതിൽ നിന്നെല്ലാം വ്യത്യസ്തവും ദുഃഖകരവുമായ ഒരു കാഴ്ച കാണാം. മൂന്നരവർഷങ്ങൾ യേശുവിനോടൊപ്പം നടന്ന യൂദാ വെറും മുപ്പതുവെള്ളിക്കാശിനുവേണ്ടി യേശുവിനെ ഒറ്റിക്കൊടുക്കുന്ന സംഭവമാണിത്. എത്ര വിരോധാഭാസം. ഒരു വശത്ത് തങ്ങൾക്ക് വിലയേറിയത് ക്രിസ്തുവിനായി സമർപ്പിക്കുന്നവർ. മറുവശത്ത് നിസാര ലാഭത്തിനായി ക്രിസ്തുവിനെ വിൽക്കുന്നവർ. മലയാളി പെന്തെക്കോസ്തിലും ഇന്ന് ഇതുതന്നെയാണ് സംഭവിക്കുന്നത്. താല്ക്കാലിക ലാഭത്തിനായി പ്രാണപ്രിയനെ ഒറ്റിക്കൊടുക്കുകയാണ്. നമുക്കൊരു മടങ്ങി വരവ് ആവശ്യമല്ലേ. ഇവിടെ കസേരയ്ക്കായി കടിപിടി കൂട്ടുമ്പോൾ, തോട്ടങ്ങൾ സമ്പാദിക്കുമ്പോൾ നാം ക്രിസ്തുവിനെ ഒറ്റിക്കൊടുക്കുകയല്ലേ. ബില്ലി ഗ്രഹാമിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. അമേരിക്കയിലെ ജനങ്ങളുടെ അധാർമ്മിക ജീവിതം കണ്ട് താൻ പറഞ്ഞത് ഇപ്രകാരമാണത്രേ "നീതിമാനായ ദൈവം അമേരിക്കയെ ന്യായം വിധിക്കുന്നില്ലെങ്കിൽ സോദോമിനോടും ഗോമോറയോടും ക്ഷമ ചോദിക്കേണ്ടി വരും" അതിപ്രകാരം തിരുത്തേണ്ടി വരും ദൈവം പെന്തെക്കോസ്തുകാരെ ന്യായം വിധിച്ചില്ലെങ്കിൽ.... നമുക്കും വേണം ഒരു മാനസാന്തരം

## വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

അവൻ സ്വർഗ്ഗാരോഹണം ചെയ്തു പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്ത് ദൈവമക്കൾക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു. റോമ.8:34, എബ്രാ:1:3, 12:2. മരണമല്ല ഉയിർത്തെഴുന്നേല്പാണ് ക്രിസ്തുമാർഗ്ഗത്തിന്റെ അവസാനവാക്ക്, ക്രൂശിലല്ല കീരിടത്തിലാണ് ക്രിസ്തുവാണ് അവസാനിക്കുന്നത്. സന്ധ്യയിൽ ആരംഭിച്ച് ഉഷസ്സിൽ ഉപസംഹരിക്കുന്ന മാർഗ്ഗമാണ് ക്രിസ്തുമാർഗ്ഗം.

മൂന്നാം അദ്ധ്യായത്തിന്റെ ഒടുവിലത്തെ ഭാഗം ഒരു സ്തുതി ഗീതമാണ്, പൗലോസിന്റെ മറ്റു പല പുതിയ നിയമ എഴുത്തുകാരുടെ ലേഖനങ്ങളിൽ ഈ പ്രത്യേകത കാണുവാൻ കഴിയും. ഇപ്രകാരം ഒരു സ്തുതി നൽകിയത് പുരാതന മിസ്രയീമ്യരുടെ ഇടയിൽ രാജാക്കന്മാരെ വാഴിക്കുമ്പോൾ ചില പ്രത്യേക കാര്യങ്ങൾ ചെയ്തിരുന്നു, അവ സിംഹാസനം ഉയർത്തൽ, ഭയഭക്തിപൂർവ്വമുള്ള ഈ ചടങ്ങിൽ പുതിയ രാജാവ് ദൈവീക ഗുണങ്ങളും മൂല്യങ്ങളും സ്വീകരിക്കുന്നു എന്നാണ് കരുതുന്നത്, അർപ്പണം, ദിവ്യനായിത്തീർന്ന രാജാവിനെ ദേവരാജാവിനെ ഭരണാധിപനായി അവരോധിക്കുന്നു എന്നും ഈ ചടങ്ങുകളുടെ ചുവടു പിടിച്ചായിരിക്കാം ഇങ്ങനെ ഗീതം പാടുകയും പുകഴ്ത്തുകയും ചെയ്യുന്നത്. ഇവിടെ എഴുത്തുകാരനായ പൗലോസ് ആദിമ സഭ നൽകിയിരിക്കുന്നത്.

അവൻ ജഡത്തിൽ വെളിപ്പെട്ടു ആത്മാവിൽ നീതീകരിക്കപ്പെട്ടു, ദൂതന്മാർക്കു പ്രത്യക്ഷനായി, ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു, ലോകത്തിൽ വിശ്വസിക്കപ്പെട്ടു, തേജസ്സിൽ എടുക്കപ്പെട്ടു. ഇതിലെ സന്ദേശം ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിന്റെ പൂർവ്വാസ്തിക്യത്താലും ദൈവാസ്തിക്യത്താലും ഉയർത്തപ്പെട്ടു. ക്രിസ്തുവിന്റെ കർത്തൃത്വം സകലർക്കും വെളിപ്പെടുത്തപ്പെടുന്നു. വിശ്വസിക്കുന്നവരുടെയും വിശ്വസിക്കാത്തവരുടെയും രാജാധിരാജാവായി ക്രിസ്തു അവരോധിക്കപ്പെടുന്നു. യേശുക്രിസ്തുവിന്റെ സുവിശേഷം സ്ഥലകാലഭേദങ്ങളെ അതിലംഘിക്കുന്നതാണ്, അത് സർവ്വലോക വ്യാപകമാണ്, നിത്യമാണ് ജാതി വർഗ്ഗ വർണ്ണങ്ങൾക്കു അതീതമാണ്. ക്രിസ്തുമാർഗ്ഗത്തിന്റെ മർമ്മം വലിയത്, പ്രസംഗത്തിൽ കൂടിയായാലും ജീവിതത്തിൽ കൂടിയായാലും യേശുക്രിസ്തു പ്രതിബിംബിക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്യണം, അവനാണ് സുവിശേഷത്തിന്റെ പ്രമേയം, അവനാണ് സുവിശേഷം ഫിലിപ്പ്യലേഖനത്തിൽ പൗലോസ് പറയുന്നു, സകല മുഴങ്കാലും അവന്റെ മുമ്പിൽ മടങ്ങും, സകലനാവും പാടും യേശു മാത്രം കർത്താവ്, അതാണ് സുവിശേഷത്തിന്റെ ലക്ഷ്യവും ഉദ്ദേശവും.



മൂന്നാം അദ്ധ്യായത്തിന്റെ ഒടുവിലത്തെ ഭാഗം ദൈവഭക്തിയുടെ മർമ്മം എന്ന പ്രയോഗം കാണുവാൻ കഴിയും. എന്താണ് ദൈവഭക്തി? ഭക്തി എന്നതിന്റെ ലളിതമായ ആശയം ആദരവ് ബഹുമാനം എന്നൊക്കെ പറയാം. ഭക്തി എന്നതിനെ പലതിനോടു ബന്ധപ്പെടുത്തുവാൻ കഴിയും. യേശുക്രിസ്തു ജഡത്തിൽ പ്രത്യക്ഷപ്പെട്ടു, ബേത്‌ലഹേമിൽ മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിനായി ജനിച്ചു യെന്നത് സത്യമായ ദൈവഭക്തിയാണ്

ഭക്തി എന്നതിനെപ്പറ്റി ചിന്തിക്കുമ്പോൾ പലതരത്തിലുള്ളതായി കാണാം, ദേശഭക്തി, രാജ്യഭക്തി, കപടഭക്തി, ദൈവഭക്തി ഇവയിൽ ദൈവഭക്തി ഒരു മർമ്മമായിട്ടാണ് പ്രസ്താവിച്ചിരിക്കുന്നത്. വിശുദ്ധ ബൈബിളിൽ ദൈവഭക്തി ചിലപ്പോൾ യഹോവഭക്തിയായിട്ടാണ് പറഞ്ഞിരിക്കുന്നത്. ഇംഗ്ലീഷിൽ ഫിയർ ഓഫ് ദാ ലോഡ് (Fear of the Lord) എന്നും പറയുന്നു. യഹോവ ഭക്തിയെക്കുറിച്ച് തിരുവെഴുത്തിൽ ധാരാളം പരാമർശങ്ങൾ ഉണ്ട്, അവയിൽ ചിലത് താഴെ പറയുന്നു.

**യഹോവഭക്തി, സദൃശ്യ: 23:17, Fear of the Lord**

1. യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭം ആകുന്നു, സദൃശ്യ: 1:7
2. യഹോവഭക്തി ദോഷത്തെ വെറുക്കു ന്നതാകുന്നു, സദൃശ്യ: 23:17
3. യഹോവഭക്തി ആയുസ്സിനെ ദീർഘമാക്കുന്നു, സദൃശ്യ: 8:13
4. യഹോവഭക്തി ഉള്ളവന് വലിയ ആത്മധൈര്യം (വിശ്വാസം) ഉണ്ട്, സദൃശ്യ: 14:26
5. യഹോവഭക്തി ജീവന്റെ ഉറവാകുന്നു, സദൃശ്യ: 14:27
6. യഹോവഭക്തിയോടു കൂടിയ അല്പധനം ഏറ്റവും നല്ലത്, സദൃശ്യ: 15:16
7. യഹോവഭക്തി ജ്ഞാനോപദേശമാകുന്നു, സദൃശ്യ: 15:33
8. യഹോവഭക്തി കൊണ്ട് മനുഷ്യർ ദോഷം വിട്ടുമാറുന്നു, സദൃ ശ്യ: 10:6
9. യഹോവഭക്തി ജീവഹേതുകമാകുന്നു, സദൃശ്യ: 19:23
10 യഹോവഭക്തിയുടെ പ്രതിഫലം ധനവും മാനവും ജീവനും ആകുന്നു, സദൃശ്യ: 22:4

ദൈവഭക്തിയുടെ മർമ്മം എന്നു പറയുമ്പോൾ അതിൽ സ്വഭാവ ദാർഢ്യം (Integrity) എന്ന ആശയമാണ്, ഒരു വ്യക്തിയുടെ വ്യക്തിത്വത്തിലെ നിർണ്ണായക ഘടകമാണ് അദ്ദേഹത്തിന്റെ സ്വഭാവദാർഢ്യം. കഷ്ടതയിലും കൈവിടാത്ത കറകളഞ്ഞ ദൈവീകഭക്തിയുടെ പ്രതീകമാണ് സ്വഭാവദാർ ഢ്യം. മാനവും പണവും മക്കളും എല്ലാം നഷ്ടപ്പെട്ടപ്പോഴും ദൈവഭക്തിക്കു കോട്ടം വരാതെ സൂക്ഷിച്ചവനാണ് ഇയ്യോബ് എന്ന ഭക്തൻ. 16-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രശസ്ത എഴുത്തുകാരനായിരുന്നു ഫ്രാൻസീസ് ബേക്കൺ പ്രസ് താവിച്ചിരിക്കുന്നത്. പണം നഷ്ടപ്പെട്ടാൽ അതൊരു നഷ്ടമല്ല, ആ രോഗ്യം നഷ്ടപ്പെട്ടാൽ അല്പനഷ്ടമുണ്ട്, എന്നാൽ സ്വഭാവം നഷ്ടപ്പെട്ടാൽ എല്ലാം നഷ്ടപ്പെടും.(If wealth is lost, Nothing is lost, If health is lost, something is lost, If

– തുടർച്ച –

Character is lost, everything is lost).

പൗലോസ് പറയുന്നത് ദൈവഭക്തിയുടെ മർമ്മം എന്നാണ്, എന്താണ് എഴുത്തുകാരൻ ഉദ്ദേശിക്കുന്നത് യേശുക്രിസ്തു മനുഷ്യനെ വീണ്ടെടുക്കുവാൻ ഒരുക്കിയ പദ്ധതി ഒരു മർമ്മമാണ്. മർമ്മം എന്നാൽ വെളിപ്പെടാത്തത്, രഹസ്യമായിട്ടുള്ളത്, പ്രധാനപ്പെട്ടത് എന്നിങ്ങനെ വ്യാഖ്യാനിക്കാം. ഇവിടെ ദൈവഭക്തിയുടെ മർമ്മം എന്നു പറയുമ്പോൾ ദൈവഭക്തി വലിയ ധനമായിട്ടാണ് കാണുന്നത്. എന്നാൽ മറ്റൊരു ഭാഗത്ത് ദൈവഭക്തി ആദായസൂത്രം എന്നു വിചാരിക്കുന്നു, അലംഭാവത്തോടു കൂടിയ ദൈവഭക്തി വലുതായ ആദായം ആകുന്നു എന്നും, 1തിമൊ:6:6-7.

പുതിയനിയമത്തിൽ പറഞ്ഞിരിക്കുന്ന മർമ്മങ്ങളുടെ വേദഭാഗങ്ങൾ താഴെ പറയുന്നതാണ്-

1. ദൈവരാജ്യത്തിന്റെ മർമ്മം, മത്താ:13:19-50
2. വിശുദ്ധന്മാരുടെ രൂപാന്തരം എന്ന മർമ്മം, 1കൊരി:15:51-52
3. ദൈവഹിതത്തിന്റെ മർമ്മം, എഫെ:1:9-10
4. ക്രിസ്തുവിന്റെ ശരീരമായ സഭ എന്ന മർമ്മം, എഫെ:3:1
5. ക്രിസ്തുവിന്റെ മണവാട്ടിയായ സഭ എന്ന മർമ്മം, എഫെ:5:32
6. സുവിശേഷത്തിന്റെ മർമ്മം, എഫെ:6:19
7. ക്രിസ്തു നിങ്ങളിൽ എന്ന മർമ്മം, കൊല:1:26-27
8. ക്രിസ്തുവെന്ന ദൈവമർമ്മം, കൊല:2:2
9. ദൈവജ്ഞാനത്തിന്റെ മർമ്മം, 1കൊരി:2:7
10. അധർമ്മത്തിന്റെ മർമ്മം, 2തെസ്സ:2:7
11. യിസ്രായേലിന്റെ കാഠിന്യം എന്ന മർമ്മം, റോമ:11:25
12. ഏഴ് നക്ഷത്രത്തിന്റെ മർമ്മം, വെളി:1:20
13. മഹതിയാം ബാബിലോൺ എന്ന മർമ്മം, വെളി:17:5-7

(തുടരും)

## ചോദ്യോത്തരവേദി

# ദൈവരാജ്യം കടുകുമണിയും പുളിച്ചമാവുമാകുന്നതെങ്ങനെ?



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

*ചോദ്യം:* ദൈവരാജ്യം കടുകുമണിയോടും പുളിച്ചമാവിനോടും (ലൂക്കോസ് 13:18–21) യേശു സാദൃശ്യപ്പെടുത്തി. വിശദീകരിക്കുക.

**– ജേക്കബ് ചെറിയാൻ, ചങ്ങനാശ്ശേരി**

*ഉത്തരം:* യേശുവിന്റെ സാക്ഷിയായി, ഒരു വ്യക്തിയോടെങ്കിലും യേശുവിനെ വാക്കുകൊണ്ടോ പ്രവർത്തികൊണ്ടോ വെളിപ്പെടുത്തുമ്പോൾ, ചെറിയ തുടക്കത്തിൽ നിന്ന് അനേകർ അറിഞ്ഞ് വിശ്വാസികളുടെ ഒരു വലിയ ജനസമൂഹമായി മാറുന്നതാണ് സുവിശേഷവേലയുടെ രീതി. ദൈവരാജ്യത്തിൽ കൂടുതൽ അംഗങ്ങളുണ്ടാകുന്നത് ഈ സാദൃശ്യത്തിൽകൂടി യേശു വെളിപ്പെടുത്തിയതാണ്. കടുകുമണി പൊട്ടിമുളച്ച് ചെടിയായി അനേകം കടുകുമണി ഉണ്ടാകുകയും അല്പം മാവ് പുളിപ്പിച്ചാൽ ബാക്കി മാവും പുളിക്കുമല്ലോ! ഇക്കാലത്തെ മർട്ടി–ലെവൽ മാർക്കറ്റിങ്ങ്പോലെയാണ് ദൈവരാജ്യത്തിൽ കൂടുതൽ അംഗങ്ങളുണ്ടാകുന്നത്.

മലയാള സാഹിത്യകാരനായ പെരുമ്പടവം ശ്രീധരൻ യേശുവിനെ സ്നേഹിക്കാൻ തുടങ്ങിയത്, 40 പതിപ്പുകൾ വിറ്റുതീർന്ന **'ഒരു സങ്കീർത്തനംപോലെ'** എന്ന പുസ്തകം എഴുതാൻ കാരണം, റഷ്യൻ സാഹിത്യകാരനായ **ഫിയഡർ ഡോസ്റ്റാവ്സ്കി**യുടെ കൃതികൾ വായിച്ചാണ്. **ഡോസ്റ്റാവ്സ്കി** ക്രിസ്തുവിനെ കണ്ടുമുട്ടിയത് എങ്ങനെയാണ് എന്ന് നോക്കാം.

റഷ്യൻ ചക്രവർത്തിയായിരുന്ന **സാർ നിക്കോളാസിന്റെ** ഭരണത്തിനെതിരെ പ്രവർത്തിച്ചു എന്ന കുറ്റത്തിന് യുവാവായിരിക്കുമ്പോൾ **ഡോസ്റ്റാവ്സ്കിയെ** ജയിലിലടച്ചു. ചക്രവർത്തിക്കെതിരായ വധശ്രമവും രാജ്യദ്രോഹക്കുറ്റവും അദ്ദേഹത്തിൽ ചുമത്തപ്പെട്ടു. അദ്ദേഹത്തെപ്പോലെ അനേകം ചെറുപ്പക്കാർ അന്ന് ജയിലിലടയ്ക്കപ്പെട്ടു. അവസാനം അവരുടെ വിധി നിശ്ചയിക്കപ്പെട്ടു. എല്ലാവരെയും പരസ്യമായി വെടിവെച്ചുകൊല്ലുന്നതിനുള്ള ഉത്തരവ് ജയിലിൽ വന്നു. വെള്ളത്തുണി പുതപ്പിച്ച് കൈകൾ പുറകിൽ കെട്ടി ജനങ്ങൾക്ക് കാണത്തക്ക രീതിയിൽ പരസ്യമായി വെടിവെച്ച് കൊല്ലേണ്ട സ്ഥലത്തേക്ക് ഇവരെ നടത്തികൊണ്ടുപോയി.

കൊല്ലാൻവേണ്ടി അവരെ നിരത്തിനിറുത്തിയപ്പോഴാണ് ചക്രവർത്തിയുടെ അടുത്ത വിധിയുമായി കുതിരപട്ടാളക്കാർ എത്തിയത്. അടുത്ത നിമിഷം വെടിയൊച്ച കേൾക്കാൻ വേണ്ടി നിന്ന ചെറുപ്പക്കാർ ചക്രവർത്തിയുടെ പുതിയ വിധി കേട്ടു: 'കൊല്ലുന്നതിന് പകരം അതികഠിനമായ തണുപ്പുള്ള പ്രദേശമായ സൈബീരിയയിൽ പത്തുവർഷത്തേക്ക് കഠിന തടവിനു ശിക്ഷിച്ചിരിക്കുന്നു' എന്നുള്ളത്. അത്യന്തം വൈകാരികമായ ഇത്രയും സംഭവങ്ങൾ ചില നിമിഷങ്ങൾക്കുള്ളിൽ സംഭവിച്ചതിനാൽ രണ്ടുപേർക്ക് സുബോധം നഷ്ടപ്പെട്ട് ഭ്രാന്തുപിടിച്ചു. ഒരാൾ ഹൃദയസ്തംഭനത്താൽ മരിച്ചുവീണു. ചിലർ ചക്രവർത്തിയെ വാഴ്ത്തി.

ഡോസ്റ്റാവ്സ്കി അടക്കമുള്ള ബാക്കി തടവുകാരെയും കൂട്ടി പട്ടാളക്കാർ സൈബീരിയായിലേക്കുള്ള കാൽനട യാത്ര ആരംഭിച്ചു. ഈ യാത്രയ്ക്കിടയിൽ ഒരു പെൺകുട്ടി ഒരു ചെറിയ പൊതിക്കെട്ടുമായി ഡോസ്റ്റവ്സ്കിയുടെ അടുത്തേക്ക് ഓടി വന്നു. പൊതിക്കെട്ടു ഡോസ്റ്റവ്സ്കിക്ക് കൊടുത്തു. ഡോസ്റ്റവ്സ്കിയുടെ നടപ്പുകണ്ട് ദയ തോന്നിയ പെൺകുട്ടി അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞു. 'ഇതൊരു ബൈബിളാണ്'. ബൈബിളിനകത്തു ഒരു പത്തു റൂബിളിന്റെ കറൻസിനോട്ട് വച്ചിട്ടുണ്ട്. ജയിലിലെ ആവശ്യങ്ങൾ വേണ്ടിയാണ്.

കഠിനമായ സൈബിരിയായിലെ കാരാഗ്രഹവാസത്തിൽ ഡോസ്റ്റാവ്സ്കിയുടെ ഏക ആശ്വാസം പുതിയനിയമം വായിക്കുന്നതിലായി. കർത്താവും കർത്താവിന്റെ വചനങ്ങളും അദ്ദേഹത്തിന്റെ ഹൃദയത്തിൽ ആഴ്ന്നിറങ്ങി. മറ്റുള്ള തടവുകാർ സ്വന്തം വിധിയെ ശപിച്ച് പ്രത്യാശയില്ലാതെ ജീവിച്ചപ്പോൾ ഡോസ്റ്റാവ്സ്കി മറ്റൊരാളായി മാറിക്കഴിഞ്ഞിരുന്നു. സ്വഭാവത്തിൽ വന്ന മാറ്റം കാരണം അദ്ദേഹത്തിന്റെ കഠിന തടവ് സാധാരണ തടവാക്കി ജയിലധികൃതർ മാറ്റിക്കൊടുത്തു. പത്തുവർഷത്തെ ജയിൽവാസം കഴിഞ്ഞ് പുറത്തിറങ്ങിയ ഫിയഡോർ ഡോസ്റ്റവ്സ്കിയെ പിന്നെ ഭരിച്ചത് മനുഷ്യനിൽ ദൈവവിശ്വാസവും ധാർമ്മീകബോധവും വളർത്തുന്നതിലായിരുന്നു. അദ്ദേഹത്തിന്റെ പുസ്തകങ്ങളായ 'കാരമോവ് സഹോദരന്മാർ' 'കുറ്റവും ശിക്ഷയും' ലോകസാഹിത്യത്തിൽ ഏറ്റവും ഉന്നതിയിൽ നില്ക്കുന്നു. ലോകത്തിൽ അനേകംപേർ യേശുവിനെ അറിഞ്ഞത് ഡോസ്റ്റവ്സ്കിയിൽ കൂടിയായിരുന്നു. അതിന് കാരണം ഒരു ചെറിയ പെൺകുട്ടിയുടെ അവസരോചിതമായ പ്രവർത്തനമായിരുന്നു. ദൈവസന്നിധിയിൽ നാം നിൽക്കുമ്പോൾ, കർത്താവിന്റെ ന്യായമായ വിധി നാം കേൾക്കുമ്പോൾ, ഈ പെൺകുട്ടിയുടെ പ്രതിഫലം അന്ന് നമ്മൾക്ക് കാണാം. 'ആകയാൽ എന്റെ പ്രിയ സഹോദരന്മാരെ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും ആയിരിക്കുവീൻ: **നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല** എന്ന് അറിഞ്ഞിരിക്കുന്നതിനാൽ കർത്താവിന്റെ വേലയിൽ എപ്പോഴും അഭിവൃദ്ധി പ്രാപിച്ചവരും ആയിരിക്കുവീൻ' (1 കൊരി.15:58).

## 02 യുവജന പംക്തി.......

ന്നു. ഇന്നും ഇത്തരക്കാരണ് പലരും. വിലയേറിയ പലതും നഷ്ടമാക്കിയവർ. ചിലർക്ക് നഷ്ടമായത് സ്നേഹിക്കാനുള്ള കഴിവാകാം. മറ്റ് ചിലർക്ക് സന്തോഷം. വേറെ ചിലർക്ക് സമാധാനം, വിശുദ്ധി. 10 ദ്രഹ്മകളെ ഓരോ സ്വഭാവഗുണങ്ങളായി കരുതിയാൽ ചിലർക്ക് 10ഉം നഷ്ടമായി കാണാം. ഒരു സ്വയപരിശോധനക്കായി ശ്രമിക്കുന്നത് നന്നാണ്.

**അല്പം സൂക്ഷിച്ചാൽ**

സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട എന്നതാണ് പ്രധാനം. കുടുംബ ജീവിതത്തിനായി മാറ്റിവയ്ക്കേണ്ട ഒന്നാണ് ലൈംഗീകത. അത് നന്നായി മനസിലാക്കിയാൽ പല പ്രശ്നങ്ങളും ഒഴിവാകും. സുഹൃദ്ബന്ധങ്ങൾ ഊട്ടി ഉറപ്പിക്കുവാനുള്ള ഒന്നല്ല ലൈംഗീകത. ഇന്നത്തെ പല സുഹൃത്ത് ബന്ധങ്ങളും ലൈംഗീകതയിലാണ് നിൽക്കുന്നത്. പരിണിത ഫലമോ വിലപ്പെട്ട തൂവലുകൾ നഷ്ടപ്പെട്ട പരുന്തിനെപോലെ–അവസാനം അടിയറവ് വെയ്ക്കുക തന്നെ അന്ത്യം. ഇന്നത്തെ പല കുടുംബ പ്രശ്നങ്ങളുടെയും ആരംഭവും ഇത്തരം അതിരുവിട്ട സുഹൃദ്ബന്ധങ്ങളാണ്. ബൈബിൾ ഓർപ്പിക്കുന്നു; "നിങ്ങൾ ദൈവത്തിന്റെ മന്ദിരം ആകുന്നു. ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു" ഈ ആലയത്തെ വിശുദ്ധിയിൽ സൂക്ഷിക്കുവാൻ നാം ആവോളം ഉത്സാഹിക്കണം.

**മടങ്ങിവരവ് സാധ്യം**

പലരും തെറ്റുകളിൽ നിന്ന് തെറ്റുകളിലേക്ക് പോകുന്നവരാണ്. മടങ്ങിവരുവാൻ ആഗ്രഹം ഉള്ളവരെയും അതിനായി പരിശ്രമിക്കുന്നവരെയും സഹായിക്കുവാൻ ദൈവം കൂടെയുണ്ട്. തെറ്റുകൾ മാനുഷികമാണ്, അതിൽ തുടരുന്നത് പൈശാചികവും എന്ന വിശുദ്ധ അഗസ്റ്റിന്റെ വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്.

പാപം എപ്പോഴും വാതിലിൽ തന്നെയുണ്ട്. അതിന്റെ ആഗ്രഹം നമ്മെ കീഴ്പെടുത്തുക എന്നതാണ്. ഒരു പക്ഷേ ഇപ്പോൾ കയ്യെത്തും ദൂരത്തോ മൊബൈലിലോ എല്ലാം പാപം വിവിധ വേഷങ്ങളിൽ കിടക്കുന്നുണ്ട്. ഇതിനെ അതിജീവിക്കുവാൻ സ്വന്തശ്രമം മാത്രം പോരാ: ബലഹീനതയിൽ തികഞ്ഞുവരുന്ന ദൈവകൃപ ആണ് അത്യാവശ്യം. ജീവിതത്തിൽ വരുന്ന വീഴ്ചകളെ തിരുത്തി മുന്നോട്ട് പോകുവാൻ തീരുമാനിക്കണം. ഹൃദയത്തിൽ യേശുവിന് മുഖ്യസ്ഥാനം നൽകണം. ദൈവവചന വായന, പ്രാർത്ഥന, ആത്മീക കൂട്ടായ്മ ഇവയ്ക്ക് പ്രാധാന്യം നൽകണം.

ജീവിതത്തിലെ തെറ്റുകളെ യേശുവിനോട് ഏറ്റ് പറഞ്ഞ് ഉപേക്ഷിക്കുവാൻ തയ്യാറാണെങ്കിൽ യേശു നമ്മുടെ പാപങ്ങളെ ക്ഷമിക്കുവാനും നമ്മെ വിശുദ്ധീകരിക്കുവാനും വിശ്വസ്തനും നീതിമാനുമാണ് എന്ന് വചനം നമുക്ക് ഉറപ്പ് തരുന്നു. **(തുടരും..)**

## 10 ആധുനികതയിലെ ക്രിസ്തീയ....

സ്തീയ വ്യക്തിത്വത്തിന് ഉടമയാകുക. ആധുനീക വേഷഭൂഷാദികൾ ക്രിസ്തീയ വ്യക്തിത്വത്തിന് ഭൂഷണമല്ല. കാളവണ്ടിചക്രം പോലുള്ള വളയങ്ങൾ ഇരുചെവികളിലും ഇട്ട് ഇലാസ്റ്റിക് ജീൻസും സ്കിന്നി ജീൻസും, സ്ട്രെയിറ്റ് കട്ട് ജീൻസും, ബൂട്ട് കട്ട് ജീൻസും തേടുന്ന സ്ലീവ്ലെസ്സിൽ ആയുസ്സ് നശിപ്പിക്കുന്ന പെൺകുട്ടികളെപ്പോലെയും ഒരു ചെവിമുതൽ കവിളും താടിയും കടന്ന് മറ്റു ചെവിവരെ എത്തുന്ന രേഖാംശരേഖ, അക്ഷാംശരേഖ, ഭൂമധ്യ രേഖ പോലെയുള്ള നടുവിൽ കടന്നാൽ കടന്നൽ കൂടുപോലെ ഊശാൻ താടിയും ഉള്ളവരെപ്പോലെ നാം ആകരുത്. വൃത്തികെട്ട ഫാഷനിലേക്ക് ഒരു മോട്ടിവേഷൻ ഉണ്ടാകുന്നത്. പകരം ഒരു ഫാഷൻ ആവേശം ക്രിസ്തുവിനായുണ്ടാകണം. ഒരു കൈയിൽ കത്തിയും മറുകൈയിൽ കല്പിത വചനമായ ബൈബിളും ഉണ്ടാകരുത്. കുരിശു വരയ്ക്കാത്ത നാം മറ്റുള്ളവർക്ക് ഒരു കുരിശാകരുത്. കുരിശിൽ കയറ്റുകയോ ചെയ്യരുത്. ഒറ്റികൊടുക്കലിന്റെ 30 വെള്ളിക്കാശിന് വിൽക്കപ്പെട്ട ഒരു യോസഫ് ആയിത്തീരുക.

ഒരു ക്രിസ്ത്യാനിക്ക് ക്രിസ്തു പഠിപ്പിക്കാത്തത് വേണ്ട. അപ്പോസ്തലന്മാർ ഉപദേശിക്കാത്തത് തിരസ്കരിക്കുക. അനുഭവങ്ങൾ, സംവേദങ്ങൾ, ചരിത്രങ്ങൾ ഇവ ഉപദേശം ആക്കരുത്. ചരിത്ര സംഭവങ്ങൾ അറിവിന് വേണ്ടിയും ഉപമകൾ വിഷയം ഗ്രഹിക്കുന്നതിനും വെളിപ്പാടുകൾ മറഞ്ഞിരിക്കുന്നവ മനസ്സിലാക്കുന്നതിനും ആണെങ്കിൽ ഉപദേശങ്ങൾ ക്രിസ്തീയ ജീവിത നിലനിൽപ്പിനും, ക്രിസ്തു എന്ന തലയോളം വളരുന്നതിനും ദുരുപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആകാതിരിപ്പാനും വേണ്ടിയാണ്. ഉപദേശമലിനീകരണം സംഭവിക്കാതിരിക്കുവാൻ ജാഗ്രതയോടെ ആയിരിക്കുക.

ആധുനീകതയിലെ നൂതന ക്രിസ്തീയ പരിവേഷങ്ങളോട് വിടപറയുക അവയെ താലോലിക്കരുത് വേദപുസ്തക ഉപദേശങ്ങളും പിതാക്കന്മാർ കാണിച്ച നല്ല മാതൃകകളും പിൻപറ്റുക. നിത്യതയിലെ വാസത്തിനായി ആത്മീകജീവിതം നയിക്കുക.

## 12 അത്യുഷ്ണത്താൽ....

ർഗമിക്കുന്ന വാതകം, കാർബൺഡയോക്സൈഡ് ശേഖരിച്ചുവെയ്ക്കുന്ന മരങ്ങളുടെയും മണ്ണിന്റെയും നശീകരണം എന്നിവയാണ് പ്രധാന കാരണം. ഭൂമിയിൽ വർദ്ധിച്ചിട്ടുള്ള ഉഷ്ണത്തിന് ഒരു കാരണം ഓസോൺ പാളികളുടെ ശോഷണമാണെന്ന് പറയാം. ജനസംഖ്യ വൃക്ഷ അനുപാതം കുറയുന്നതും അത്യുഷ്ണം വർദ്ധിക്കുന്നതിന് കാരണമാകുന്നു. ജനസംഖ്യ വർദ്ധിക്കുന്നതിനനുസരിച്ച് അവർക്ക് ശ്വസിക്കുന്നതിനാവശ്യമായ ശുദ്ധമായ വായു നൽകുന്ന വൃക്ഷങ്ങൾ വർദ്ധിക്കുന്നില്ല എന്നത് ഉഷ്ണം വർദ്ധിക്കുന്നതിന് കാരണമായിത്തീരുന്നു.

എന്നാൽ ഇന്ന് അനുഭവപ്പെടുന്ന അമിത ചൂടിന് പ്രധാനമായും കാരണം ഓസോൺ പാളികളുടെ ശോഷണമാണ്. സൂര്യനിൽനിന്നു വരുന്ന മാരകമായ അൾട്രാവയലറ്റ് കിരണങ്ങൾ തടഞ്ഞുനിർത്തി ഭൂമിക്ക് ഒരു കുടയായി പ്രവർത്തിക്കുന്ന ധർമ്മമാണ് ഓസോൺ പാളി നിർവഹിച്ചുവരുന്നത്. എന്നാൽ അമിതമായി വരുന്ന ഹരിതഗൃഹ വാതകങ്ങളും കാർബൺ ഡയോക്സൈഡും ഓസോൺ പാളികളിൽ വിള്ളലുണ്ടാക്കുകയും സൂര്യനിൽനിന്ന് വരുന്ന മാരകമായ കിരണങ്ങൾ ഭൂമിയിൽ കൂടുതൽ എത്തിച്ചേരുകയും അന്തരീക്ഷപാളികളിലുള്ള ധൂമകണങ്ങളെ കൂടുതൽ ചൂടാക്കിത്തീർക്കുകയും അവ ഉഷ്ണം വർദ്ധിക്കുന്നതിന് കാരണമാവുകയും ചെയ്യുന്നു. വ്യവസായവൽകൃത രാജ്യങ്ങളിൽ നിന്നും പുറംതള്ളുന്ന വാതകങ്ങൾ അന്തരീക്ഷ സമ്മർദ്ദത്തിന്റെ തോതനുസരിച്ച് വിവിധ രാജ്യങ്ങളിലേക്ക് വിതരണം ചെയ്യപ്പെടുന്നു. ഭൂമി കറങ്ങുമ്പോൾ ഈ സൂക്ഷ്മ ധൂമകണങ്ങൾ വായുവിലൂടെ കറങ്ങുകയും കിലോമീറ്റർ കണക്കിന് സഞ്ചരിച്ച് വായുസാന്ദ്രത കുറഞ്ഞ രാജ്യങ്ങളിലേക്ക് നിക്ഷേപിക്കപ്പെടുകയും ചെയ്യുന്നു. അതനുസരിച്ച് ഈ പൊടിപടലങ്ങൾ അന്തരീക്ഷത്തിലൂടെ സ്ട്രാറ്റോസ്ഫിയർ വഴി സഞ്ചരിക്കുകയും 3 മുതൽ 4 വർഷത്തിനുള്ളിൽ 14000 കിലോമീറ്ററോളം സഞ്ചരിക്കുകയും ചെയ്യുന്നു. 2 മൈക്രോൺ വ്യാസമുള്ള പൊടിപടലങ്ങൾ ഭൂമിയിൽ നിന്ന് 17 മൈയിൽ ഉയർന്ന് പറന്ന് വികസ്വര രാജ്യങ്ങളുടെ അന്തരീക്ഷത്തിൽ ധൂമപടലങ്ങൾ സൃഷ്ടിച്ച് ഉഷ്ണം വർദ്ധിപ്പിക്കുന്നതിന് കാരണമായിത്തീരുന്നു. എൽ നിനോ അനുഭവപ്പെടാത്ത സാധാരണ വർഷങ്ങളിലും, എന്തിന്, എൽ നിനോയുടെ നേർവിരുദ്ധ സാഹചര്യമുള്ള ലാ നിനാ വർഷങ്ങളിലും എൽ നിനോ വർഷങ്ങളെക്കാൾ ചൂടേറുന്നതായി അനുഭവപ്പെടുന്നത് ഇക്കാര്യം സാധൂകരിക്കുന്നു. ഇങ്ങനെ പ്രതിവർഷം വർദ്ധിക്കുന്ന അന്തരീക്ഷ താപനില യേശുക്രിസ്തുവിന്റെ മടങ്ങിവരവിന് മുന്നോടിയായി പ്രകൃതിയിൽ സംഭവിക്കേണ്ട മാറ്റങ്ങൾക്ക് കാരണമാകുന്നു എന്ന വ്യക്തമാക്കുന്നു. മാലാഖി പ്രവാചകൻ പറഞ്ഞതുപോലെ ചൂളപോലെ കത്തുന്ന ഒരു ദിവസം വരും. ആകായാൽ കർത്താവിന്റെ വരവിനായി ഒരുങ്ങാം.

# അനുമോദിച്ചു

ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരള സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ജെ. ജോസഫിനെ പെന്തക്കോസ്ത് കൗൺസിൽ ഓഫ് ഇന്ത്യാ ഭാരവാഹികൾ അനുമോദിച്ചു. പ്രസിഡന്റ് തോമസ് വടക്കേക്കുറ്റിന്റെ അദ്ധ്യക്ഷതയിൽ കോട്ടയത്തു വച്ച് കൂടിയ മീറ്റിംഗിൽ ആണ് അനുമോദന സമ്മേളനം നടന്നത്. വൈസ് പ്രസിഡന്റുമാരായ പാസ്റ്റർ കെ. എ. ഉമ്മൻ, കെ. എബ്രഹാം, സെക്രട്ടറിമാരായ ഗ്ലാഡ്സൺ ജേക്കബ്, പാസ്റ്റർ ജോസ് അതുല്യ, ട്രഷറാർ പാ. ബേബി കടമ്പനാട്, അംഗങ്ങളായ പാസ്റ്റർ എൻ. കെ. കരുണാകരൻ, പി. ജി. ജോർജ്, അജി കുളങ്ങര എന്നിവർ പ്രസംഗിച്ചു. പി.സി.ഐ. യുടെ ജനറൽ സെക്രട്ടറിയായി ചില വർഷങ്ങൾ പ്രവർത്തിച്ചുവരുന്ന പാസ്റ്റർ ജെ. ജോസഫ് ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് വൈസ് പ്രസിഡന്റായും ജ്യോതിമാർഗം വാർത്താ പത്രികയുടെ മാനേജിംഗ് എഡിറ്ററായും കോഴഞ്ചേരി സെന്റർ പാസ്റ്ററായും പ്രവർത്തിക്കുന്നു.

## ലേഖനം

# ലളിതമായ ജീവിതം



ജോൺസൺ കണ്ണൂർ

ഒരിക്കൽ ഒരു ദൈവദാസൻ മറ്റൊരു സഹപ്രവർത്തകനോട് ഇപ്രകാരം പറഞ്ഞു “ നിങ്ങളുടെ അത്രയും ശുശ്രൂഷ എനിക്കുണ്ടായിരുന്നെങ്കിൽ ഞാൻ ഇന്ന് ഏത് നിലയിൽ എത്തുമായിരുന്നു. ഇത്രയും വലിയ ശുശ്രൂഷ ഉണ്ടായിട്ട് എന്തിനാണ് ഇത്ര ലളിതമായി ജീവിക്കുന്നത്.”

മുകളിൽ ഉദ്ധരിച്ച പ്രസ്താവനയാണ് ഈ കുറിപ്പിനാധാരം. വില കൂടിയ വാഹനത്തിൽ എവിടെയും യാത്ര ചെയ്യുകയും, ഏത് നാട്ടിൽ ചെന്നാലും ഉന്നതന്മാർ വാഹനം കൊണ്ട് വന്ന് സ്വീകരിക്കുകയും, അപ്രകാരം ഉന്നതമായ നിലയിൽ വളരെ പ്രൗഡിയോടെ ജീവിക്കുന്നവർക്കേ ശുശ്രൂഷയുള്ളൂ എന്ന ധാരണ തിരുത്തണം. മറ്റുള്ളവർ ബഹുമാനിക്കണമെങ്കിൽ അല്പം വെച്ചു കെട്ടലുകൾ ആവശ്യമായിരിക്കുന്ന സ്ഥിതിയായി. യേശുവിന്റെ കാലത്ത് പാരമ്പര്യത്തിന്റെ മന്ത്രപട്ടയും വാങ്ങലും വെച്ച് കെട്ടിയ പരിശന്മാർക്കായിരുന്നു മാന്യത. യേശു അവരെ നോക്കി വെള്ള തേച്ച ശവകല്ലറകളേ എന്ന് വിളിച്ചു. യേശുവിന്റെ ജീവിത ശൈലിയോട് അവർക്ക് പുച്ഛമായിരുന്നു. വാഹന മൃഗമില്ലാതെ കിലോ മീറ്ററുകൾ നടക്കുക, രാത്രി മലയിൽ ഒറ്റയ്ക്ക് പോയിരുന്നു പ്രാർത്ഥിക്കുക. ചിലപ്പോൾ രാത്രി മുഴുവനും അവിടെ താമസിക്കുക. എളിയവരോടുകൂടെ സഹകരിക്കുക. ഇന്നുള്ളവർ ചോദിക്കുന്നത്, അപ്രകാരം നല്ല ശുശ്രൂഷയുണ്ടായിരുന്നെങ്കിൽ സമൂഹത്തിലെ അറിയപ്പെട്ടവർ വീട്ടിൽ വിളിച്ചോണ്ട് പോകുകയില്ലായിരുന്നോ? ഇത്രയും നല്ല കൃപയൊക്കെയുള്ള സ്ഥിതിക്ക് സ്വന്തമായൊരു പടകും, യാത്ര ചെയ്യുവാൻ ഒരു വാഹനമൃഗവും കൈനിറയെ പണവും കാണേണ്ടതല്ലേ? പാമ്പുകൾക്ക് മാളമുണ്ട് പറവകൾക്ക് ആകാശം ഉണ്ട്. മനുഷ്യപുത്രന് തല ചായ്പാൻ സ്ഥലമില്ല എന്ന് പറയുന്ന ശക്തമായ ശുശ്രൂഷയാണുതാനും. ഇന്നത്തെ ചില പരീശന്മാർക്കും ഇപ്രകാരം മറ്റുള്ളവരോട് പുഛമാണ്. ഈ ദൈവവചനത്തോട് നീതി പുലർത്തിയാൽ ഇന്ന് കാണുന്ന സുഖലോലുപതയുടെ മട്ടുപാവിൽ വിഹരിക്കാൻ കഴിയില്ല. കോടികളുടെ സ്വത്ത് ഉണ്ടായിട്ടും വളരെ ലളിത ജീവിതം നയിക്കുന്നവരും താഴ്മയുള്ളവരുമില്ലേ?

ചിലർ സ്റ്റേജിൽ നിന്ന് പറയുന്നത് കേട്ടാൽ ബഹുകേമമാണ്. അരിസോണയിൽ കൂടി കാറിൽ പോയതും ചാനലിലെ പ്രസംഗം കേട്ടിട്ട് പ്രാർത്ഥനക്കായി വിളിച്ചതും, പണ്ട് കാലത്തെ ദാരിദ്രവും, ഇപ്പോൾ മതിയെന്നു പറഞ്ഞിട്ടും ലഭിക്കുമെന്നുള്ള കഥകളാണ് വിളമ്പുന്നത്. ജനം നിരാശയോടെ മടങ്ങിപ്പോകുന്നു. പാനാസോണിക്ക്, വേൽപൂൾ, എൽ.ജി. തുടങ്ങിയ ബ്രാൻഡ് ആയി കവിഞ്ഞാൽ പിന്നെ എങ്ങനെ ആയാലും കുഴപ്പമില്ലല്ലോ? പണത്തിന്റെ കൊഴുപ്പും ജീവിതസുഖങ്ങളും ആയി കഴിയുമ്പോൾ വചനത്തിന്റെ വെളിപ്പാടുകൾ നിലയ്ക്കും. മാത്രമല്ല വാരിക്കൂട്ടിയത് സൂക്ഷിച്ച് വെയ്ക്കാനുള്ള തത്രപ്പാടിലാകും. കനമുള്ള കവർ തരുന്നവന്റെ സ്റ്റേജിൽ അവനെ പ്രസാദിപ്പിച്ചു പ്രസംഗിക്കും ഇതിനൊക്കെ ഒരു മാറ്റം വരണം പ്രതാപത്തിന്റെ കൊടുമുടിയിൽ പ്രശോഭിക്കാത്തവരും ശുശ്രൂഷയിൽ ശോഭിക്കുന്നുണ്ട് എന്ന കാര്യം മറക്കേണ്ട.

### സ്നാപക യോഹന്നാന്റെ ശുശ്രൂഷയും ജീവിതവും

ചാട്ടുളിപോലെ ഹൃദയങ്ങളിൽ തറക്കുന്ന വാക്കുകളും പാപത്തിനെതിരെ പരുഷമായ പദപ്രയോഗങ്ങളുമായി മരുഭൂമിയിലൂടെ പാപം, പാപം എന്ന് പറഞ്ഞുകൊണ്ട് നടന്നതായ യോഹന്നാന്റെ ശുശ്രൂഷ ചരിത്രത്തിന്റെ തങ്കലിപികളിൽ ചേർക്കപ്പെട്ടു. കർത്താവിനെ വഴിയൊരുക്കിയ യോഹന്നാൻ സുഖലോലുപതയിൽ അല്ലായിരുന്നു. ഏറ്റവും ലളിതമായ ജീവിത ശൈലിയിൽ മുമ്പോട്ടു പോയി. വിഭവ സമൃദ്ധമായ ആഹാരമോ, മണിമാളികയോ ചെല്ലുന്നിടത്തെല്ലാം വലിയ സ്വീകരണങ്ങളോ ലഭിച്ചില്ല. സർപ്പസന്തതികളെ എന്നുള്ള പരുക്കൻ വാക്കുകൾക്ക് അല്ലെങ്കിലും ഗ്ലോറി പറയാൻ ആരേയും കിട്ടില്ല. കാടു വെട്ടി തെളിക്കുന്ന ശുശ്രൂഷ സുഖകരമല്ലല്ലോ?. മതപുരോഹിത വൃന്ദങ്ങളുടെ പാരമ്പര്യ ശുശ്രൂഷകളിൽ നിന്ന് വ്യത്യസ്ഥമായി അതുവരെ ഉണ്ടായിരുന്ന വ്യവസ്ഥിതികളെ മാറ്റി കുറിക്കുന്ന പുതിയ ശുശ്രൂഷ മതനേതാക്കളിൽ അമർഷം ഉളവാക്കി. കർത്താവു ആഗ്രഹിക്കുന്നതു പോലെ ഒരു ശുശ്രൂഷ ചെയ്യമെങ്കിൽ തികച്ചും ലളിതമായ ജീവിതത്തിന്റെ ഉടമയ്ക്കേ കഴിയു. ജനം പ്രതിക്ഷിക്കുന്ന പ്രസംഗമല്ലായിരുന്നു. മറിച്ച് ദൈവത്തിന് പറയുവാനുള്ളത് വെട്ടി തുറന്നു പറയുന്നു ശുശ്രൂഷയാണ് യോഹന്നാൻ ചെയ്തത്. അതുകൊണ്ട് തന്നെ സമൂഹത്തിൽ നിന്ന് ഉന്നതമായ സ്വീകരണം ലഭിച്ചില്ല. എന്നാൽ ഹെരോദാവ് പോലും അവൻ വിശുദ്ധനാകയാൽ ഭയപ്പെട്ടിരുന്നു. നമ്മുടെ പണമോ പ്രതാപമോ ഉയർന്ന ജീവിത സൗകര്യങ്ങളോ അല്ല പ്രത്യുത ജീവിത വിശുദ്ധിയുള്ളവനെ ശത്രുവിന് ഭയമാണ്. പണത്തിന്റെ ബാഹുല്യത യേറുമ്പോൾ ഉപദേശ വിശുദ്ധിയോ ജീവിത വിശുദ്ധിയോ നഷ്ടപെടുവാൻ സാധ്യതയുണ്ട്. ജീവിത സാഹചര്യങ്ങളും ബന്ധങ്ങളും മറ്റുപലരേയും അറിയാതെ അവിടെ കൊണ്ട് ചെന്നെത്തിക്കുന്നു. അതേ സമയം അന്നന്നുള്ളത് ലഭിച്ചാൽ ദൈവത്തോട് പറ്റിനില്ക്കും. മോഹങ്ങൾ ജനിക്കുമാറ് ജഡത്തിനായി ജീവിക്കരുത്. ജീവിത സുഖങ്ങൾ കൂടുമ്പോൾ ഇത് തനിയെ വന്നു കയറും പിന്നീട് അങ്ങോട്ട് ശുശ്രൂഷയെല്ലാം ജഡത്തെ പരിപോക്ഷിപ്പിക്കാനായിരിക്കും.

യോഹന്നാൻ അധികാര കസേരകളെ ഭയന്നില്ല. പാപത്തിനെതിരെ ആഞ്ഞടിച്ചു, അനന്തരഫലം ജയിൽ വാസം. ഇന്നുള്ളവർ ഒരു പക്ഷെ ചോദിക്കും “അദ്ദേഹത്തിന്റെ ശുശ്രൂഷ ശരിയായിരുന്നെങ്കിൽ ജയിലിൽ പോകുമായിരുന്നോ? ദൈവം പോലും കൈവിട്ടില്ലേ”? എന്നു പറയും. കാരണം ഒടുവിൽ തല പോയി. രക്ഷിക്കാൻ കർത്താവ് വന്നില്ല. ജീവിതാന്ത്യം ഇപ്രകാരം ആകാമോ? ഇന്ന് മുഴുവനും മനുഷ്യരെ പ്രസാദിപ്പിക്കുന്ന ശുശ്രൂഷയാണ് ചെയ്യുന്നത്. യോഹന്നാനെ പോലുള്ള ജീവിതശൈലി സ്വീകരിച്ചുകൊണ്ട് താൻ പറഞ്ഞതു പോലെ കാര്യം പറയാൻ ചങ്കൂറ്റമുള്ളവർ എഴുന്നേല്ക്കട്ടെ.

### ഏലീയാവിന്റെ ശുശ്രൂഷയും ജീവിതവും

ആ കാലഘട്ടത്തിൽ മുഖം നോക്കാതെ ദൂത് പറഞ്ഞതായ അഭിഷിക്തർ. ദൈവത്തിന്റെ ശബ്ദമായി നിലകൊണ്ട ധീര പോരാളി. കൃത്യമായ പ്രവചനം, മൂർച്ചയേറിയ വാക്കുകൾ, പക്ഷെ ജീവിത നില വളരെ കഷ്ടമാണ് തോട്ടിനരികെയാണ് താമസം, വൃത്തിയില്ലാത്ത കാക്ക കൊടുക്കുന്നതാണ് ഭക്ഷണം, തോട്ടിലെ വെള്ളമാണ് വാട്ടർ സപ്ലൈ, കാൽനടയാണ് യാത്ര. ഇന്നത്തെപ്പോലെ ഹോണ്ടയും, ബി.എം.ഡബ്ല്യൂയും ഒന്നുമില്ലെങ്കിലും ഒരു രഥമോ, കാളവണ്ടിയോ എന്തെങ്കിലും വേണ്ടായിരുന്നോ? ഒന്നുമില്ല പ്രാർത്ഥന കൊണ്ട് പ്രകൃതിയെപ്പോലും നിയന്ത്രിച്ചു. ഒറ്റ പ്രാർത്ഥനയ്ക്ക് ആകാശത്ത് നിന്ന് തീ ഇറങ്ങി. ആഹാ ബ് രഥം പൂട്ടിപ്പോയപ്പോൾ തല കാലിന്റെ ഇടയിയേക്കിട്ട് കുനിഞ്ഞിരിക്കുന്ന ദൈവഭൃത്യന്മാർ. എന്നാൽ സ്വർഗ്ഗം ആ നിമിഷം രഥം അയച്ചു. എളിയ നിലയിൽ ജീവിക്കുന്നു എന്ന പേരിൽ പുശ്ചിക്കപ്പെടുന്നവനാണ് നിങ്ങളെങ്കിൽ നിരാശപ്പെടേണ്ട ചില നിർണ്ണായക നിമിഷങ്ങളിൽ സ്വർഗ്ഗം നിങ്ങൾക്കു വേണ്ടി രഥം അയക്കും. ഒരു നേരത്തെ ആഹാരത്തിന്റെ ബലം കൊണ്ട് 40 രാവും 40 പകലും യാത്ര ചെയ്യുവാൻ ആഹാബിന് കഴിയില്ല. 1രാ ജാ:17:20–21 നോക്കുക.

“പിന്നെ അവൻ കുട്ടിയുടെ മേൽ മൂന്നുപ്രാവശ്യം കവിണ്ണു വീണ്ടു; എന്റെ ദൈവമായ യഹോവേ ഈ കുട്ടിയുടെ പ്രാണൻ അവനിൽ മങ്ങി വരുമാറാകട്ടെ എന്നു യഹോവയോട് പ്രാർത്ഥിച്ചു. യഹോവ ഏലീയാവിന്റെ പ്രാർത്ഥന കേട്ടു. ജീവിത പ്രതാപമില്ലാത്ത ഏലിയാവ് മരിച്ച കുട്ടിയെ ജീവനോടെ അവർക്കു നൽകി. ആ നിർണായക നിമിഷത്തിൽ തന്റെ ദാസനു വേണ്ടി ദൈവം അത് ചെയ്തെ പറ്റു.

വിലകൂടിയ കാറിൽ യാത്ര ചെയ്യുന്ന ഇന്നത്തെ അത്ഭുതകാരായിരുന്നെങ്കിലോ? ഒരിക്കൽ കൊട്ടാരക്കരയിലെ അത്ഭുതക്കാരൻ കീഴ്വായ്പൂർ ഒരു ചർച്ചിൽ മീറ്റിംഗിന് വന്നു. ചാനലിൽ കണ്ട് പരിചയമുള്ള ഒരു മർത്തോമ്മക്കാരി അമ്മച്ചി കുറിയന്നൂരിൽ നിന്നും പ്രാർത്ഥിക്കാനായി എത്തി. ക്യൻസർ ബാധിച്ച് അതിവേദനകൊണ്ട് അവർ പുളയുകയാണ്. കാറിൽ നിന്നും ഇറങ്ങി ഹോളിലേക്ക് കയറുവാൻ അവർക്ക് കഴിയുന്നില്ല. വിടുതലുകാരനെ അറിയിച്ചപ്പോൾ സ്റ്റേജിൽ മാത്രമേ പ്രാർത്ഥിക്കുകയുള്ളു എന്നായി. കാല് പിടിച്ച് പറഞ്ഞിട്ടും ‘കൊട്ടാരക്കര ദൈവം’ കനിഞ്ഞില്ല. ഞാൻ ഇതിന് ദൃക്സാക്ഷിയാണ്, ‘ഇതേ ദൈവം’ കണ്ണൂർ ജില്ലയിലെ കൊട്ടിയൂരിൽ വന്നു. “ദൈവമക്കളെ ശവം ഉണ്ടെങ്കിൽ ഇപ്പോൾ കൊണ്ടു വരിക. ഒരു പ്രത്യേക ദൈവശക്തി എന്റെ ശരീരത്തിൽ വ്യാപരിക്കുന്നു. ഇപ്പോൾ ഉയർക്കുന്നതായിരിക്കും. ആ നിമിഷം ഒരു ശവവും വരില്ലെന്ന് ഈ ശവത്തിന് നന്നായിട്ട് അറിയാം. വലിയ പ്രതാപമൊന്നുമില്ലാതെ എളിയ നിലയിൽ കഴിയുന്ന അഭിഷക്തൻമാർ ഇവരെക്കാൾ നന്നായി വചനം പറയും. മാത്രമല്ല അവർ കരഞ്ഞ് പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗം അവരുടെ മുഖത്തെ കടാക്ഷിക്കും. ഏ ലീയാവിന്റെ പ്രാർത്ഥന കേട്ടതുപോലെ തമ്പുരാൻ പ്രാർത്ഥന കേൾക്കും. വലിയ മാളികയോ, മുന്തിയ ഇനം വാഹനങ്ങളോ,വില കൂടിയ വസ്ത്രങ്ങളോ, ഫൈവ് സ്റ്റാർ ഫുഡ് ഉപയോഗിക്കുന്നതിൽ ആർക്കും പരാതിയില്ല. പക്ഷെ ഇതൊന്നുമില്ലാത്തവർക്ക് ശുശ്രൂഷയില്ലെന്ന് പ്രഖ്യാപിക്കരുത്. നല്ല ശുശ്രൂഷയായിരുന്നെങ്കിൽ ഇവയൊക്കെ ഉണ്ടാകുമായിരുന്നു എന്ന ആശയവും ശുദ്ധമണ്ടത്തരമാണ്. നമുക്ക് എളിയ ജീവിതം നയിക്കാം വലിയ ശുശ്രൂഷകൾ കർത്താവിനായി ചെയ്യുക.

---

## 01 ↺ ബെഥേൽ ഇന്റർനാഷണൽ...

വർഗീസ് ഏബ്രഹാം (രാജു മേത്ര) എന്നിവർ പ്രസംഗിക്കും. രജിസ്ട്രാർ റവ. തോമസ് മാത്യു സമ്മേളനത്തിന്റെ നേതൃത്വം വഹിക്കും. ലിവിംഗ് വോയ്സ്, മല്ലപ്പള്ളി ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

## വനിതാദിനാഘോഷവും സെമിനാറും



എടത്വായിലും സമീപപ്രദേശങ്ങളിലെയും പെന്തക്കോസ്ത് സഭകളിലെ യുവജനങ്ങളുടെ ഐക്യവേദിയായ യുണൈറ്റഡ് പെന്തക്കോസ്ത് യൂത്ത് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ വനിതാദിനാഘോഷവും സെമിനാറും എടത്വാ ലയൺസ് ക്ലബ്ബിൽ മാർച്ച് 8–ാം തീയതി രാവിലെ 10 മുതൽ 1 മണി വരെ നടന്നു. ഡോ. സോണിയ ജോബിൻ സ്ത്രീകളും ആരോഗ്യ പ്രശ്നങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസെടുത്തു. തുടർന്ന് നടന്ന വനിതാ ദിനാഘോഷം ആലപ്പുഴ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റ് അഡ്വ. യു. പ്രതിഭാഹരി ഉദ്ഘാടനം ചെയ്തു. പാസ്റ്റർ സാലു വർഗ്ഗീസ് അദ്ധ്യക്ഷത വഹിച്ചു.

തദവസരത്തിൽ ‘രക്തദാനം മഹാദാനം’ എന്ന ആപ്തവാക്യത്തെയനുസരിച്ചുകൊണ്ട് അനേകർക്ക് രക്തം ദാനം നൽകിയ ശ്രീമതി ലിൻസി ജോസ്, അവയവദാനം എന്ന മഹത് പ്രവൃത്തിക്ക് ഉടമയായ ശ്രീമതി സ്റ്റാലി അലക്സാണ്ടർ, ക്യാൻസർ എന്ന മഹാരോഗത്തെ ദൈവിക പ്രവൃത്തിയാൽ പൂർണ്ണസൗഖ്യമായ സിസ്റ്റർ ഷോളി വർഗ്ഗീസ്സ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റായി സേവനമനുഷ്ഠിച്ച കാലയളവിൽ വനിതകൾക്കായി അനവധി സംരംഭങ്ങൾക്ക് തുടക്കം കുറിക്കുകയും അനേകം ആളുകൾക്ക് ആശ്വാസമായി തീരുകയും ചെയ്ത ശ്രീമതി അഡ്വ. യു. പ്രതിഭാഹരി, ആതുര സേവനരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ശ്രീമതി ഡോ. സോണിയ ജോബിൻ എന്നിവരെ ആദരിക്കുകയുണ്ടായി. എടത്വാ പഞ്ചായത്ത് അംഗം ശ്രീമതി മീരാ തോമസ്, ജിൻസൺ ഫിലിപ്പോസ് എന്നിവർ ആശംസകൾ അർപ്പിച്ചു.

## 01 ↺ വിശ്വാസികളുടെ വോട്ടവകാശം:.....

അടിസ്ഥാനത്തിലാണ് കൗൺസിൽ അംഗങ്ങൾ കക്ഷിച്ചേരാൻ പ്രേരിപ്പിക്കപ്പെട്ടത്. മാർച്ച് 8–ന് രാവിലെ 11 മണിക്ക് മുമ്പ് സഭാ നേതൃത്വം കക്ഷിച്ചേർന്നില്ലെങ്കിൽ സഭയ്ക്കെതിരെ വിധി ഉണ്ടാകുമെന്ന നിയമോപദേശമാണ് തിടുക്കത്തിൽ തീരുമാനമെടുക്കാൻ കാരണമായത്. അതേസമയം, കൗൺസിൽ അംഗങ്ങളെ തെറ്റിദ്ധരിപ്പിച്ചത് ആണെന്നും ഇതിന്റെ പിന്നിൽ ഗൂഡാലോചന ഉണ്ടെന്നും ഒരു വിഭാഗം ആരോപിക്കുന്നു. അഡ്വ. മുരളി മനോഹറാണ് പ്രതികൾക്കു വേണ്ടി ഹാജരായത്. അഡ്വ. കെ രാധകൃഷ്ണനാണ് വാദിഭാഗം അഭിഭാഷകൻ. കേസ് വീണ്ടും പുരുജ്ജീവിപ്പിക്കുമെന്ന് വാദികൾ പറയുന്നു.

ഇതിനിടെ, വിശ്വാസികളുടെ വോട്ടവകാശത്തിന്റെ സാദ്ധ്യതകളെ പറ്റി പഠിക്കുന്നതിന് നിയോഗിച്ച കമ്മീഷന്റെ പ്രവർത്തനത്തിൽ ശുശ്രൂഷകന്മാർ അതൃപ്തരാണ്. ഗൗരവമായ അക്കാദമിക് ചർച്ചകളോ അഭിമുഖങ്ങളോ നടത്താതെ ശുപാർശകൾ സമർപ്പിക്കുന്നത് ഏകപക്ഷീയമാണെന്ന് ഒരു വിഭാഗം ആരോപിക്കുന്നു. ദൈവസഭയുടെ പോളിസി, കഴിഞ്ഞ നാളുകളിലെ കേസുകൾ എന്നിവയുടെ സ്ഥിതി പരിശോധിക്കാതെ തയ്യാറാക്കുന്ന തീരുമാനങ്ങൾക്ക് നിയമ സാധുതയില്ലെന്ന് ഇവർ പറയുന്നു. അസി. ഓവർസിയർ, സ്റ്റേറ്റ് ബോർഡ്, വിവിധ ഡിപ്പാർട്ടുമെന്റ് മേധാവികൾ എന്നിവരുടെ നിയമനം കീഴ്വഴക്കം ആക്കി വോട്ടവകാശം ന്യായികരിക്കുന്നവർ കഥയറിയാതെ ആട്ടം കാണുകയാണ്. ഈ നീയമനങ്ങളെ സംബ്ന്ധിച്ച് പോളിസിയിൽ നിർവ്വചനമില്ല. നിയമപ്രകാരം ഇവയ്ക്കൊന്നും നിലനില്പില്ല. എന്നാൽ സ്റ്റേറ്റ് ഓവർസിയർ, സ്റ്റേറ്റ് കൗൺസിൽ തെരെഞ്ഞെടുപ്പുകളെ സംബ്ന്ധിച്ച് കൃത്യമായ നിയമം പോളിസിയിൽ ഉണ്ട്. ഇത് ലംഘിക്കാൻ സാദ്ധ്യമല്ല. കീഴ്വഴക്കങ്ങൾ പോളിസിക്ക് ബാധകമല്ല എന്നറിയണം. എന്തായാലും ഭരണഘടനാ ഭേദഗതി നടത്താതെ പുതിയ തീരുമാനം സാദ്ധ്യമല്ല. 89–ൽ എടുത്ത് കളഞ്ഞത് വോട്ടവകാശം അല്ല, സൊസൈറ്റി അംഗത്വം ആണെന്ന് ആദ്യം മനസ്സിലാക്കുക. കോടതി വ്യവഹാരങ്ങൾ അല്ല വ്യവസ്ഥാപിതമായ നിയമ നിർമാണമാണ് ആവശ്യം.

## 01 ↺ ഇൻഡ്യാ ബൈബിൾ കോളജ് ...

ഓഫ് സെറാമ്പൂർ ( യൂണിവേഴ്സിറ്റി) –ന്റെ ബി.ഡി. ഡിഗ്രി കോഴ്സുകൾ കൂടെ ആരംഭിക്കുന്നതാണ്. ATA കോഴ്സുകളുടെ ഡയറക്ടറായി പാസ്റ്റർ സാജു ജോസഫ്, സെറാമ്പൂർ കോഴ്സുകളുടെ പ്രിൻസിപ്പലായി ഡോ. ജോൺ അലക്സ് എന്നിവർ പുതുതായി ചുമതലയേറ്റു. 2500 ഓളം പേർ പങ്കെടുത്തു. വൈസ് പ്രസിഡന്റ് (ഡെവലപ്പ്മെന്റ്) മേജർ വി. ഐ. ലൂക്കോസ് നന്ദി പ്രകാശിപ്പിച്ചു.

## കഥ

# നക്ഷത്രം വീഴ്ത്തുന്ന നിഴൽ



സുനിൽ വർഗ്ഗീസ്
ബാംഗ്ലൂർ
theministryoftoday@gmail.com

**കാ**മ്പസിലേക്കുള്ള കയറ്റം കയറുമ്പോൾ റോഷൻ വാച്ചിൽ നോക്കി. സമയം 8.35. കോളജ് റോഡിൽ തിരക്കുകുറവായിരുന്നു. അല്ലെങ്കിൽ തന്നെ ഒൻപത് മണി കഴിയാതെ റോഡിലും കോളജിലുമായി തിരക്കുണ്ടാകില്ലായിരുന്നു. ചൂളമരച്ചുവടുകളും അക്കേഷ്യാതണലുകളും നിശബ്ദതയാൽ പനിച്ചുകിടന്നു. ഓഡിറ്റോറിയത്തിന്റെ വരാന്തയിലും ലവേഴ്സ് കോർണറുകളിലും മൂകത തളം കെട്ടി നില്ക്കുന്നു. പ്രണയസല്ലാപങ്ങളും പൊട്ടിച്ചിരികളുമില്ലാത്ത, ബഹളങ്ങൾ ഇല്ലാത്ത കാമ്പസ് അന്തരീക്ഷം, റോഷന്റെ ആത്മതന്ത്രികളിൽ കവിതയുടെ ശ്രുതികളുണർത്തുമായിരുന്നു.

കാമ്പസ് അടിച്ചുവാരുന്ന സ്ത്രീയിപ്പോൾ വോളിബോൾ കോർട്ടിലെ കരിയിലകളാണ് തൂക്കുന്നത്. റോഷൻ കാമ്പസിലൂടെ വെറുതേ നടന്നു. ഇടയ്ക്കവൻ കോളേജ് ഓഫീസ് തുറന്നുവോ എന്ന് നോക്കാതിരുന്നില്ല. കാരണം അന്നായിരുന്നു ഡിഗ്രി ഫൈനൽ പരീക്ഷയുടെ ഫീസ് ഫൈനോടുകൂടി സ്വീകരിക്കുന്ന അവസാന ദിവസം.

ഇന്നലെ വരെ റോഷൻ ഫീസ് സംഘടിപ്പിക്കുന്നതിനായി ഓടുകയായിരുന്നു. അല്ലെങ്കിൽ ഇന്ന് രാവിലെ വരെ വീട്ടിൽ എപ്പോഴും പ്രാർത്ഥനയുമായി കഴിയുന്ന അമ്മ അവന്റെ ആവശ്യത്തിന് മുൻപിൽ നിസ്സഹായ ആയിരുന്നു. മിക്ക വീടുകളിലും കാണുന്നതുപോലെ റോഷന്റെ പപ്പായും കുടിയനായിരുന്നു. മദ്യപിച്ച് ലക്ക് കെട്ട് രാത്രിയുടെ ഏതോ യാമത്തിൽ വീട്ടിൽ കയറി വരുന്ന പപ്പയോട് എങ്ങനെ ചോദിക്കാൻ?

റോഷൻ ഡിഗ്രിക്ക് ചേർന്നപ്പോൾ മുതൽ, എല്ലാ ആവശ്യങ്ങളും സാധിക്കുന്നത് പപ്പാ മൂലമായിരുന്നില്ലല്ലോ. എല്ലാം യേശു നാഥന്റെ കൃപ എന്നാണ് കാര്യങ്ങൾ എങ്ങനെ നടക്കുന്നു എന്ന മറ്റുള്ളവരുടെ ചോദ്യത്തിന് അമ്മ മറുപടി പറയുക. ശരിയായിരിക്കാം. എല്ലാം യേശു കർത്താവിന്റെ കൃപ ആയിരിക്കാം.

ഇന്നലെ ക്ലാസ്സിലെ കൂട്ടുകാരിൽ പലരോടും അവൻ ഫീസടക്കാൻ കാശ് ചോദിച്ചു. ചിലപ്പോൾ പരുങ്ങിയും, ചിലപ്പോൾ ചമ്മിയും. അടുത്ത കൂട്ടുകാരനായ ചെറിയാനോട് നൂറ് രൂപ തരാം എന്നായി. പക്ഷെ നാളെ തിരികെ കൊടുക്കണമത്രെ. മനോജ് പറഞ്ഞു ചില ടീച്ചർമാർ കാശ് കടം തന്നേക്കും എന്ന്. ആ ദിവസം റോഷൻ ക്ലാസ്സിൽ കയറിയതേയില്ല. അവൻ ലൈബ്രറിയുടെ മൂലയിൽ ചെന്നിരുന്നു. ഒരു പുസ്തകവും മുന്നിൽ തുറന്നുവെച്ചിട്ടുണ്ട് എങ്കിലും അവന്റെ ചിന്ത മുഴുവൻ പരീക്ഷഫീസിനെക്കുറിച്ചായിരുന്നു.

അന്ന് വീട്ടിലേക്ക് മടങ്ങുമ്പോൾ ആ വർഷം പരീക്ഷ എഴുതേണ്ട എന്ന തീരുമാനത്തിലായിരുന്നവൻ. രാത്രിയിൽ അമ്മയുടെ മുൻപിൽ വിങ്ങിയിരിക്കുമ്പോൾ, അമ്മ മകന്റെ ദുർഗതിയോർത്ത് കരയുകയായിരുന്നു. ഒടുവിലത്തെ ഓപ്ഷൻ എന്ന പോലെ അമ്മയാണ് പറയുന്നത് പാസ്റ്ററോട് ചോദിക്കാൻ. അങ്ങനെയാണ് ഫൈനോടുകൂടി ഫീസ് കിട്ടേണ്ട ദിവസമായ ഇന്ന് രാവിലെ റോഷൻ പാഴ്സനേജിൽ ചെന്നത്.

അവൻ ചെല്ലുമ്പോൾ ജയിംസ് പാസ്റ്റർ ബ്രഷ് ചെയ്തുകൊണ്ട് മുറ്റത്ത് ഉലാവുകയായിരുന്നു. എന്താ റോഷൻ, ഇത്ര രാവിലെ? പല്ലുതേച്ചുകൊണ്ടിരിക്കുന്നതിനിടയിൽ പാസ്റ്റർ റോഷനെ കണ്ട് ചോദിച്ചു. പ്രെയ്സ് ദി ലോർഡ് പറയാതിരുന്നുമില്ല. പാസ്റ്റർ ഇന്നാ ഫീസ് അടക്കേണ്ട ലാസ്റ്റ് ഡേ പരുങ്ങിയാണവൻ അത് ആമുഖങ്ങളില്ലാതെ പറഞ്ഞത്. പാസ്റ്റർ പൊടുന്നനെ ഗൗരവത്തിലാവുന്നു.. എന്തേ റോഷൻ ഫീസടച്ചില്ലേ?. അവൻ ഉത്തരം പറയാതെ മുഖം കുനിച്ചു. അതിരിക്കട്ടെ, എത്രയാ ഫീസ് അടയ്ക്കേണ്ടത്? അവൻ പതുക്കെ ഫൈൻ ചേർത്തുള്ള തുക പറഞ്ഞു.

റോഷൻ കയറിയിരിക്കൂ ഞാൻ വായ ഒന്ന് കഴുകട്ടെ എന്ന് പറഞ്ഞ് പാസ്റ്റർ പിന്നാമ്പുറത്തുള്ള ടാപ്പിനരികിലേക്ക് നടക്കുന്നു. അവൻ മെല്ലെ സ്റ്റെപ്പുകൾ കയറി അരമതിലിലിരുന്നു. കാശും റോഷന് ചായയുമായിട്ടായിരുന്നു പിന്നീട് ജെയിംസ് പാസ്റ്റർ അകത്ത് നിന്ന് വന്നത്. മമ്മിക്ക് സുഖമല്ലേ? ചായ കുടിക്കുന്നതിനിടയിൽ പാസ്റ്റർ ചോദിച്ചു. അവൻ തലയാട്ടി. ചായ കുടിച്ചു കഴിഞ്ഞ് നിറയുന്ന കണ്ണുകളോടെ നന്ദി പറഞ്ഞ് കൈകൊടുത്തവൻ പുറത്തിറങ്ങി. ഗെയിറ്റ് കടന്നപ്പോഴാണ് അമ്മ പറഞ്ഞുവിട്ട പ്രാർത്ഥനാ വിഷയം പാസ്റ്ററോട് പറയാൻ ഓർത്തത്. മറവിയെ ശപിച്ച് തിരികെ ചെന്നപ്പോഴാണ്, അവന്റെ നെഞ്ചകം പിളർക്കുന്ന സംസാര ശകലം വന്നലച്ചത്.

എന്തൊരു മനുഷ്യരാണെന്നേ...? ഇന്ന് മോളേ ആശുപത്രിയിൽ കൊണ്ടുപോകാൻ കടം വാങ്ങിയ കാശല്ലായിരുന്നോ അത്.... എന്തിനാ അത് ആ ചെക്കന് കൊടുത്തുവിട്ടത്. ഓ, വല്യ ഉദാരമതിയാണല്ലോ... അതും പോരാഞ്ഞ് ചായേം ഉണ്ടാക്കാൻ, നിങ്ങൾക്കിരിയില്ലേ, പാലും പഞ്ചാരയും.... ആ ചെക്കൻ വേറെ എവിടേലും പോയി തെണ്ടില്ലായിരുന്നോ ബാക്കി കേൾക്കാൻ റോഷൻ നിന്നില്ല. പുറത്തേക്ക്, വിശ്വസിക്കാനാവാതെ ഓടുകയായിരുന്നവൻ.

ആരോപുറത്തു തട്ടുന്നു. ബദാമിന്റെ ചുവട്ടിലെ കൽബഞ്ചിൽ കുനിയിരിക്കുകയായിരുന്നവൻ. മുഖമുയർത്തി നോക്കിയപ്പോൾ ചെറിയാനാണ്. എന്താടാ രാവിലെ ഒരു ധ്യാനം?. അല്ല നിന്റെ കണ്ണ് നിറഞ്ഞ്......? ഓഫീസ് തുറന്നോ എന്ന് ഒരിക്കലൂടെ നോക്കിയിട്ട്, ക്ലാസ്സിലേക്ക് പോകാനായി സ്റ്റെയർകേസുള്ള ഭാഗത്തേക്ക് അവൻ നടന്നു. ചെറിയാന്റെ പിൻവിളി അവഗണിച്ചു. ആ ചെക്കൻ വേറെവിടെയെങ്കിലും പോയി തെണ്ടില്ലായിരുന്നോ പാസ്റ്ററാന്റിയുടെ കുപ്പിച്ചില്ലുകൾ പോലുള്ള വാക്കുകൾ.

ക്ലാസിൽ അവൻ തന്റെ സീറ്റിൽ ചെന്നിരുന്നു. ഒന്നുറക്കെ കരയാൻ തോന്നുന്നു. പൈസ തിരികെ കൊടുത്താലൊ എന്ന് റോഷൻ ചിന്തിച്ചു. പാസ്റ്ററിന്റെ മകൾക്ക് എന്തോ അസുഖമാണെന്നും പാസ്റ്റർ സാമ്പത്തീക പരാധീനതയിലായിരുന്നെന്നും താനറിഞ്ഞിരുന്നില്ലല്ലോ... അവൻ വെമ്പി. നീ ശരിക്കും കരയുകയായിരുന്നുവോ?, അവന് പിന്നാലെ ചെറിയാൻ കടന്നുവന്നിരിക്കുന്നു. എന്ത് പറ്റീടാ നിനക്ക്? പറഞ്ഞപോലെ ഫീസടച്ചോ? കൗണ്ടർ തുറന്നിട്ടുണ്ട്. ചെറിയാൻ അവന്റെ തോളിൽ തട്ടി.

ചെറിയാനോടൊപ്പം വിങ്ങലൊതുക്കി ഫീസ് കൗണ്ടറിലേക്ക് അവൻ ചെന്നു. സ്റ്റെപ്പുകൾ ഇറങ്ങുമ്പോൾ അവൻ തനിക്ക് പണം കിട്ടിയ വഴിയും തുടർന്നുള്ള സംഭവങ്ങളും അവൻ വിവരിച്ചു. എടാ, ചെറിയാച്ചാ എനിക്കൊരു ജോലി കിട്ടിയിരുന്നെങ്കിൽ... അതു പറയുമ്പോൾ അവന്റെ ചുണ്ടുകൾ വിറയ്ക്കുന്നത് ചെറിയാൻ കണ്ടു.

അന്ന് വൈകിട്ട് വല്ലാത്തൊരു അരക്ഷിതാവസ്ഥയുമായി കാമ്പസിൽ നിന്ന് മടങ്ങുമ്പോൾ ചെറിയാനും കൂടെ രമേശും അവന് എതിർപ്പെട്ടു. എടാ നിന്നെ എവിടൊക്കെ തപ്പീന്നറിയ്യോ, ഒടുവിൽ ലൈബ്രറിയിലെ കൊടവയറൻ പറഞ്ഞു നീ ഇറങ്ങീന്ന്. ദേ, ഒരു കോളുണ്ട്. ഇന്നും നാളേം രാത്രിയിൽ വീട്ടിൽ പോകാതിരുന്നാൽ കാര്യം നടക്കും. ചെറിയാൻ പറയുമ്പോൾ അവന്റെ നെറ്റിയിൽ ചുളിവുകൾ ഉണ്ടായി.

എന്താ കോള്? അവൻ രമേശിനേയും ചെറിയാനേയും മാറി മാറി നോക്കി. ഇന്നും നാളേം രമേശ് മണലുവാരാൻ പോകുന്നുണ്ട്. വേണെ കൂടെ ചെല്ല് അവൻ രമേശിനെ നോക്കി കോളജിനടുത്തുള്ള ലോഡ്ജിൽ താമസിക്കുന്ന ചരിത്രവിദ്യാർത്ഥി. ചിലപ്പോഴൊക്കെ പോക്കറ്റ് മണിക്കായി ഹോസ്റ്റലിലെ പിള്ളാർ മണലുവാരാൻ പോകുമെന്ന് അവനറിയാമായിരുന്നു. പോലീസ് പിടിക്കില്ലേ? അതു പോലെ എങ്ങനാടാ മണ്ണ് ചുമ്മുന്നേ, ചത്ത് പോകില്ലേ? റോഷനിൽ ആകുലത. വേണെ മതിടാ. വീട്ടിൽ കമ്പയിൻ സ്റ്റഡിക്ക് കൂട്ടുകാരന്റെ വീട്ടിപ്പോവാന്ന് വിളിച്ച് പറ തുടർന്ന് രണ്ട് ദിവസം കഴിഞ്ഞ് റോഷൻ ജെയിംസ് പാസ്റ്ററുടെ പാഴ്സനേജിലെത്തി. പാസ്റ്ററാന്റി വന്ന് എത്തിനോക്കിയിട്ട് ഒന്ന് ചിരിക്കാതെ പോലും തിരിഞ്ഞ് പോകുന്നു. അവൻ അരമതിലിലിരുന്നു. ശരീരം അനങ്ങുമ്പോൾ അസ്ഥികൾ നുറുങ്ങുന്ന വേദനയാണ്. ചെയ്യാത്ത പണി ചെയ്താൽ അങ്ങനെയാണെന്നാ രമേശ് പറഞ്ഞത്.

കുറേ കഴിഞ്ഞാണ് ജെയിംസ് പാസ്റ്റർ വന്നത്. കണ്ണുകളിൽ ഉച്ചയുറക്കത്തിന്റെ രേഖകൾ. സ്തോത്രം, എന്താടോ, ഫീസടച്ചില്ലേ? പാസ്റ്ററിൽ വരണ്ട ചിരി. അവൻ തലയാട്ടി.

പാസ്റ്റർ കാശ്... ആമുഖങ്ങളില്ലാതെ അവൻ കയ്യിലിരുന്ന നോട്ടുകൾ നീട്ടി. പപ്പാ ഏല്പിച്ചതാ. പാസ്റ്റർ കാശ് വാങ്ങിയപ്പോൾ ചിരിക്കുന്നില്ലായിരുന്നു. മറിച്ച്, അവനിലെ ആയാസത്തിലും അവശതയിലുമായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ. ആന്റി കൊണ്ട് വച്ച മധുരമില്ലാത്ത കാപ്പി കുടിച്ച് തിരികെ ഇറങ്ങുമ്പോൾ, ശരീരം പൊടിയുന്ന വേദന റോഷൻ പുറത്തുകാണിക്കാതിരിക്കാൻ ശ്രമിച്ചു. പാസ്റ്ററും അവന്റെ കൂടെ പടവുകൾ ഇറങ്ങി. കഴിഞ്ഞ ദിവസം അവൾ എന്നോടു പറഞ്ഞത് റോഷൻ കേട്ടു അല്ലേ; ഓടിപ്പോകുന്നത് ജനാലയിലൂടെ ഞാൻ കണ്ടു ഗെയിറ്റ് തുറക്കുന്നതിനിടയിലാണ് പാസ്റ്റർ അത് പറഞ്ഞത്. റോഷൻ തിരിഞ്ഞ് പാസ്റ്ററുടെ മുഖത്തേക്ക് നോക്കി. വിഷാദത്തിന്റെ മങ്ങിയ രേഖകൾ അവിടെ നിറയുന്നുണ്ടായിരുന്നു. പാസ്റ്റർ തുടരുന്നു: ഏത് പണിയാ ചെയ്യാമ്പോയെ? അവൻ ചിരിക്കാൻ ശ്രമിച്ചു.

അമ്മയോടും ആരോടും പറയല്ലേ പാസ്റ്റർ അവർ തമ്മിൽ കൈ കൊടുക്കുമ്പോൾ അവന്റെ കണ്ണിൽ ഏതോ നക്ഷത്രം വീഴ്ത്തിയ നിഴൽ പാസ്റ്റർ ജെയിംസ് കണ്ടു.

## പി. വൈ. പി. എ. കൺവൻഷൻ ന്യൂജേഴ്സിയിൽ

നിബു വെള്ളവന്താനം



പാസ്റ്റർ റൂഫസ് മാത്യൂസ്

**ന്യൂയോർക്ക്:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ യുവജന സംഘടനയായ പി. വൈ. പി. എ. നോർത്ത് അമേരിക്കൻ ഈസ്റ്റേൺ റീജിയൻ കൺവൻഷൻ ന്യൂജേഴ്സി ഹാക്കൻസാക്കിലുള്ള ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി സഭാഹാളിൽ മാർച്ച് 26,27 തീയതികളിൽ നടത്തപ്പെടും. 26 ശനിയാഴ്ച വൈകിട്ട് 7 മുതൽ 9 വരെയും ഞായറാഴ്ച രാവിലെ 9.30 മുതൽ 12.30 വരെയും നടത്തപ്പെടുന്ന കൺവൻഷനിൽ പ്രശസ്ത യുവജന പ്രഭാഷകനും കൗൺസിലറുമായ പാസ്റ്റർ റൂഫസ് മാത്യൂസ് മുഖ്യ പ്രഭാഷണം നടത്തും. റീജിയൻ കയർ ഗാനശുശ്രൂഷകൾക്ക് നേതൃത്വം നൽകും. പി. വൈ. പി. എ. പ്രസിഡന്റ് സാമുവേൽ തോമസ്, വൈസ് പ്രസിഡന്റ് റോബിൻ വർഗീസ്, സെക്രട്ടറി കോശി ജോൺ, ജോ. സെക്രട്ടറി സ്റ്റാൻലി സാമുവേൽ, ട്രഷറർ ഏബ്രഹാം മോനീസ് ജോർജ്, സിസ്റ്റർ ഐറിസ് ജേക്കബ് എന്നിവർ സമ്മേളനത്തിനു നേതൃത്വം നൽകുമെന്ന് മീഡിയാ കോർഡിനേറ്റർ ജോൺ സി തോമസ് അറിയിച്ചു.

യുവജനങ്ങളേയും കുട്ടികളേയും ഉദ്ദേശിച്ച് പ്രത്യേകമായ മീറ്റിങ്ങാണ് സംഘാടകർ ക്രമീകരിച്ചിരിക്കുന്നത്. യുവജനങ്ങളുടെ ഇടയിൽ ദൈവം ശക്തമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന യുവജന പ്രസംഗകനാണ് റവ. റൂഫസ് മാത്യൂസ്. ന്യൂജേഴ്സിയിലും സമീപ പ്രദേശങ്ങളിലുമുള്ള ശുശ്രൂഷകരും ഐ. പി. സി. ഈസ്റ്റേൺ റീജിയന്റെ ഭാരവാഹികളും ഈ മീറ്റിങ്ങിൽ പങ്കെടുക്കും.

## 01 പാസ്റ്റർ പി. എ. കുര്യൻ ഐ. പി. സി.....

വെസ്റ്റ് ബംഗാൾ സ്റ്റേറ്റ് ജനറൽ ബോഡിയിൽ പാസ്റ്റർ പി. എ. കുര്യൻ (പ്രസിഡന്റ്), പാസ്റ്റർ ജോസ്മോൻ ജോർജ്ജ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ ഫിന്നി പാറയിൽ (സെക്രട്ടറി), പാസ്റ്റർ പ്രദീപ് കുമാർ വി. കെ. (ജോ. സെക്രട്ടറി), ബ്രദർ പി. സി. ചാക്കോ (ട്രഷറർ) എന്നിവർ ഉൾപ്പെട്ട 21 അംഗ സ്റ്റേറ്റ് കൗൺസിലിനെ തെരഞ്ഞെടുത്തു. പാസ്റ്റർ പി. എ. കുര്യൻ, ബ്രദർ സുനിൽ വർഗീസ് എന്നിവർ സ്റ്റേറ്റ് കൗൺസിലിൽ നിന്നുള്ള ജനറൽ കൗൺസിൽ പ്രതിനിധികളായും തെരഞ്ഞെടുക്കപ്പെട്ടു.

പിറവം പാലച്ചുവട് പൂവത്തുങ്കൽ അഗസ്റ്റി-സാറാമ്മ ദമ്പതികളുടെ മകനായി ഉപ്പുതറയിൽ ജനിച്ച പാസ്റ്റർ പി. എ. കുര്യൻ മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയിൽ വേദപഠനം നടത്തി. 1979 മുതൽ വടക്കേ ഇന്ത്യയിൽ പ്രവർത്തിച്ചു വരുന്ന ഇദ്ദേഹം ഇപ്പോൾ ഫ്ളോറിഡയിൽ താമസിച്ചുകൊണ്ട് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഭാര്യ: സാറാമ്മ, മക്കൾ: മാത്യു, റിബേക്ക. കഴിഞ്ഞ ഏഴു വർഷമായി ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഐ. പി. സി.യുടെ പ്രവർത്തനങ്ങൾക്ക് ബംഗാളിൽ ശക്തമായ മുന്നേറ്റം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

സ്റ്റേറ്റ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ഫിന്നി പാറയിൽ ഓതറ പാറയിൽ കുടുംബാംഗവും ആനപ്രമ്പാൽ ഐ. പി. സി. സഭാശുശ്രൂഷകനുമായ പാസ്റ്റർ തോമസ് ഏബ്രഹാമിന്റെ മകനുമാണ്. ഇരുപതിലധികം വർഷമായി കർത്തൃശുശ്രൂഷയിലായിരിക്കുന്ന ഇദ്ദേഹം കഴിഞ്ഞ ഒമ്പതു വർഷമായി വെസ്റ്റ് ബംഗാളിൽ പ്രവർത്തിക്കുന്നു. ഇപ്പോൾ ഐ. പി. സി. കൊൽക്കത്ത ക്രിസ്റ്റ്യൻ അസംബ്ലിയുടെ പാസ്റ്ററായി ശുശ്രൂഷിക്കുന്നു. വൈസ് പ്രസിഡന്റ് പാസ്റ്റർ ജോസ്മോൻ ജോർജ് ഐ. പി. സി. അയിലറ സഭാംഗമായ ചേലപ്പള്ളി സി. റ്റി. ജോർജ്ജിന്റെ മകനാണ്. കഴിഞ്ഞ 22 വർഷമായി ശുശ്രൂഷയിലായിരിക്കുന്ന താൻ ഐ. പി. സി. കൊൽക്കത്ത പ്രെയർ സെന്ററിന്റെ ശുശ്രൂഷകനാണ്. ജോയിന്റ് സെക്രട്ടറി പാസ്റ്റർ പ്രദീപ്കുമാർ ഐ. പി. സി. ഡാർജലിങ്ങ് ക്രിസ്റ്റ്യൻ അസംബ്ലിയുടെ പാസ്റ്ററാണ്. ട്രഷറാർ ബ്രദർ പി. സി. ചാക്കോ ദീർഘവർഷമായി കൊൽക്കത്തയിലെ ഐ. പി. സി. പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമാണ്. ഇന്ത്യയിലെ മൂന്നാമത്തെ വലിയ പട്ടണമായ കൊൽക്കത്ത ഉൾപ്പെട്ട വെസ്റ്റ് ബംഗാൾ ജനസാന്ദ്രതയിൽ ഇന്ത്യയിലെ നാലാമത്തെ സംസ്ഥാനമാണ്. വില്യം കേറി, മദർ തേരസാ, മാർക്ക് ബന്റെൻ എന്നിവരുടെ കർമ്മഭൂമിയായിരുന്ന ബംഗാളിൽ ആണ് സെറാംപൂർ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനവും. മാത്രമല്ല ബംഗാളി ഭാഷയിലാണ് ഇന്ത്യയിൽ ആദ്യമായി വേദപുസ്തകം പ്രസിദ്ധീകരിക്കപ്പെട്ടത്. ഇവയൊക്കെ യാഥാർത്ഥ്യമായിരിക്കുമ്പോൾത്തന്നെ ഇപ്പോഴും വെസ്റ്റ് ബംഗാളിലെ 10 കോടിയിലധികം വരുന്ന ജനങ്ങളിൽ ഒരു ശതമാനത്തിൽ വളരെ താഴെ മാത്രമേ ക്രൈസ്തവരുള്ളൂ എന്നുള്ളത് ഒരു ദുഃഖസത്യമാണ്. 20 റവന്യൂ ജില്ലകളുള്ള വെസ്റ്റ് ബംഗാളിനെ 7 മിഷൻ സെന്ററുകളായി തിരിച്ച് അടുത്ത പത്തു വർഷത്തിനകം 500 സഭകൾ എന്ന ലക്ഷ്യത്തോടെ ശക്തമായ പ്രവർത്തന പദ്ധതികൾക്ക് സ്റ്റേറ്റ് കൗൺസിൽ രൂപം നൽകിയിട്ടുണ്ട്.

# ഐ.പി.സി ഫാമിലി കോൺഫറൻസ് പ്രമോഷണൽ മീറ്റിംഗ്



**ഹൂസ്റ്റൺ:** 14-ാ മത് ഐ.പി.സി ഫാമിലി കോൺഫറൻസിന്റെ പ്രമോഷണൽ മീറ്റിംഗ് ഹൂസ്റ്റൺ ഐ.പി.സി ഹെബ്രോണിൽ നടന്നു. ഐ.പി.സി മിഡ്‌വെസ്റ്റ് റീജിയൺ പ്രസിഡന്റ് പാസ്റ്റർ ഷാജി ഡാനിയേൽ അദ്ധ്യക്ഷത വഹിച്ചു. ബ്രദർ കെ.സി. ജേക്കബ് സ്വാഗതം ആശംസിച്ചു. നാഷണൽ കൺവീനർ റവ. ജോൺ തോമസ് കോൺഫറൻസ് തീമിന്റെ വിശദീകരണം നൽകി. കോൺഫറൻസിന്റെ ക്രമീകരണങ്ങളെ കുറിച്ചും രജിസ്ട്രേഷനെ കുറിച്ചും നാഷണൽ സെക്രട്ടറി ബ്രദർ ജോസ് ശാമുവേൽ വിശദീകരിച്ചു. യുവജന സമ്മേളനക്രമീകരണങ്ങളെ കുറിച്ച് യൂത്ത് കൺവീനർ ബ്രദർ സാം മാത്യുവും സഹോദരി സമ്മേളനത്തെക്കുറിച്ച് സിസ്റ്റർ മേഴ്സി ഡാനിയേലും വിശദീകരണെ നൽകി. പാസ്റ്റേഴ്സ് ജോയി കൈപ്പട്ടൂർ, മാത്യു ഉമ്മൻ, ഫിന്നി ആലുംമൂട്ടിൽ, ഏബ്രഹാം ചാക്കോ, സാംകുട്ടി മാത്യു, രാജു ജോൺ, സ്റ്റാൻലി ഡാനിയേൽ, ബ്രദേഴ്സ് കെ.എ. തോമസ്, ഗ്രേപ്സൺ, ഷാജി സമുവേൽ, ജോയി തുമ്പമൺ, കെ.വി. വർഗ്ഗീസ്, റ്റിജു തോമസ്, എലിയാസർ ചാക്കോ, ജോസഫ് കുര്യൻ, വെസ്‌ലി ആലുംമൂട്ടിൽ, ബേബി കുര്യൻ തുടങ്ങിയവർ ആശംസ അറിയിച്ചു. ജോസ് ശമുവേൽ നന്ദി അറിയിച്ചു. പാസ്റ്റർ കെ.സി. ചാക്കോ പ്രാർത്ഥിച്ച് ആശീർവാദം പറഞ്ഞു.

# പാസ്റ്റർ സാജു ജോസഫ് ഡയറക്ടർ, ഡോ. ജോൺ അലക്സ് പ്രിൻസിപ്പൽ

**കുമ്പനാട്:** ഇൻഡ്യാ ബൈബിൾ കോളജ് ആന്റ് സെമിനാരിയുടെ ഡയറക്ടറായി പാസ്റ്റർ സാജു ജോസഫും പ്രിൻസിപ്പലായി ഡോ.ജോൺ അലക്സും പുതിയതായി ചുമതലയേറ്റു. ATA കോഴ്സുകളുടെ ചുമതല ഡയറക്ടർക്കും സെറാമ്പൂർ കോഴ്സുകളുടെ ചുമതല പ്രിൻസിപ്പലിനും ആയിരിക്കും.

പാസ്റ്റർ റ്റി. എസ്സ്. ഏബ്രഹാം (പ്രസിഡന്റ് എമിരറ്റ്സ്), പാസ്റ്റർ ഡോ. റ്റി. വൽസൻ ഏബ്രഹാം (പ്രസിഡന്റ്), മിസ്സിസ് സ്റ്റർലാ ലൂക്ക് (വൈസ് പ്രസിഡന്റ്, ഡെവലപ്പ്മെന്റ്) എന്നിവർ സെമിനാരിക്ക് അനുഗ്രഹീത നേതൃത്വം നൽകി വരുന്നു.

പാസ്റ്റർ പി. ഏ. മാത്യു മലയാളം മീഡിയം വൈസ് പ്രിൻസിപ്പലായി പ്രവർത്തിക്കുന്നു.

# റൈറ്റേഴ്സ് ഫോറം അവാർഡിന് രചനകൾ സ്വീകരിക്കുന്നു

കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം ഈ (2016) വർഷത്തേക്കുള്ള അവാർഡിന് രചനകൾ സ്വീകരിക്കുന്ന തീയതി മേയ് 14- മുമ്പായി ലഭിച്ചിരിക്കണമെന്ന് ഭാരവാഹികൾ അറിയിച്ചു.അമേരിക്കൻ ഐക്യനാടുകളിലും കാനഡായിലുമുള്ള പെന്തക്കോസ്ത് എഴുത്തുകാരുടെയും വാർത്താമാധ്യമ പ്രവർത്തകരുടെയും ഐ ക്യവേദിയാണ് കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം. ലേഖനം, ചെറുകഥ, പുസ്തകം, ഗാനരചന, കവിത, ഭാവന, ന്യൂസ് ഫീച്ചർ എന്നീ മേഖലകളിൽ മലയാളത്തിലും ഇംഗ്ലീഷിലും വിഭാഗങ്ങളിൽ താലന്തുകൾ തെളിയിച്ചവർക്കാണ് ഈ വർഷം അവാർഡുകൾ നൽക്കുന്നത്.

2015-ൽ എഴുതി പ്രസിദ്ധീകരിച്ച കൃതികളാണ് അവാർഡിനായി പരിഗണിക്കുന്നത്. രചനകൾ അയക്കുന്നവർ അത് പ്രസിദ്ധീകരിച്ച കോപ്പി ചേർത്തുവേണം അയക്കുവാൻ. അതോടൊപ്പം എഴുത്തുകരുടെ പേര്, അഡ്രസ്, ടെലിഫോൺ നമ്പർ, പാസ്പോർട്ട് സൈസ് ഫോട്ടോ, മെമ്പർഷിപ്പ് ഫീ (50 ഡോളർ) എന്നിവയും ഉണ്ടായിരിക്കണം. പുസ്തകങ്ങളും സി. ഡി.കളും അയക്കുന്നവർ മൂന്നു കോപ്പികൾ അയച്ചിരിക്കണം. ഗാനങ്ങൾ സമർപ്പിക്കുന്നവർ അത് പ്രസിദ്ധീകരിച്ച പാട്ടു പുസ്തകത്തിന്റെ കോപ്പിയോ സി.ഡിയുടെ കോപ്പിയോ അയക്കണം. ഏത് ഗാനമാണ് മത്സരത്തിനായി ഉൾപ്പെടു ത്തേണ്ടത് എന്ന് പ്രത്യേകം പറഞ്ഞിരിക്കണം. പ്രസിദ്ധീകരണങ്ങൾ, വ്യക്തികൾ, സംഘടനകൾ എന്നിവർക്കും എഴുത്തുകാർക്കു വേണ്ടി രചനകൾസമർപ്പിക്കാവുന്നതാണ്. മെമ്പർഷിപ്പ് ഫീ കൂടാതെയുള്ള രചനകൾ പരിഗണിക്കുന്നതല്ല.

നിലവിലുള്ള എക്സിക്യൂട്ടീവ് ഭാരവാഹികൾ നിശ്ചയിക്കുന്ന ഒരു പാനലായിരിക്കും അവാർഡ് ജേതാക്കളെ തിരഞ്ഞെടുക്കുന്നത്. ഭാരവാഹികളുടെയും ജഡ്ജസിന്റെയും തീരുമാനം അന്തിമമായിരിക്കും. സാഹിത്യ രചനകൾ അയക്കുന്നവർ തങ്ങളുടെ പൂർണ്ണവിവരങ്ങൾ, പാസ്പോർട്ട് സൈസ് ഫോട്ടോ, മെമ്പർഷിപ്പ് ഫീ (50 ഡോളർ) എന്നിവ താഴെ കാണുന്ന ഏതെങ്കിലും അഡ്രസിൽ മേയ് 14 നകം ലഭിക്കത്തക്കവണ്ണം അയക്കേണ്ടതാണ്.

**Rev. Babu Thomas, 11 First Place,**
**Garden City Park, NY 11040**
**Rajan Ariyappallil, P.O Box 620742,**
**Atlanta, GA 30362.**
**Email: kpwfusa@gmail.com**

2016 ജൂലൈ മാസത്തിൽ ഡാളസിൽ നടക്കുന്ന മലയാളി പെന്തക്കോസ്ത് (പിസിനാക്ക്) കോൺഫറൻസിൽ വിജയികൾക്ക് അവാർഡുകൾ നൽകപ്പെടും.

കൂടുതൽ വിവരങ്ങൾക്ക് : പാസ്റ്റർ ബാബു തോമസ്, പ്രസിഡന്റ് (516-726-0151), പാസ്റ്റർ തോമസ് കിടങ്ങാലിൽ, വൈസ് പ്രസിഡന്റ് (516-978-7308) ബ്രദർ രാജൻ ആര്യപ്പള്ളിൽ, സെക്രട്ടറി (678-571-6398), പാസ്റ്റർ ജോൺ തോമസ്, ജോ. സെക്രട്ടറി (713-478-2000), ബ്രദർ ജോയിസ് പി. മാത്യൂസ്, ട്രഷറർ (423-316-0582, സിസ്റ്റർ ഷേർളി ചാക്കോ, സിസ്റ്റേഴ്സ് കോർഡിനേറ്റർ (360-223-8249).

# പീഡിതർക്ക് സഹായഹസ്തവുമായെത്തുന്ന പെഴ്സിക്യൂഷൻ റിലീഫ്

പെഴ്സിക്യൂഷൻ റിലീഫ് ഇന്ത്യയിൽ പീഡ അനുഭവിക്കുന്ന ദൈവജനത്തിന് ആശ്വാസമാണ്. ഇന്ത്യയിലെ വിവിധ സ്റ്റേറ്റുകളിൽ സുവിശേഷ വിരോധികളുടെ അക്രമണത്തിന് വിധേയരാകുന്നവർക്ക് സഹായം നൽകുവാൻ പെഴ്സിക്യൂഷൻ റിലീഫ് ഓടിയെത്തുന്നു. അവർക്കാവശ്യമായ സാമ്പത്തിക സഹായത്തോടൊപ്പം നിയമസഹായവും രാഷ്ട്രീയപരമായ സഹായങ്ങളും നൽകുകയും ചെയ്യുന്നു. കൂടാതെ വീടും നാടും വിടേണ്ടി വരുന്നവർക്ക് താൽക്കാലിക പുനരധിവാസ സംവിധാനവും ഒരുക്കുന്നു. സുവിശേഷ വിരോധികളുടെ നോട്ടപ്പുള്ളിയായി മാറിക്കഴിഞ്ഞ സുവിശേഷകൻ ഷിബു തോമസാണ് ഈ പ്രസ്ഥാനത്തിന്റെ ചുക്കാൻ പിടിക്കുന്നത്. ടിിറ്ററിലൂടെ സുവിശേഷ വിരോധികൾ തനിക്കെതിരെ ശക്തമായ പ്രചാരണമാണ് നടത്തുന്നത്. ഇദ്ദേഹത്തെ കൊന്നുകളയണമെന്നും മറ്റുമുള്ള സന്ദേശം പ്രചരിക്കുമ്പോഴും ഈ സുവിശേഷകൻ ഭയചകിതനാകാതെ തന്റെ കൃത്യനിർവ്വഹണത്തിൽ മുഴുകുകയാണ്. മരണം ഒരു നാൾ വരും എന്നാൽ കർത്താവ് ഏല്പിച്ച ദൗത്യനിർവ്വഹണത്തിൽ പതറാതെ മുന്നേറുകയാണ് ദൈവപൈതലിന്റെ കടമ എന്നാണ് ഇദ്ദേഹത്തിന്റെ നിലപാട്. "ദുഷ്ടാത്മാവിന്റെ പ്രേരണയിൽ വിദ്യാസമ്പന്നരായ യുവാക്കൾ ജീവത്യാഗത്തിനു തയ്യാറാകുന്നു. എന്തുകൊണ്ട് നമുക്ക് കഴിയുന്നില്ല. മരണം ലാഭമെന്ന് പ്രസംഗിക്കുന്ന നമ്മൾക്ക് പ്രായോഗിക ജീവിതത്തിൽ മരണത്തെ ഭയമാണോ" ഷിബു തോമസ് ചോദിക്കുന്നു. 2015 മെയ് മാസത്തിലാണ് പെഴ്സിക്യൂഷൻ റിലീഫിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. "പ്രതികൂലത്തിലൂടെ കടന്നു പോകുന്ന ദൈവജനത്തെ സഹായിക്കുക" എന്ന ലക്ഷ്യം മാത്രമാണിതിനു പിന്നിൽ. 9 മാസത്തിനകം 180-ൽ പരം കേസുകളിൽ നിയമപരമായും സാമ്പത്തികമായും രാഷ്ട്രീയമായും ഉള്ള സഹായം നൽകുവാൻ കഴിഞ്ഞു. ബന്ധുക്കളും സുഹൃത്തുക്കളും നിരുത്സാഹപ്പെടുത്തിയെങ്കിലും കുടുംബം തന്റെ ദർശനത്തോടൊപ്പം നിന്നു.

പെന്തെക്കോസ്ത് കുടുംബത്തിൽ ജനിച്ചു വളർന്ന വ്യക്തിയായിരുന്നെങ്കിലും യൗവ്വനപ്രായത്തിൽ കർത്താവിൽ നിന്നകന്നു ജീവിച്ച ഷിബു ലോകമോഹങ്ങളിൽ ഓടി നടന്നു. മദ്ധ്യപ്രദേശിലെ ഭോപ്പാലിൽ ജനിച്ചു വളർന്ന ഇദ്ദേഹം കോളജ് പഠന ശേഷം ബിസിനസ് രംഗത്തേക്ക് എത്തി. റീക്കോ ജപ്പാന്റെ ഡീലറായി 2003-ലും 2004-ലും ഇന്ത്യയിലെ നമ്പർ-1 ഡീലറായി തെരഞ്ഞെടുക്കപ്പെട്ടു. 2004-ൽ കർത്താവിന്റെ സന്നിധിയിൽ സമർപ്പി



ഷിബു തോമസ്

ച്ചു. ആ വർഷം തന്നെ അമേരിക്കയിലേക്ക് കടന്നുപോയി. ലക്ഷക്കണക്കിനു രൂപയുടെ ലാഭം നേടിയ ബിസിനസുകാരനായിരുന്നെങ്കിലും സ്വന്തമായി ഒന്നും നേടുവാൻ കഴിഞ്ഞില്ല. റിയൽ എസ്റ്റേറ്റ് ബിസിനസിലേക്ക് എത്തിയ തനിക്ക് ഉയർച്ചകൾ നേടാൻ കഴിഞ്ഞു. 2 വർഷത്തിനു ശേഷം ഭോപ്പാലിൽ മടങ്ങിയെത്തി. കോൺട്രാക്ട് വർക്കുകളും മറ്റുമായി മുന്നേറി. രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിലുണ്ടായ ബന്ധങ്ങളും മറ്റും പലനിലകളിൽ ബന്ധങ്ങൾ വളർത്തി. ഭോപ്പാൽ പട്ടണത്തിൽ സ്ഥാവരജംഗമ വസ്തുക്കളും മറ്റുമായി അഭിവൃദ്ധിയുടെ ഈ ഘട്ടത്തിൽ ബി.ജെ.പിയുടെ ന്യൂനപക്ഷ വിഭാഗത്തിൽ അംഗീകാരം ലഭിച്ചു.

പ്രാർത്ഥിക്കുന്ന സഹധർമ്മിണിയും മാതാവും നൽകിയ പിന്തുണ തന്നെ ആത്മീയനുഭവങ്ങളിലൂടെ നടത്തി. സ്വന്ത ഭവനത്തിൽ ടെലിവിഷൻ പോലും ഉപയോഗിക്കാത്ത ഷിബു ആത്മീയ പാതയിലൂടെ മക്കളെയും നടത്തുവാൻ ബദ്ധശ്രദ്ധാലുവാണ്. ഏകമകൻ അലൻ സുവിശേഷ വയലിലേക്കിറങ്ങുവാൻ തയ്യാറാവുകയാണ്. ബൈബിൾ കോളജ് വിദ്യാർത്ഥിയായ അലൻ പിതാവിന്റെ നിലപാടുകൾക്കൊപ്പമാണ്.

ഉത്തര ഭാരതത്തിലും മറ്റും ദൈവജനം അനുഭവിക്കുന്ന പീഡകൾ തന്നെ പെഴ്സിക്യൂഷൻ റിലീഫിന്റെ പ്രവർത്തനത്തിലെത്തിക്കുകയായിരുന്നു. ആ പ്രവർത്തനത്തിലൂടെ അനേകരെ സഹായിക്കുവാൻ കഴിഞ്ഞു എന്നത് ചാരിതാർഥ്യം പകരുന്നു. പെഴ്സിക്യൂഷൻ റിലീഫിന്റെ പ്രവർത്തനത്തിനായി സ്വന്ത പണം ചെലവാക്കണമെന്നാണ് ദൈവാത്മാവ് പറഞ്ഞത്. അതിനാൽ തന്നെ ഇതിനായി ആരോടും സംഭാവന വാങ്ങാറില്ല. ചിലർ നിർബന്ധപൂർവ്വം ഏല്പിച്ച ചെറിയ തുകകൾ മറക്കുന്നില്ല. സഭാവ്യത്യാസം ഇല്ലാതെ പീഢ അനുഭവിക്കുന്നവർക്ക് അത്താണിയായി മാറുക എന്ന ലക്ഷ്യം മാത്രമാണ് തനിക്കുള്ളത്. വിവാദങ്ങളിൽ നിന്നകന്ന് നിൽക്കുവാൻ ആഗ്രഹിക്കുന്ന ഇദ്ദേഹം തന്റെ പ്രവർത്തനം ദൈവജനത്തിനാശ്വാസമായി ഭവിക്കണമെന്ന ലക്ഷ്യത്തിൽ മുന്നേറുകയാണ്. പെഴ്സിക്യൂഷൻ റിലീഫ് ഒരു ഐ.പി.സി സംഘടനയല്ല.

പ്രതികൂലങ്ങളിൽ നിലനിൽക്കുവാനും ഭയം കൂടാതെ സുവിശേഷം അറിയിക്കുവാനും പരിശുദ്ധാത്മാവ് നിറവാണാവശ്യം. മൂന്നരവർഷം യേശുവിനോടൊപ്പം നടന്ന ശിഷ്യരും പരിശുദ്ധാത്മാഭിഷേകത്താൽ നിറയപ്പെട്ടപ്പോൾ ഭയം കൂടാതെ സുവിശേഷം ഘോഷിച്ചു, ഇക്കാലത്തും ഇത് മറക്കുവാൻ പാടില്ല. ദൈവദാസന്മാർ പരിശുദ്ധാത്മ ശക്തിയാൽ സുവിശേഷഘോഷണത്തിന് സജ്ജരാകണമെന്നാണ് ഷിബു തോമസിന്റെ ആഹ്വാനം.

പൂവത്തൂർ കുരിയൻചിറ കെ. ജെ. തോമസ് - അന്നമ്മ ദമ്പതികളുടെ മകനാണ് ഷിബു തോമസ്

സഹധർമ്മിണി മിനിയും മക്കൾ അലനും, അബിഗയിലും പ്രവർത്തനത്തിൽ എന്നും പിന്തുണ നൽകുന്നു.

പെഴ്സിക്യൂഷൻ റിലീഫിനെക്കുറിച്ച് കൂടുതൽ അറിയുവാൻ സന്ദർശിക്കുക

**www. persecutionrelief.org**

## സഹായിക്കുക

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് കേന്ദ്രീകരിച്ച് ദൈവസഭയുടെ ഒരു പ്രവർത്തനം ആരംഭിക്കുവാൻ ദൈവം സഹായിച്ചു. ഇപ്പോൾ ആറുപേരിൽ കൂടുതൽ വിശ്വാസികൾ ആരാധനയ്ക്ക് കടന്നു വരുന്നുണ്ട്. അല്പം സ്ഥലം വാങ്ങുവാൻ നല്ലവരായ ദൈവമക്കളുടെയും സഭകളുടെയും നിർലോഭമായ സഹായസഹകരണവും പ്രാർത്ഥനയും ഞങ്ങൾ സഭയായി അപേക്ഷിക്കുന്നു.

സഭയ്ക്കുവേണ്ടി

**കുര്യൻ മാത്യു, 9447553915**

**Church of God in India**
**A/C: 44980100002975**
**Bank of Baroda, Nedumangad**

## ഏകദിന പ്രവർത്തനം

**ആലപ്പുഴ:** ഐ. പി. സി. ആലപ്പുഴ വെസ്റ്റ് സെന്റർ സോദരി സമാജത്തിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 16-ന് വണ്ടാനം കേന്ദ്രീകരിച്ച് ഏകദിന പ്രവർത്തന സമ്മേളനവും ഭവനസന്ദർശനവും നടന്നു.സോദരി സമാജം പ്രവർത്തകരായ ആനി തോമസ്, ബേബിക്കുട്ടി തോമസ്, അച്ചാമ്മ മാത്യു എന്നിവർ നേതൃത്വം നൽകി. പാസ്റ്റർ ഏബ്രഹാം ജോർജ്ജ് പ്രസംഗിച്ചു.

## ഭാരവാഹികൾ



പാസ്റ്റർ എം.ജി. ഇമ്മാനുവേൽ



ഡോ. സാജൻ സി. ജേക്കബ്

പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ കുന്നംകുളം ചാപ്റ്ററിന്റെ രൂപീകരണം 2016 മാർച്ച് 3-ാം തീയതി വ്യാഴാഴ്ച്ച വൈകിട്ട് 6ന് കുന്നംകുളം സീനിയർ ഗ്രൗണ്ടിന് സമീപമുള്ള ബഥേൽ ബാപ്റ്റിസ്റ്റ് ചർച്ചിൽ വെച്ച് ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ ഇൻ ഇന്ത്യ ഗുരുവായൂർ കുന്നംകുളം ഏരിയ കൺവീനർ പാസ്റ്റർ എം.ജി. ഇമ്മാനുവേലിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. താഴെ പറയുന്നവരെ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടു. സി.സി. ബാബു (രക്ഷാധികാരി), പാസ്റ്റർ എം.ജി. ഇമ്മാനുവേൽ (പ്രസിഡന്റ്), സാജൻ സി. ജേക്കബ് (സെക്രട്ടറി), പാസ്റ്റർ ബെന്നി ജോസഫ്, പാസ്റ്റർ സുനിൽ വിൽസൺ (വൈസ് പ്രസിഡന്റ്സ്), പാസ്റ്റർ ജെയ്സൺ ഇ.റ്റി (ജോ. സെക്രട്ടറി), ഇവാ. ഷാജൻ മുട്ടത്ത് (ട്രഷറർ), അജീഷ് കെ. മാത്യു (പബ്ലീ. കൺവീനർ), കമ്മറ്റി അംഗങ്ങളായി പാസ്റ്റർമാരായ അനിൽ തിമോത്തി, കെ.വി. പാപ്പച്ചൻ, ജോൺസൺ ടി.വി, കെ.എ. ഡേവിസ്, സി.സി.ജോൺ, ബ്രദർ ബെൻസൺ സഖറിയ, ബ്രദർ ജോർജ് സി.ഐ എന്നിവരെ ഭാരവാഹികളായി തിരഞ്ഞെടുത്തു.



## കവിത

ഷെറിൻ സാറാ പോൾ, ചങ്ങനാശ്ശേരി

### മായലോകം

നീതി സൂര്യൻ ഉദിച്ചിടും നേരം
മഞ്ഞുതുള്ളിപോൽ അലിഞ്ഞുപോയിടും-
മനുഷ്യ - സ്ഥാനമാനങ്ങൾ
ഒരിക്കലും നിവർത്തിയാകില്ലെന്ന-
റിഞ്ഞീടിലും ഏകിടുന്നു-
വാഗ്ദാന - കൂമ്പാരങ്ങൾ
കണ്ണുചിമ്മും നേരത്തായ് മാറിപോയിടും
സ്ഥാനങ്ങൾ - മാനങ്ങൾ - അവർ
നൽകിടും പ്രതീക്ഷകളെല്ലാം.
ആദ്യം കണ്ടീടും നേരം - പുഞ്ചിരിതൂകിടും-
മുഖങ്ങൾ - പിന്നെ മാറിടുന്നു-
വിരൂപമാം മുഖങ്ങൾ
ദ്രവ്യത്തിനു മുമ്പിൽ മറിഞ്ഞുപോയി-
ടുന്നു മനുഷ്യർ - തൻ- ചിന്തകളെല്ലാം
അവർ തൻ മുഖചട്ടകൾ അഴിഞ്ഞു വീണിടുന്നു
കണ്ടിട്ടും കാണാതെ പോയിടുന്നു-
മിണ്ടീട്ടും മിണ്ടാതെ ലോകത്തിൽ കിട്ടിടും-
കീറിടുന്നു മനുഷ്യർ പരസ്പരം
ഓർത്തീടുക മനുജാ നീ-
ലോകർ നൽകിടും പദവികളെല്ലാം
മായയായി തോന്നിടും ഒരുനാൾ-



**കട്ടപ്പന:** ഇൻഡ്യാ പെന്തെക്കോസ്തു ദൈവസഭയുടെ പുത്രികാ സംഘടനയായ സണ്ടേസ്കൂൾ അസ്സോസിയേഷന്റെ പുതുതായ രൂപികരിക്കപ്പെട്ട ഹൈറേഞ്ച് മേഖലയുടെ 2016 - 2019 വർഷത്തേക്കുള്ള ഭരണസമിതി തെരഞ്ഞെടുത്തു. പ്രസിഡന്റ് പാസ്റ്റർ ജോസഫ് ജോൺ തേക്കടി, വൈസ് പ്രസിഡന്റ് പാസ്റ്റർ സുരേഷ്കുമാർ ഉ പ്പുതറ, സെക്രട്ടറി പാസ്റ്റർ ജിസ്മോൻ ജോ സഫ് കട്ടപ്പന, ജോയിന്റ് സെക്രട്ടറി കെ.ജെ. കുര്യാക്കോസ് കുമളി, ട്രഷറാർ പാ സ്റ്റർ സാലസ് ജേക്കബ് പീരുമേട്, വി . ബി. എസ് കോർഡിനേറ്റർ പാസ്റ്റർ ജോൺ സൺ ബെന്നി നെടുങ്കണ്ടം, എന്നിവരെ എക്സിക്യൂട്ടീവ് അംഗങ്ങളായും, പാസ്റ്റർ ബിജു വർഗീസ് തേക്കടി (പബ്ലിസിറ്റി കൺവീനർ), പാസ്റ്റർ ജെയിംസ് അലക്സാണ്ടർ ഉപ്പുതറ, പാസ്റ്റർ സി.വി. എബ്രഹാം കുമളി, ബ്രദർ സാജു കെ.സി കട്ടപ്പന, ബ്രദർ റെജി ഫിലിപ്പ് പീരുമേട്, ബ്രദർ റജി തോമസ് നെടുംങ്കണ്ടം, ഷൈജു കെ.കെ. തേക്കടി എന്നിവരെ കമ്മറ്റിയംഗങ്ങളായും തിരഞ്ഞെടുത്തു.

## ഏ. ജി. മലബാർ സൺഡേ സ്കൂൾ മെഗാ ബൈബിൾ ക്വിസ് സമ്മാനദാനം



**കോഴിക്കോട്:** അസംബ്ലീസ് ഓഫ് ഗോഡ് മലബാർ ഡിസ്ട്രിക്ട് സൺഡേസ്കൂൾ പ്രായഭേധമന്യേ നടത്തിയ 'ബിബ്ലിയോസ് മെഗാ ബൈബിൾ ക്വിസ്' വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. കോഴിക്കോട് നടന്ന പൊതുസഭായോഗത്തിൽ വച്ച് ഡിസ്ട്രിക്ട് സൂപ്രണ്ട് റവ. വി.ടി.ഏബ്രഹാം, അസി. സൂപ്രണ്ട് റവ. വി.സി. ഏബ്രഹാം, സെക്രട്ടറി റവ. കെ.കെ.മാത്യു, ട്രഷറർ റവ. റ്റി.ഒ. സാബു, കമ്മറ്റി അംഗം റവ. സി.വി. വിൽസൺ തുടങ്ങിയവരാണ് സമ്മാനങ്ങൾ വിതരണം ചെയ്തത്.

ഒന്നാം സമ്മാനമായ 10001 രൂപയും പ്രശസ്തി പത്രവും കാര്യമ്പാടി ചർച്ച് സണ്ടേസ്കൂൾ വിദ്യാർത്ഥിനിയായ എയ്ഞ്ചല സാറയാണ് സ്വന്തമാക്കിയത്. രണ്ടാം സമ്മാനം 7001 രൂപയും പ്രശസ്തി പത്രവും സി. മേരി കെ.എ(കൊയിലാണ്ടി) എന്നിവരും ജൂനിയർ വിഭാഗത്തിൽ അനീന എലിസബത്ത് (ചിറ്റാരിക്കൽ), റ്റോയൽ വർഗീസ്(പുതുപ്പാടി) എന്നിവർ യഥാക്രമം 2001, 1001 രൂപയും പ്രശസ്തി പത്രവും കരസ്ഥമാക്കി. സെക്ഷൻ തലത്തിലെ വിജയികൾക്കുൾപ്പെടെ അൻപതിനായിരത്തിൽ അധികം രൂപയുടെ സമ്മാനങ്ങൾ വിതരണം ചെയ്തതായി മലബാർ സൺഡേ സ്കൂൾ ഡയറക്ടർ ഇവാ. ജോയി മുളയ്ക്കൽ, സെക്രട്ടറിയും ട്രഷറാറുമായിരക്കുന്ന തോംസൺ ഒറ്റത്തെങ്ങിൽ എന്നിവർ അറിയിച്ചു.



## നിച്ച് ഓഫ് ട്രൂത്തിന്റെ കപട വാദങ്ങൾക്ക് മറുപടി

**തിരുവനന്തപുരം:** നിച്ച് ഓഫ് ട്രൂത്തിന്റെ കപടവാദങ്ങൾക്ക് മറുപടി നല്കുന്നു. ഏപ്രിൽ 10-ന് 3 മണി മുതൽ 8.30 വരെ തിരുവനന്തപുരം രാജാജി നഗർ രാജീവ്ഗാന്ധി മെമ്മോറിയൽ ഹാളിൽ വെച്ച് സംവാദം നടക്കും. ബൈബിളിന്റെ ദൈവീകത, ത്രിയേകത്വം, യേശുക്രിസ്തുവിന്റെ ദൈവത്വം, പൗലോസിന്റെ ലേഖനങ്ങളുടെ ആധികാരികത, ക്രൂശുമരണത്തിലൂടെയുള്ള രക്ഷ എന്നീ വിഷയങ്ങളെ കുറിച്ച് പാസ്റ്റർമാരായ ജെയ്സ് പാണ്ടനാട്, തോമസ് ചാക്കോ, രതീഷ് റോബിൻ എന്നിവർ പ്രസംഗിക്കും, മുഹമ്മദ് ഇസായുടെ പുസ്തകങ്ങലുടെ ഖണ്ഡനവും നടക്കും.

## 12 യുവതലമുറയെ വഴിതെ...

എറണാകുളത്ത് നടന്ന ഡിങ്കമത സംഗമത്തിൽ മതവിശ്വാസങ്ങളെ ആക്ഷേപിക്കുന്ന പരിപാടികൾ അരങ്ങേറിയെന്ന് മാത്രമല്ല, രോഗശാന്തി ശുശ്രൂഷയെയും സുവിശേഷ പ്രഭാഷണങ്ങളെയും അനുകരിച്ച് കോമാളിത്തരങ്ങൾ വരെ അവതരിപ്പിക്കപ്പെട്ടു. ഇതിനെല്ലാം പത്രദൃശ്യ മാധ്യമങ്ങൾ പ്രചാരണം നല്കുകയും ചെയ്തു.

ഡിങ്കോയിസം എന്ന മതത്തെ ഒരു തമാശയായി കാണുന്നവരാണ് അധികവും. എന്നാൽ ഈ സോഷ്യൽ മീഡിയ മതം പുറത്തുവിടുന്ന ഓരോ 'പോസ്റ്റും'കളും യുക്തിവാദത്തിന്റെ ആശയങ്ങളാണ് പ്രചരിപ്പിക്കുന്നത്. ചുരുക്കത്തിൽ അടിയുറച്ച ദൈവവിശ്വാസത്തെ ചോദ്യം ചെയ്യുന്നതിനും സംശയത്തിന്റെ വിത്തുപാകി വിശ്വാസികളെ ദൈവത്തിൽ നിന്നും അകറ്റുന്നതിനും ഇവരു പ്രചാരണങ്ങൾ നിമിത്തമായേക്കാം. മതങ്ങളുടെ അപചയങ്ങളെപ്പറ്റിയും അക്രമങ്ങളെപ്പറ്റിയുമൊക്കെ ഡിങ്കോയിസ്റ്റുകൾ വാചാലരാകുന്നതു കൊണ്ട് തന്നെ ഇവർക്ക് ലഭിക്കുന്ന മാധ്യമശ്രദ്ധയും ആളുകളെ ഇവരിലേക്ക് ആനയിക്കുന്നതിന് കാരണമാകുന്നു.

സോഷ്യൽ മീഡിയയിൽ സജീവമാകുന്ന വിശ്വാസി യുവജനങ്ങളെ സംബന്ധിച്ചിടത്തോളം എലിയെ പിടിക്കാൻ വെക്കുന്ന 'വിഷക്കേക്ക്' പോലെ ഡിങ്കോയിസ്റ്റുകളുടെ കൈയ്യിൽ കുടുങ്ങാവുന്നതേയുള്ളൂ.

അറിഞ്ഞോ അറിയാതെയോ തങ്ങൾ പിന്തുടരുന്ന 'ഗ്രൂപ്പുകളും' 'പേജുകളും' പുറത്തുവിടുന്ന ദൈവനിഷേധം യുവമനസുകളുടെ മസ്തിഷ്കങ്ങളെ മാറ്റിമറിക്കുന്നതിന് വലിയ സമയമൊന്നും വേണ്ടിവരില്ല. യുക്തിവാദത്തിന്റെയും ദൈവനിഷേധത്തിന്റെയും പടുകുഴിയിലേക്കാവും ഇവർ പതിക്കുക. ഇത് മുൻകൂട്ടി തിരിച്ചറിയുന്നതിനും ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചു കൊൾവീൻ (മത്തായി24:8) എന്ന അരുമനാഥന്റെ വാക്കുകൾ അന്വർത്ഥമാക്കുന്നതിനും നമ്മുടെ യുവജനങ്ങൾക്കും സഭകൾക്കും കഴിയേണ്ടിയിരിക്കുന്നു.

BELIEVERS JORUNAL
Kandankeril Building
Kumabanad P.O., Thiruvalla
Email: beljourn@gmail.com/ Website: www.beljourn.com

# നിത്യതയിൽ



**പാസ്റ്റർ റ്റി. എൻ. തങ്കപ്പൻ (82)**

**റാന്നി-നെല്ലിക്കമൺ:** ഇൻഡ്യാ പെന്തെക്കോസ്ത് ദൈവസഭ സീനിയർ ശുശ്രൂഷകൻ തൈപ്പുരയിടത്തിൽ പാസ്റ്റർ റ്റി. എൻ. തങ്കപ്പൻ (82) കർത്താവിൽ നിദ്ര പ്രാപിച്ചു. സംസ്കാരം ഇന്ന് (വെള്ളി 18/03/2016) 10:30 മണിക്ക് ഐ. പി. സി. നെല്ലിക്കമൺ താബോർ സെമിത്തേരിയിൽ ഭാര്യ: പരേതയായ വി. ജി. തങ്കമ്മ പുല്ലാട് വട്ടംപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: സുധ, പാസ്റ്റർ റ്റി. റ്റി. സൈമൺ (ഇൻഡ്യ ബൈബിൾ കോളേജ് & സെമിനാരി അധ്യാപകനും, ഐ. പി. സി. ശാലേം കടമാംകുളം ശുശ്രൂഷകൻ). പരേതയായ സോമിനി. മരുമക്കൾ: സുകുമാർ, ഷിജി സൈമൺ.



**എ. ജെ. മാത്യു (70)**

**ആയൂർ:** മലപ്പേരൂർ കാട്ടുപാമ്പനത്ത് ബഥേൽ ഭവൻ എ.ജെ. മാത്യു (കുഞ്ഞുമോൻ-70)കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം ഐപിസി മലപ്പേരൂർ ബഥേൽ ഹാളിൽ ശുശ്രൂഷകൾക്കു ശേഷം കരിക്കം സെമിത്തേരിയിൽ നടത്തി.

ഭാര്യ:കുഞ്ഞുമോൾ

മക്കൾ: ഷൈനി, പാസ്റ്റർ ഷൈജു മാത്യു, ബൈജു മാത്യു

മരുമക്കൾ: പാസ്റ്റർ ജോൺസൺ. ആർ, റെൻസി, സിമി



**അന്നമ്മ മാത്തുണ്ണി (പെണ്ണമ്മ - 84)**

**പഴമ്പാലക്കോട്:** കോഴഞ്ചേരി വടക്കേത്ത് വീട്ടിൽ പരേതനായ മാത്തുണ്ണിയുടെ ഭാര്യ അന്നമ്മ മാത്തുണ്ണി (പെണ്ണമ്മ-84) മാർച്ച് 17 വ്യാഴാഴ്ച രാത്രി 10.30ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മല്ലപ്പള്ളി കവിയൂർ കാതേട്ട് വീട്ടിൽ പരേതനായ കെ. വി. ചെറിയാൻ ഉപദേശിയുടെ മൂത്തമകളുമായ അന്നമ്മ 1925ൽ ജനിച്ചു. സംസ്കാരം തിരുവില്ലാമല ഏ. ജി. സഭയുടെ നേതൃത്വത്തിൽ കൊണ്ടാഴി കായംപൂവ്വം മക്പേല സെമിത്തേരിയിൽ നടത്തി.

മക്കൾ: മറിയാമ്മ, പാസ്റ്റർ വി. എം. ചെറിയാൻ, വറുഗീസ്, ഏലിയാമ്മ, ശോശാമ്മ, മത്തായി, സാറാമ്മ, പാസ്റ്റർ വി. എം. ജോൺ, അന്നമ്മ, ഏബ്രഹാം, ചിന്നമ്മ

# കൺവൻഷൻ

**നെയ്യാറ്റിൻകര:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ നെയ്യാറ്റിൻകര ഡിസ്ട്രിക്ടിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ ഏഴ് വർഷമായി നടന്നുവരുന്ന കാഞ്ഞിരംതോട്ടം കൺവൻഷന്റെ 8-ാമത് കൺവൻഷൻ 2016 ഏപ്രിൽ 11 മുതൽ 17 വരെ വ്ളാത്താങ്കരയ്ക്ക് സമീപമുള്ള ബഥേൽപുരത്ത് വച്ച് നടക്കും. പാസ്റ്റർമാരായ പി. സി ചെറിയാൻ, കെ. ജോയി, അജി തോമസ്, പി. എ ജെറാൾഡ്, സജി ഏബ്രഹാം, ബൈജു മാലക്കര തുടങ്ങിയവർ പ്രസംഗിക്കും. പത്തനാപുരം ശാലോം വോയ്സ് ഗാനങ്ങളാലപിക്കും. പാസ്റ്റർ വൈജു വെങ്കടമ്പ് കൺവീനറായി കൺവൻഷന് നേതൃത്വം നൽകും.

**റാന്നി:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ റാന്നി ഈസ്റ്റ് ഡിസ്ട്രിക്റ്റ് കൺവൻഷൻ മാർച്ച് 31 വ്യാഴം മുതൽ ഏപ്രിൽ 3 ഞായർ വരെ ചെല്ലയ്ക്കാട് കൺവൻഷൻ നഗറിൽ നടക്കുന്നതാണ്. ഉദ്ഘാടനം പാസ്റ്റർ കെ. എസ്. തോമസ്കുട്ടി (ഡിസ്ട്രിക്റ്റ് വൈസ് പ്രസിഡന്റ്) നിർവ്വഹിക്കും. പാസ്റ്റർമാരായ പി.ജെ. ജെയിംസ് (സ്റ്റേറ്റ് ഓവർസിയർ), പി.സി. ചെറിയാൻ (ഡിസ്ട്രിക്റ്റ് പാസ്റ്റർ), രാജു പൂവക്കാല(ഐ.പി.സി. സ്റ്റേറ്റ് വൈസ് പ്രസിഡന്റ്), ഇവാ: പി. ഐ. എബ്രഹാം (കാനം അച്ചൻ), പാസ്റ്റർ സജി ജോർജ് (സി.ജി.ഐ. ഇവാഞ്ചലിസം സെക്രട്ടറി), വൈ. റെജി (സി.ജി.ഐ. ചാരിറ്റി ഡയറക്ടർ) എന്നിവർ ദൈവവചനം ശുശ്രൂഷിക്കും. ഉപവാസ പ്രാർത്ഥന, സഹോദരി സമ്മേളനം, വൈ.പി.ഇ, സണ്ടേസ്കൂൾ സമ്മേളനം ഉണ്ടായിരിക്കും. സംയുക്ത ആരാധനയോടെ കൺവൻഷൻ സമാപിക്കും. ബ്ലെസ്സൻ മേമനയുടെ നേതൃത്വത്തിൽ ഡിസ്ട്രിക്ട് ക്വയർ ഗാനങ്ങൾ ആലപിക്കും. കൺവൻഷനു വേണ്ടി പാസ്റ്റർ പി.സി. ചെറിയാൻ (ജനറൽ കൺവീനർ), പാസ്റ്റർ സി.റ്റി. ദാനിയേൽ (പബ്ലിസിറ്റി കൺവീനർ)

# 01 പാസ്റ്റർ റ്റി.ജെ സാമുവൽ....

കമ്മറ്റി അംഗം പാസ്റ്റർ എം. എ. ഫിലിപ്പ് എറണാകുളം ഇടക്കൊച്ചി എ.ജി സഭയുടെ പാസ്റ്ററാണ്. നിലവിൽ തൃശ്ശൂർ, എറണാകുളം, ഇടുക്കി ജില്ലകൾ ഉൾപ്പെടുന്ന ഉത്തമേഖലയുടെ ഡയറക്ടറാണ്. നേരത്തെ കോട്ടയം സെക്ഷ ൻ പ്രസ്ബിറ്ററായി പ്രവർത്തിച്ചിട്ടുണ്ട്. വിവിധ പ്രാദേശീക സഭകളിൽ ശുശ്രൂഷകനായിരുന്നിട്ടുള്ള പാസ്റ്റർ എം.എ ഫിലിപ്പ് ബഥേൽ ബൈബി ൾ കോളേജിൽ വേദപഠനം പൂർ ത്തീകരിച്ചത്.

തിരുവനന്തപൂരം മുതൽ തൃ ശ്ശൂർവരെയുള്ള എട്ട് റവന്യു ജില്ലകളിലായി 800 പ്രാദേശീക സഭകളാണ് അസംബ്ലീസ് ഓഫ് ഗോ ഡ് മലയാളം ഡിസ്ട്രിക് ടിനുള്ളത്. 7-ന് രാവിലെ 9- ന് ആരംഭിച്ച കോൺഫറൻസ് സൂപ്രണ്ട് പാസ്റ്റർ ടി.ജെ സാമൂവൽ ഉദ്ഘാ ടനം ചെയ്തു. കാനം അച്ചൻ ധ്യാനപ്രസംഗം നടത്തി. പാസ്റ്റേ ഴ്സ് പി.എസ് ഫിലിപ്പ്, തോമസ് ഫിലിപ്പ്, യാഹ് ദത്ത് മണി, ജോ സ് തോമസ് എന്നിവർ നേതൃത്വം നൽകി. സഹോദരന്മാരായ വൈ. ഷിബു, ജോജി ഐപ്പ് മാത്യൂസ് എന്നീവർ തെരഞ്ഞെടുപ്പ് നിരീക്ഷകരായിരുന്നു. പാസ്റ്റർ കെ. എം സ്കറിയായുടെ നേതൃത്വത്തിൽ സീനിയർ ശുശ്രൂഷകരായ പാസ്റ്റേഴ്സ് ഒ. സാമൂവൽ, കെ.എം ജോസഫ്, ഡി. ഉണ്ണുണ്ണി, സി. ഐ. പാപ്പച്ചൻ തുടങ്ങിയവർ നി യമന പ്രാർത്ഥന നടത്തി.


# M A T R I M O N I A L

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ദൈവകൃപയിൽ നിൽക്കുന്ന ഗൾഫിൽ ജോലിയുള്ള (ഫാബ്രിക്കേറ്റർ) പെന്തെക്കോസ്ത് യുവാവ് (31, 5'10"). മാർച്ച് അവസാനം നാട്ടിൽ വരുന്നു. അനുയോജ്യരായ ജോലിയുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**ഫോൺ: 9605059289, 9447504530**

പെന്തെക്കോസ്ത് പാസ്റ്ററുടെ മകൻ (ഓർത്തഡോക്സ് വിഭാഗത്തിൽ നിന്നും പെന്തെക്കോസ്തിലേക്ക് വന്ന) 30 "166" പോസ്റ്റ് ബിഎസ് സി, മെയിൽ നേഴ്സ് ആയി ന്യുഡൽഹിയിലെ പ്രശസ്തമായ ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു. ജോലിയുള്ള അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.

**ഫോൺ: 9745238128, 9034581945**

സുവിശേഷ വേലയ്ക്ക് സമർപ്പണമുള്ള പെന്തക്കോസ്ത് യുവതി (ക്രിസ്ത്യൻ ചേരമർ 30 വയസ്, 173cm ഉയരം B.A, VAT) സുവിശേഷ വേലയിൽ ആയിരിക്കുന്നതോ, ജോലിയോടുകൂടെ സുവിശേഷ വേല ചെയ്യുന്നതുമായ പെന്തക്കോസ്തു യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു

**ഫോൺ: 0469 2661038, 914243 0575**


# 33-ാമത് പെനിയേൽ സെമിനാരി ഗ്രാജുവേഷൻ



**കീഴില്ലം:** പെനിയേൽ ബൈബിൾ സെമിനാരിയുടെ 33-ാമത് ബിരുദദാനസമ്മേളനം കീഴില്ലം പെനിയേൽ ഓഡിറ്റോറിയത്തിൽ നടന്നു. പഠനം വിജയകരമായി പൂർത്തീകരിച്ച 60 വിദ്യാർത്ഥികൾക്ക് പ്രസിഡന്റ് ഡോ. സി. പി. വറുഗീസ് സർട്ടിഫിക്കറ്റുകൾ നൽകി. അക്കാദമിക് ഡീൻ സാബു മത്തായി കാതേട്ട് ഗ്രാജുവേറ്റ് ചെയ്ത് വിദ്യാർത്ഥികളെ പരിചയപ്പെടുത്തി. 'സുവിശേഷത്തിന് യോഗ്യമാംവണ്ണം നടപ്പിൻ' എന്ന വിഷയം ആസ്പദമാക്കി സൗത്ത് ഇന്ത്യ അസംബ്ലീസ് ഓഫ് ഗോഡ് സൂപ്രണ്ട് പാസ്റ്റർ വി. റ്റി. എബ്രഹാം മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. ഐ. പി. സി.യിലെ മുതിർന്ന പാസ്റ്ററും ബൈബിൾ സെമിനാരി അദ്ധ്യാപകനുമായ പാസ്റ്റർ കെ. സി. മാത്യൂസ് വിദ്യാർത്ഥികളെ സുവിശേഷവേലയ്ക്കായി സമർപ്പിച്ച് പ്രാർത്ഥിച്ചു. ശാരോൻ ഫെലോഷിപ്പ് ചർച്ച് ജനറൽ സെക്രട്ടറി പാസ്റ്റർ എബ്രഹാം ജോസഫ്, പൂർവ്വവിദ്യാർത്ഥിസംഘടനയുടെ സെക്രട്ടറി പാസ്റ്റർ ബേസിൽ ജോസ് എന്നിവർ ആശംസകൾ അറിയിച്ചു. ഇന്ത്യയിലെ പതിനാറ് സംസ്ഥാനങ്ങളിൽ നിന്നായി 155 വിദ്യാർത്ഥികൾ വിവിധ കോഴ്സുകൾക്ക് ഇവിടെ പഠിക്കുന്നു. അടുത്ത ബാച്ച് മെയ് 15ന് ആരംഭിക്കും.

# ഐ. സി. പി. എഫ്. ഗാനസന്ധ്യ




**കോഴിക്കോട്:** ഐ. സി. പി. എഫിന്റെ ദേശീയ സംഗീതവിഭാഗമായ എഞ്ചലോസ് 25 വർഷത്തെ സേവനം പൂർത്തികരിക്കുന്നതോടനുബന്ധിച്ച് കോഴിക്കോട് നഗരത്തിൽ 2016 ഫെബ്രുവരി 21 ഞായറാഴ്ച 'ക്രിസ്തീയ ഗാനസന്ധ്യ' നടന്നു. മഹാകവി കെ. വി. സൈമൺ, സാധു കൊച്ചുകുഞ്ഞ് ഉപദേശി, വി. നാഗൽ, എം. ഇ. ചെറിയാൻ, പി. വി. തൊമ്മി, പാസ്റ്റർ കെ. വി. ജോസഫ്, പാസ്റ്റർ പി. പി. മാത്യു തുടങ്ങിയ ക്രൈസ്തവ ഭക്തന്മാർ അവരുടെ തീവ്രമായ ജീവിതാനുഭവങ്ങളിൽ നിന്ന് രചിച്ച ഗാനങ്ങൾ പ്രമുഖ ഗായകർ കോഴിക്കോട് ന്യൂ നളന്ദ ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന ഗാനസന്ധ്യയിൽ ആലപിച്ചു. സൗത്ത് ഇന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ് സൂപ്രണ്ട് പാസ്റ്റർ വി. റ്റി. എബ്രഹാം പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം കോർഡിനേറ്റർ ടോണി ഡി. ചെവ്വൂക്കാരൻ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഐ. സി. പി. എഫ് ജനറൽ സെക്രട്ടറി ഡോ. സി. റ്റി. ലൂയിസ്കുട്ടി മുഖ്യപ്രഭാഷണം ചെയ്തു. പാസ്റ്റർമാരായ സണ്ണി ജോർജ്, ബാബു ഏബ്രഹാം, എൻ. സി. ജോസഫ്, ജേക്കബ് മാത്യു, എം. എം. മാത്യു, ബിനു ജോർജ്ജ് എന്നിവർ ആശംസകൾ അറിയിച്ചു. സമകാലിക സംഭവങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് എഞ്ചലോസ് നേതൃത്വത്തിൽ കുഞ്ഞുമോൻ മാത്യു അവതരിപ്പിക്കുന്ന 'അറിയുക പ്രിയ മിത്രങ്ങളെ' എന്ന ചിത്രീകരണം സമ്മേളനത്തോടനുബന്ധിച്ച് നടന്നു. റോയ് മാത്യു ചീരൻ, സജി മത്തായി കാതേട്ട്, സുരേഷ് ചാൾസ്, സോളമൻ ടി. സി., ബാബു ഡാനിയേൽ, ഷിബിൻ വറുഗീസ്, ഡാനി ഡേവീസ്, വിപിൻ കെ. യു., ജോഷി ജോബ്, റോയ് തോമസ്, പാസ്റ്റർ ജോസ് കെ. ജെ. എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകി.

# സുവാർത്ത മഹോത്സവം 2016

**ആലപ്പുഴ:** ആലപ്പുഴ യൂണിയൻ പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 7 മുതൽ 10 വരെ വൈ. എം. സി. എ.യ്ക്ക് സമീപമുള്ള ഗ്രൗണ്ടിൽ വെച്ച് സുവിശേഷ മഹായോഗവും സംഗീതവിരുന്നും നടക്കുന്നു. യു. പി. എഫ്. രക്ഷാധികാരി പാസ്റ്റർ ഏബ്രഹാം ജോർജ്ജ് ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർമാരായ സാം ജോസഫ്, പ്രിൻസ് തോമസ്, അനി ജോർജ്, വർഗീസ് ഏബ്രഹാം എന്നിവർ ദൈവവചനം ശുശ്രൂഷിക്കുകയും യു. പി. എഫ്. വോയ്സ് ഗാനങ്ങൾ ആലപിക്കുകയും ചെയ്യുന്നു. യു. പി. എഫ് ഭാരവാഹികൾ നേതൃത്വം നൽകുന്നു.

# സുവിശേഷ മഹായോഗവും സംഗീതവിരുന്നും

**അയർക്കുന്നം:** ബേർശേബാ ഗോസ്പൽ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ സുവിശേഷ മാഹായോഗവും സംഗീത വിരുന്നും 2016 ഏപ്രിൽ 7,8,9 തീയതികളിൽ അയർക്കുന്നം കവലയ്ക്ക് സമീപം നടത്തപ്പെടുന്നതാണ്. പാസ്റ്റർ കെ.സി.ജോൺ (പവ്വർ വിഷൻ), സുവി. പി.ഐ. ഏബ്രഹാം(കാനം അച്ചൻ), പാസ്റ്റർ ഷാജി യോഹന്നാൻ എന്നിവർ വചനം ശുശ്രൂഷിക്കുന്നതായിരിക്കും. ബേർശേബാ ഗോസ്പൽ വോയ്സ് മിനിസ്ട്രിയുടെ ഡയറക്ടർ നേതൃത്വം വഹിക്കും. വിവിധ കമ്മറ്റി കൺവീനേഴ്സ് നേതൃത്വം നൽകുന്നു

ധ്യാനം

# എനിക്കു മനസ്സുള്ളവനു ഞാൻ കൊടുക്കുന്നു



ഷൈജു ഡാനിയേൽ, അടൂർ
shyjudani@gmail.com

മനസ്സുള്ളവൻ, കൊടുക്കുന്നു എന്നീ വേദപുസ്തക പദങ്ങൾ കേൾക്കുമ്പോൾ ഒരു വേള നമ്മിൽ ആദ്യമുണ്ടാകുന്ന ചിന്തകൾ കരുണ ഉള്ള ദൈവത്തെക്കുറിച്ചും അവിടുത്തെ ആർദ്രതയുള്ള പ്രവർത്തികളെ കുറിച്ചുമായിരിക്കും. കൃപ ചെയ്‌വാൻ എനിക്കു മനസ്സുള്ളവനോടു ഞാൻ കൃപ ചെയ്യും. കരുണ കാണിപ്പാൻ എനിക്കു മനസ്സുള്ളവനു ഞാൻ കരുണ കാണിക്കും (പുറപ്പാട് 33:19) എന്ന് മോശയോട് ഒരിക്കൽ ദൈവം പറയുക കൂടി ചെയ്തിട്ടുണ്ട്. അതുകൊണ്ട് തന്നെ മേലുദ്ധരിച്ച തലക്കെട്ട് ദൈവത്തിന്റേതാകാം എന്ന് തെറ്റിദ്ധരിക്കാൻ ഇടയുണ്ട്. പക്ഷെ ഇത് സമസ്ത ലോകങ്ങളെയും ചമച്ച ദൈവത്തോട് സകല ഭോഷ്കിന്റെയും അപ്പനായ പിശാചു പറഞ്ഞ ഒരു പ്രസ്താവനയാണ് (ലൂക്കോസ് 4:6). മരുഭൂമിയിൽ യേശുവിനു നേരിട്ട പരീക്ഷയിൽ, പിശാചു അവനെ മേലോട്ട് കൂട്ടികൊണ്ട് പോയി സകല രാജ്യങ്ങളെയും ക്ഷണനേരത്തിൽ കാണിച്ചു. അതിനനന്തരം, ഈ അധികാരം ഒക്കെയും അതിന്റെ മഹത്വവും നിനക്കു തരാം; അതു എങ്കൽ ഏല്പിച്ചിരിക്കുന്നു; എനിക്കു മനസ്സുള്ളവനു ഞാൻ കൊടുക്കുന്നു എന്ന് യേശുവിനോട് പറയുകയുണ്ടായി. ഒന്ന് നമസ്കരിച്ചാൽ നീ എനിക്ക് മനസുള്ളവൻ ആകുകയും അധികാരവും മഹത്വവും ഞാൻ നിനക്ക് കൈമാറുകയും ചെയ്യാം എന്നായിരുന്നു യേശുവിനോടുള്ള പിശാചിന്റെ ആഹ്വാനം!!

സാത്താന് മനസ്സുള്ളവനായി നാം മാറുമ്പോൾ അനർഹമായതും വഴിവിട്ടതുമായ അധികാരങ്ങളും മഹത്വവും നമ്മെ പിന്തുടർന്നുകൊണ്ടിരിക്കും. വീണു നമസ്കരിക്കുക എന്നത് ആക്ഷരികമായി നമ്മിൽ ഒരു പക്ഷെ സംഭവിക്കുന്നില്ലായിരിക്കാം. ക്രിസ്തീയ ജീവിതത്തിന്റെ ഗമന വഴികളിൽ അറിഞ്ഞോ അറിയാതെയോ നാം പിശാചിനെ നമസ്കരിക്കേണ്ടി വരുന്ന ഒട്ടനവധി സന്ദർഭങ്ങൾ നമുക്ക് മുമ്പിൽ ഉണ്ടാകാം. സാത്താനിൽ നിന്നും ഉണ്ടാകുന്ന വെല്ലുവിളികൾക്കും ആഹ്വാനങ്ങൾക്കും ഒക്കെ നേരെ നാം നടത്തുന്ന അപക്വമായ വികാരപ്രകടനങ്ങളിലൂടെയോ വികലമായ പ്രതികരണങ്ങളിലൂടെയോ നാമൊക്കെ സാത്താന്റെ ദാസന്മാരായോ അവനു ഇഷ്ടമുള്ളവരായോ തീരാറുണ്ട്. നമ്മുടെ പ്രതികരണങ്ങൾ, നയങ്ങൾ, നിലപാടുകൾ, സമീപനങ്ങൾ ഇവയൊക്കെ തിരുവചനാധിഷ്ഠിതമല്ലാതെ വരുമ്പോൾ നാം പിശാചിന്റെ മുമ്പിൽ നമ്മുടെ തലകളെ വണക്കുകയാണ്. പൈശാചിക ഇംഗിതങ്ങൾക്കൊത്തു ചലിക്കുന്നവർക്ക് വാരിക്കോരി വേണ്ടുവോളം കൊടുക്കാൻ സദാ സന്നദ്ധനാണ് വഞ്ചകനായ സാത്താൻ. ദൈവനിയോഗിതമായ അധികാരങ്ങൾക്കോ ഉയർച്ചകൾക്കോ വേണ്ടി ദൈവപാദപീഠത്തിൽ ക്ഷമയോടെ കാത്തിരിക്കുവാൻ തയ്യാറല്ലാത്തവർ, ഒന്ന് നമസ്കരിക്കുന്നതിലൂടെ വളരെ വേഗത്തിൽ കൈവരാൻ ഇടയുള്ള അധികാരങ്ങൾക്കും മഹത്വത്തിനുമായി സാത്താനുമായി കൈകോർക്കുന്നു!!.

എല്ലാ അധികാരങ്ങളും മഹത്തുക്കളും സ്ഥാനമാനങ്ങളും പദവികളും സമൃദ്ധികളും ദൈവത്തിൽ നിന്നുള്ളതും ദൈവീകവുമാണ് എന്ന ഭൂരിപക്ഷ നിലപാടുകൾ വേദപുസ്തകപ്രകാരം ശരിയല്ല. പ്രിയമക്കൾ എന്നതുപോലെ ക്രിസ്തുവിനെ അനുകരിക്കുന്നതിനു പകരം സാത്താന്റെ ആവശ്യങ്ങൾക്കനുസരിച്ച് അവന്റെ ഇഷ്ടപുത്രന്മാരായി നാം മാറുമ്പോൾ നമ്മെ തേടിയെത്തുന്നത് ഒരു പുരുഷായുസ്സിൽ നമുക്ക് ഈ ഭൂമിയിൽ നേടാവുന്നതിനും അപ്പുറമായ ഉയർച്ചകളുടെ ഒട്ടനവധി സാധ്യതകൾ ആയിരിക്കും. ഇവിടെ ദൈവീകമായതിനെയും സാത്താന്യമായതിനെയും വകതിരിച്ചറിയുക ശ്രമകരമാണ്. എന്നാൽ വചന ദർപ്പണത്തിലൂടെ നിരീക്ഷണ വിധേയമാക്കിയാൽ കഴമ്പില്ലാത്ത പൈശാചിക വാഗ്ദത്തങ്ങളെ വേഗത്തിൽ തിരിച്ചറിയാം. ഇന്ന് നാം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി സാത്താനിൽ നിന്നും സ്വീകരിക്കുകയും അതിനെ ദൈവീകമെന്നു സ്വയം വ്യാഖ്യാനിക്കുകയും ചെയ്യുന്നു എന്നതാണ്. വചന വ്യാഖ്യാനത്തിന്റെ ധാർമ്മിക സീമകളെ ലംഘിച്ചു കൊണ്ടുള്ള നമ്മുടെ പലായനപ്രവണതകളിലൂടെ രൂപപ്പെടുന്ന ഉപദേശങ്ങൾ, പഠിപ്പിക്കലുകൾ, പ്രഭാഷണങ്ങൾ ഇവയിലൂടെയൊക്കെ സംഭവിക്കുന്നത് പ്രത്യക്ഷമായോ പരോക്ഷമായോ പിശാചിനെ നമസ്കരിക്കൽ ആണ്. തെറ്റായി നിർവ്വചിക്കപ്പെടുന്ന യേശുവും വികലമായി അവതരിപ്പിക്കപ്പെടുന്ന സുവിശേഷവും നിമിത്തം സാത്താൻ ഏറെ സന്തോഷിക്കുന്നു എന്നത് തെളിയിക്കപ്പെട്ട സത്യമാണ്. ഈ നിലയിൽ സാത്താന്റെ മനസ്സിൽ ഇടംപിടിക്കുന്ന വേറൊരേശുവിന്റെയും വേറൊരു സുവിശേഷത്തിന്റെയും പ്രചാരകർക്കും അവർ ആവശ്യപ്പെടുന്നതും ആഗ്രഹിക്കുന്നതും ഇഷ്ടംപോലെ കൊടുക്കാൻ സാത്താൻ എപ്പോഴും ഒരുക്കമാണ്. സാത്താന്റെ വാഗ്ദാനങ്ങൾ എപ്പോഴും പ്രഥമ വീക്ഷണത്തിൽ നമുക്ക് മനസിലാകാത്തതും ഭാവിയിൽ എന്നെങ്കിലും ഒരിക്കൽ നാം തിരിച്ചറിയുന്നതുമായ വലിയ നുണകൾ ആയിരിക്കും. സാരവത്തായതൊന്നും ഇല്ലാത്ത സാത്താന്റെ ഇത്തരം കപട വാക്കുകളിൽ വഴങ്ങിയാൽ തന്ത്രപരമായി രൂപപ്പെടുത്തിയ വഞ്ചനയുടെ വലയിൽ നാം കുടുങ്ങാൻ സാധ്യതയുണ്ട്!! അത് പാമ്പിലൂടെയോ (പ്രലോഭനങ്ങളുമായി) പത്രോസിലൂടെയോ (ദൈവിക നിർണ്ണയങ്ങൾക്ക് ഇടർച്ചക്കാരനായി) നമുക്ക് മുമ്പിൽ പ്രത്യക്ഷനാകാം!! “സാത്താനേ, എന്നെ വിട്ടുപോ” എന്ന് പറയാനുള്ള ക്രിസ്തുയേശുവിന്റെ ആർജ്ജവം, ആശയകുഴപ്പങ്ങൾ സൃഷ്ടിക്കുന്ന ഇത്തരം സാത്താന്യ നിലപാടുകൾക്ക് നേരെ നമ്മിൽ നിന്നും ഉണ്ടാകേണ്ടതാണ്!!

പക്ഷെ അബ്രഹാമിന്റെ നിലപാട് ഇവിടെ ശ്രദ്ധേയമാണ്. ആളുകളെ എനിക്ക് വിട്ടു തരിക-സമ്പത്ത് നീ എടുത്തുകൊൾക (ഉല്പത്തി 14:21) എന്ന സോദോം രാജാവിന്റെ ആവശ്യം അബ്രഹാം നിരാകരിക്കുകയാണ്. കാരണം തനിക്കു ഭാവിയിൽ വന്നുചേരേണ്ട ദൈവീകമായ അനുഗ്രഹങ്ങൾക്ക് അവകാശം പറയാൻ സോദോം രാജാവിനെ അനുവദിച്ചുകൂടാ എന്ന നിർബന്ധം അബ്രഹാമിനുണ്ടായിരുന്നു. ദൈവികമായ ഉറവകളിൽ നിന്നും പുറപ്പെട്ടു വരാത്ത എല്ലാ സമ്മാനങ്ങളോടും അവയുടെ ദാതാക്കളോടും “എനിക്കിതു ആവശ്യമില്ല” എന്ന് പറയാൻ അബ്രഹാമിന് മടിയുണ്ടായിരുന്നില്ല. ദൈവം ഒരുക്കിവെച്ചിട്ടുള്ളതിനുവേണ്ടി ക്ഷമയോടുള്ള കാത്തിരിപ്പിനിടയിൽ വളരെ വേഗത്തിൽ സമ്പന്നനാകാനുള്ള മാർഗ്ഗം ഉപദേശിക്കുന്ന, അതിനു സഹായം ചെയ്യുന്ന സോദോം രാജാവിനോടുള്ള അബ്രഹാമ്യ സമീപനം ഏറെ മാതൃകപരമാണ്. വീണു നമസ്കരിക്കുന്നവന് വേണ്ടുവോളം കൊടുക്കാൻ സാത്താന്റെ പക്കൽ ധാരാളം ഉണ്ട് (എനിക്കു മനസ്സുള്ളവനു ഞാൻ കൊടുക്കുന്നു)!! പക്ഷെ സത്യവും സങ്കൽപ്പവും തിരിച്ചറിയാൻ കഴിയുക എന്നത് പരിപക്വമായ ആത്മീകതയുടെ പ്രകടമായ ഒരു ലക്ഷണമാണ്!!

ലേഖനം

# ആധുനികതയിലെ ക്രിസ്തീയ പരിവേഷങ്ങൾ



പാസ്റ്റർ ജോൺ തോമസ്, തൃശൂർ

മോഡേണിറ്റി അഥവാ ആധുനീകത അംഗീകരിക്കാത്തവർ ആരും തന്നെ ഇല്ല. മോഡേണിറ്റിയിൽ മോഡേൺ ആകുന്നവരാണ് അധികവും. പഴമയ്ക്കും പഴമക്കാർക്കും വലിയ വിലയൊന്നും കല്പിക്കാത്ത ലോകമാണ് നമ്മുടേത്. പഴമയ്ക്കും പഴയതിനോടും സഹകരിക്കുവാൻ ആധുനീകർക്ക് നന്നേ പ്രയാസമാണ്. വിശേഷാൽ യൗവ്വനക്കാർക്ക്, അപ്പനെ മൂപ്പിലാൻ, മെയിൻ സ്വിച്ച്, സംവിധായകൻ എന്നും അമ്മയെ കിളവി, റിലീസ് എന്നും പേർ വിളിക്കും കാലം - ആധുനീക കാലം. എടോ താനെന്ന് അപ്പനെ വിളിക്കും കാലം.

“സത്യ ധർമ്മാദിവെടിഞ്ഞീന പുരുഷനെ
ക്രുദ്ധനാം സർപ്പത്തെക്കാളേറ്റവും പേടിക്കണം” എന്ന കവിതാ ശകലം അർത്ഥമുള്ളതാണ്.

ആധുനീക ലോകത്തിൽ ഓരോ മനുഷ്യനും അവനവന്റെ സ്വഭാവത്തെയും പെരുമാറ്റത്തെയും സംബന്ധിച്ച് ഒരു രൂപരേഖയും ഇല്ലെന്ന് തോന്നിപ്പോകുന്നു. ക്യൂബൻ ഭരണാധികാരിയായ ഫീഡൽ കാസ്ട്രോയുടെ വാക്കുകൾ ശ്രദ്ധിക്കൂ...."സാമൂഹ്യ അനീതിയോടും വിമോചനത്തിനോടും അസമത്വത്തോടും വിമോചനത്തിനോടും നിസ്സംഗത പുലർത്തുന്നവരാണ് ലോകത്തിലെ ക്രൂരമനുഷ്യൻ”. ഏത് തെറ്റായ പ്രവർത്തികൾ ചെയ്താലും എനിക്കെന്ന് എന്ന നിലപാടിൽ ജീവിക്കുന്നവരാണ് ക്രൂരന്മാർ എന്നാണതിനർത്ഥം. വിജ്ഞാനത്തിലും വിദ്യാഭ്യാസത്തിലും വിവരത്തിലും വൻ മുന്നേറ്റം നടത്തുന്ന യൗവ്വന ആധുനീകലോകം വിവരക്കേടിൽ എത്തുന്നത് ശ്രദ്ധേയമാണ്. സാങ്കേതിക വിജ്ഞാമ മേഘലയിൽ വളർച്ച പ്രാപിച്ച തലമുറയിൽ വ്യക്തിത്വ വികാസവും മൂല്യബോധവും തീരെ കുറഞ്ഞു പോയിട്ടുണ്ടെന്ന് സമ്മതിക്കേണ്ടിരിക്കുന്നു. ബന്ധങ്ങൾക്ക് വിലകൊടുക്കാത്ത ലോകമല്ലേ നമ്മുടേത്. ആശയങ്ങൾക്കും വർഗ്ഗീയ ചിന്തകൾക്കും വേണ്ടി എന്തും ചെയ്യാൻ മടിയില്ലാത്ത ലോകം. തീവ്രവാദത്തിന്റെയും മതവിദ്വേഷത്തിന്റെയും കുരുക്കളിൽ അകപ്പെട്ട് ജീവിതം നശിപ്പിക്കുന്നവർ അനവധി. ഇതിനാൽ സ്നേഹവും സഹോദര്യവും സമൂഹത്തിൽ നിന്നും അന്യമായിപ്പോകുന്നു. മാനുഷീക മൂല്യങ്ങളും അപചയവും സദാചാര - ധാർമ്മീകശോഷണവും വിവേകഹീനതയുടെ അപഥസഞ്ചാരവും ജീവിതം മനുഷ്യനെ മൃഗതുല്യമാക്കുന്നു. ആധുനീകതയുടെ അനുഭവങ്ങളെ അപഗ്രഥിച്ചാൽ മൂല്യശോഷണം എന്ന പദത്തിൽ എത്തിച്ചേരുവാൻ കഴിയും.

യുവത്വത്തിന്റെ ഉത്തമ്മ സുഹൃത്തും വിട്ടുമാറാനാകാത്ത അത്ര അടുപ്പവും ബന്ധവും സ്ഥാപിക്കുന്ന സഹചാരിയും നിശബ്ദ സ്നേഹിതനും ആയ ഒരു ആധുനീകനാണ് ഇന്റർനെറ്റ്. ഈ സന്തത സഹചാരി മറ്റു പല സഹചാരികളെയും അടുപ്പിച്ചു തരും. ലോകമെങ്ങും അനുകൂല പ്രതികൂല കാലാവസ്ഥയിൽ വീശുവാൻ കഴിയുന്ന ഒന്നാന്തരം വല. പാതിരാത്രിയിൽ ഈ വലയിൽ കുരുങ്ങി കുരുക്കഴിക്കാനാകാത്തവിധം കുരുങ്ങുന്നവർ നിരവധിയാണ്. ഈ വലയിലെ കുറുക്കന്മാർ സൂത്രങ്ങൾ ഉപയോഗിച്ച് യൗവ്വനശക്തിയെ ചോർത്തിക്കളയുന്നു. സദാചാരമുല്യങ്ങളെ ഇല്ലാതാക്കുന്നു ഇന്റർനെറ്റിന്റെ സ്വാധീനം. അമ്മ പെങ്ങൾമാരെ തിരിച്ചറിയാൻ കഴിയാത്തവിധം അന്ധതയിലാകുന്നു. നെറ്റിലെ അശ്ലീലങ്ങൾ ആസ്വാദ്യകരമാക്കുന്നതിനും പ്രായോഗികമാക്കുന്നതിനും പ്രേരണ സൃഷ്ടിക്കുന്നു. ഇന്നത്തെ യുവത്വത്തിന്റെ പാപങ്ങളിൽ ഏറിയ പങ്കും ലൈംഗീകപരമാണ്. ആധുനീക ലോകത്തിന്റെ അധഃപതന കാരണങ്ങളിൽ ഒന്ന് നെറ്റിന്റെ ദുരുപയോഗം തന്നെയാണ്. ഈ ദുരുപയോഗം ദുരോഗ്യമാണ്, ദുരന്തമാണ്. ഈ ബന്ധനത്തെ ‘ഭ’യുടെ ശക്തികൂട്ടി ഭത്സിച്ചാൽ വിട്ടുമാറുകയില്ല. ഒന്നാമത് ഇതിന് കൗൺസലിംഗ് തന്നെ വേണം. ഈ ആധുനീകതയിലെ പ്രസംഗകരോ പതിവു പ്രസംഗം പോരാ, യുവത്വത്തിന്റെ പ്രശ്നങ്ങളെ കണ്ടറിയണം. യുവാക്കളിലേക്ക് ഇറങ്ങി ചെല്ലണം. ആത്മീകതയുടെ അതിർ വരമ്പ് ഇടിച്ചു മാറ്റാതെ അനാത്മീകതയുടെ വിഷയങ്ങളെ വേരോടെ പിഴുതുകളയുവാനുള്ള മനശാസ്ത്ര സമീപനം കൂടെ ഇപയോഗിക്കുന്നത് നന്ന്. ഞങ്ങളുടെ കൂടെ നിൽക്കുവാൻ, ഞങ്ങളെ അറിയുന്ന ഒരു ആത്മീക നേതൃത്വം ഉണ്ടെന്നുള്ള അവബോധം യുവാക്കളിൽ ഉണ്ടാക്കണം. വൺഡേ ക്യാമ്പും, ഒരു സ്റ്റേറ്റ് ക്യാമ്പും, തിരിച്ചറിയൽ രേഖ ഉപയോഗിച്ചുള്ള താലന്തു പരിശോധനയും മാത്രം നടത്തി തൃപ്തരാകരുത്. മാരക വിപത്തിലേക്ക് അതിവേഗം ബഹുദൂരം കുതിക്കുന്ന ആധുനീക തലമുറയെ വിനാശത്തിൽ നിന്നും വലിച്ചെടുക്കുവാൻ പരിശുദ്ധാത്മാവിന്റെ പ്രത്യേക നിയോഗം ഉള്ളവരാകണം. പ്രശ്നങ്ങളെ തിരിച്ചറിയുന്നില്ലെങ്കിൽ നമുക്കവരെ തിരിച്ചറിയുവാൻ കഴിയാത്തവിധം അവർ മാറിപ്പോകും. ഇന്റർനെറ്റിന്റെ ഉൽപ്പന്നങ്ങളായ ഫെയ്സ്ബുക്കും, വാട്സ്ആപ്പും, ടിറ്ററും നല്ലതിന്റെ ഉപയോഗമുള്ളവയാക്കുക.

അവിസ്മരണീയമാം വിധം ത്വരിത വേഗതയിൽ വളർച്ച പ്രാപിക്കുന്ന ആധുനീകതയുടെ പാശ്ചാത്തലത്തിൽ ആത്മീകതയുടെ വിത്തുകൾ വിതയ്ക്കുന്നത് ഉചിതം. പാപത്തിന്റെ നീരാളി പിടുത്തത്തിൽ നിന്ന് ജനവിഭാഗത്തെ മോചിപ്പിക്കുവാൻ എന്തു ചെയ്യാൻ കഴിയും? ഒന്നാമത് നാം നമ്മിലേക്കു തന്നെ തിരിയുക. ഓരോരുത്തൻ സ്വയം അറിയണം, താൻ ആരാണെന്ന് വ്യക്തമായി മനസ്സിലാക്കണം. നെപ്പോളിയന്റെ വാക്കുകൾ ശ്രദ്ധിക്കൂ... “ഒരിക്കലും ദുഃഖിക്കേണ്ടി വരികയില്ലാത്തതും സ്ഥിരമായതുമായ പിടിച്ചടക്കൽ ഒന്നേയുള്ളൂ; നാം നമ്മെത്തന്നെയുള്ള പിടിച്ചടക്കൽ”. സ്വയം പരിശോധനയ്ക്കും ആത്മ നിയന്ത്രണത്തിനും നാം വിധേയരാകണം. എമികാർ മീഖയേൽ എന്ന ഭക്തന്റെ വാക്കുകൾ ഇവിടെ ചിന്തനീയം...."ദൈവമേ എന്റെ സ്വയത്തിനെതിരായി എന്നെ കഠിനപ്പെടുത്തേണമേ.... സ്വയം എന്നത് എന്റെ ഭയങ്കര ശത്രുവും ആത്മാർത്ഥതയില്ലാത്ത സ്നേഹിതനും എന്നെ വഞ്ചിക്കുന്നവനും ഞാൻ പോകുന്നിടത്തെല്ലാം എന്റെ ഗതിയെ തടസ്സപ്പെടുത്തുന്ന തടങ്കൽപ്പാറയുമാണ്.

രണ്ടാമത് നാം ഉത്തരവാദിത്വം ഉള്ളവർ ആകണം. അമേരിക്കൻ പ്രസിഡന്റ് സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട ജോൺ കെന്നഡിയോട് ഒരാൾ ചോദിച്ചത് ഇപ്രകാരം ആണ്... “ഈ സ്ഥാനത്തിരുന്ന് അങ്ങ് എന്താണ് മുദ്രയായി സ്വീകരിക്കുവാൻ പോകുന്നത്? ഉത്തരവാദിത്വം” എന്നായിരുന്നു മറുപടി. ദൈവം ഏൽപ്പിക്കുന്ന ഉത്തരവാദിത്വം ഉപേക്ഷയായി വിചാരിക്കരുത്. ലാൽബഹുദൂർ ശാസ്ത്രി ഇന്ത്യയുടെ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ തന്റെ 80 വയസ്സുള്ള മാതാവായ രാംദുലാരിയുടെ വാക്കുകൾ ഇങ്ങനെ ആയിരുന്നു. “എന്റെ മകൻ മരിക്കേണ്ടി വന്നാലും വേണ്ടില്ല, രാജ്യത്തെ പുരോഗതിയിലേക്ക് നയിച്ചെങ്കിൽ മതിയായിരുന്നു”. എസ്. ഡി. ഗോർഡന്റെ ചിന്താശകലം ഇതാണ്, “ഒരു മനുഷ്യൻ ദൈവത്തിന്റെ ഉദ്ദേശങ്ങൾക്ക് തന്നെ വഴങ്ങുവാൻ തീരുമാനിച്ചു കഴിഞ്ഞാൽ അവനെ സമുദ്രത്തിലൂടെ, തീരമില്ല എന്നു തോന്നുന്ന സമുദ്രത്തിലൂടെ വഴിനടത്തുവാൻ ഒരു വടക്കൻ നക്ഷത്രം എപ്പോഴും ഉണ്ടായിരിക്കും. മൂടൽ മഞ്ഞിലും വലിയ കൊടുങ്കാറ്റിലും അവന്റെ വടക്കുനോക്കിയന്ത്രം ശരിയായ ദിക്കിലേക്കും തന്നെ ചൂണ്ടിക്കാണിച്ചു കൊണ്ടേയിരിക്കും”. ദൈവം ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്വം നിറപടിയായി ചെയ്യുക.

മൂന്നാമത് ഒരു നല്ല ക്രി

04

കാലികം

# സമൃദ്ധി നഷ്ടപ്പെട്ട ഭക്തന്റെ സമർപ്പണം



സജി നെടുങ്കണ്ടം

കേരളക്കരയെ ഒരു നീരാളിയെ പോലെ കടന്നു പിടിച്ചിരുന്ന സമൃദ്ധിയുടെ സുവിശേഷവാഹകർ കളം വിട്ട് ഒതുങ്ങിയിരിക്കുന്നു. കൊടുങ്കാറ്റു പോലെ കടന്നാക്രമണം നടത്തിയ മുഖ്യധാരാ സഭകളിലെ മിടുക്കന്മാർ തങ്ങൾക്ക് കിട്ടിയ അവസരം ദുരുപദേശസംഘത്തെ തുരുത്തി ഓടിക്കാൻ ആവത് ശ്രമിച്ചു. ദൈവസഭയെ ശിഥിലമാക്കി തകർക്കാൻ സാത്താൻ കണ്ടെത്തിയ പുത്തൻ തന്ത്രമായിരുന്നു നവപ്രവണതകളുമായി ദുരുപദേശ സംഘത്തെ ദൈവസഭകളിലേക്ക് കടത്തി വിടുക എന്നത്. നിർമ്മല വചനം പ്രസംഗിച്ചിരുന്ന കേരളമണ്ണിലെ കൺവൻഷൻ സ്റ്റേജുകളിൽ പെട്ടെന്നൊരു മാറ്റം പേരിലും പെരുമയിലും ഉണ്ടായി. അത് ക്രൂസേഡും മാരിയും അണയാത്ത അഗ്നിയും പിന്നെ മൈതാനമധ്യത്തിൽ കൂടാരം അടിച്ച് കൂട്ടം കൂടി ഉപവാസ യജ്ഞങ്ങൾ നടത്തി, ഒടുക്കം ഉന്തി വീഴ്ത്ത്, ഊതി വീഴ്ത്തൽ, കുര, ഛർദ്ദി ഈ നിലയിലേക്ക് മുന്നേറി. പരിശുദ്ധാത്മാവിനെ ചാരിയുള്ള ഇത്തരം പ്രകടനങ്ങളിൽ ഒളിഞ്ഞിരുന്ന അപകടം ദൈവജനം തിരിച്ചറിയാൻ ഏറെ വൈകിപ്പോയി എന്നതാണ് വാസ്തവം. കപടവേഷധാരികൾ ദുരാഗ്രഹികളായി കൃപാവരപ്രാപ്തരായി കേരളത്തിലെ പൊതു കൂട്ടായ്മകൾ പലതും കൈയ്യടക്കി. രുദ്രാക്ഷമാല കഴുത്തിലും മറ്റൊന്ന് മനസ്സിലും എന്ന പഴമൊഴി പോലെ കപട വേഷങ്ങൾ കെട്ടിയ ഈ ദുഷ്ട ആൾരൂപങ്ങൾ പല കോണുകളിലും തങ്ങളുടെ തനിനിറം കാട്ടിത്തുടങ്ങി. മുഖ്യധാരാസഭകൾ ദൈവവചനത്തോട് കാട്ടിയ ഭക്തിയും ആദരവും അന്ത്യകാല ദുഷ്ട ശവങ്ങളെ ഒരുമിച്ച് നിന്ന് ആട്ടിപ്പായിക്കുവാൻ ആർജ്ജവമായി. അന്ത്യകാല ദുരുപദേഷ്ടാക്കൾ പലരും ഇപ്പോൾ അടിപതറി അടിയറവ് പറഞ്ഞിരിക്കുന്നു.

പണം ഇല്ലാത്തവർ പിണമാണ് എന്ന പഴമൊഴി പുത്തൻ തലമുറയുടെ തലച്ചോറിൽ സാത്താൻ ആവർത്തിച്ച് ഓർമ്മപ്പെടുത്തി. പണസമ്പാദനത്തിനായി പുത്തൻ വഴി തേടിയിരുന്ന പുതുതലമുറയുടെ മനസ്സിൽ ആത്മീയ അഭിവൃദ്ധിയെക്കാൾ ഭൗതിക സമൃദ്ധി പ്രാധാന്യമേറിയതായി കണ്ടു. ഇവരുടെ ഇടയിലെ പ്രഭാഷകർ ഭൂമിയിൽ പണം സമ്പാദിക്കാനുള്ള എളുപ്പ വഴി പ്രാർത്ഥനയിലൂടെ നേടാം എന്ന് വരുത്തി തീർത്തു. അങ്ങനെ പാട്ടിലും പ്രാർത്ഥനയിലും എല്ലാം പണസമ്പാദനത്തിന്റെ ആർജ്ജവം ജനഹൃദയങ്ങളിൽ ഊട്ടി ഉറപ്പിച്ചു. ഇതാണ് ആധുനിക സഭയോടുള്ള സാത്താന്റെ ഉപായ വഴികൾ. എന്നാൽ പുരാതന ഭക്തനായിരുന്ന ഇയ്യോബ് ദൈവത്താൽ നല്ല സാക്ഷ്യം പ്രാപിച്ചിരുന്ന പുസ്തകത്തിന്റെ ആദ്യതാളുകളിൽ തന്നെ അക്കമിട്ട് രേഖപ്പെടുത്തിയിരിക്കുന്നു. ഭൗതീക ഉയർച്ചയുടെ പാരമ്യത്തിലും സമ്പദ്ഘടന അക്കമിട്ട് രേഖപ്പെടുത്തുമ്പോഴും ദൈവഭക്തന്റെ ആത്മീയ ഭക്തിയെ ആദ്യം രേഖപ്പെടുത്താൻ പരിശുദ്ധാത്മാവ് മറന്നില്ല. കാരണം മുന്നമേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കണമെന്നും അനന്തരം ആഗ്രഹിക്കുന്ന ഭൗതീക അഭിവൃദ്ധിയും അവിടുന്ന് തരും എന്നാണല്ലോ തിരുവെഴുത്ത് നമ്മെ ഓർമ്മപ്പെടുത്തുന്നത്. കരിയിലയ്ക്കടിയിൽ ഒളിച്ച പാമ്പ് ചേരയോ മൂർഖനോ എന്ന് തിരിച്ചറിയാൻ അൽപ്പം മണല് വാരി മുകളിലേക്ക് എറിഞ്ഞാൽ മതി. മേലനങ്ങുമ്പോൾ അവൻ അവന്റെ സ്വഭാവം പുറത്തെടുക്കും.

ഇവിടെ ഇയ്യോബിന്റെ ഭക്തി ദൈവം വെല്ലുവിളിച്ച സാത്താന്റെ മുമ്പിൽ തന്റേടത്തോടെ തെളിയിക്കുന്നു. മൃഗസമ്പത്തും കൃഷിസമ്പത്തും നഷ്ടപ്പെടുന്നു, ഒടുക്കം വീടും മക്കളും ഒരു പോലെ നഷ്ടമായി. ഇപ്പോൾ ആരോഗ്യമുള്ള ശരീരം രോഗത്തിന് അടിമയായി അഴുകി തുടങ്ങി. കുടില് വിട്ട് ദൂരെ ചാരമിട്ട കൂരയിൽ പുഴുക്കളുടെ കൊട്ടാരമായി. ഭക്തന്റെ ശരീരം വീണ് ഉരുണ്ട് ചോരയും പുഴുവും ചൊറിച്ചിലും അസഹനീയമായപ്പോൾ തക്കതുണയായ ഭാര്യയുടെ വാക്കും ഭക്തന്റെ ഹൃദയത്തിൽ മുറിവേകി. എന്നാൽ ദൈവഭക്തി മുറുകെ പിടിച്ചിരുന്ന ഇയ്യോബിന്റെ ഭക്തിയെ പാടെ മുടിക്കാൻ സാത്താന് കഴിഞ്ഞില്ല. ധനസമൃദ്ധിയും പുത്രസമ്പത്തും നഷ്ടമാകുകയും തക്കതുണ തള്ളിപ്പറഞ്ഞിട്ടും ഭക്തന്റെ പ്രത്യാശയ്ക്ക് ഭംഗം വന്നില്ല. എല്ലാം നഷ്ടമായി ചാരത്തിൽ അമർന്ന് അഴുകിയിരുന്നാലും സാത്താന് സന്തോഷിക്കാനുള്ള വക അവൻ നൽകിയില്ല. ഞാൻ ദേഹസഹിതനായി എന്റെ ദൈവത്തെ കാണും എന്ന പ്രഖ്യാപനം സാത്താന്റെ തലയെ തകർക്കുന്ന സന്ദേശമായിരുന്നു. സമൃദ്ധിയുടെ സുവിശേഷം കൊട്ടി ഘോഷിക്കുന്ന ന്യൂജനറേഷനുകൾ ഇയ്യോബിന്റെ പ്രഖ്യാപനം അടിവരയിട്ട് പഠിക്കട്ടെ. ഭൂമിയിൽ ആയുർ ആരോഗ്യം വർദ്ധിപ്പിക്കാനും പണസമ്പാദനമാത്രം മുന്നിൽ കണ്ട് കഴിയുന്ന ദുർമോഹികളും നശിക്കുന്ന ലോകത്തിൽ നിക്ഷേപം സ്വരൂപിക്കുന്നവരാണ്. "എന്നാൽ പുഴുവും തുരുമ്പും കടക്കാത്ത സ്വർഗ്ഗത്തിൽ ആയിരിക്കട്ടെ". പുതിയ നിയമഭക്തന്റെ നിക്ഷേപവും പ്രത്യാശയും.

---

കണ്ടതും കേട്ടതും

# തെറ്റാവരം വേണം

ജയ്മോഹൻ അതിരുങ്കൽ
9567759748

"ശങ്കരൻ നെവർ കംസ് ഡൗൺ ഫ്രം ദ് കോക്കനട്ട് ട്രീ" എന്നൊരു പരിഭാഷ കണ്ടിട്ടുണ്ട്. "എഗെയ്ൻ ശങ്കരൻ ഓൺ ദ് കോക്കനട്ട് ട്രീ" എന്നു നാം പറഞ്ഞുനോക്കിയിട്ടുമുണ്ട്. "ശങ്കരൻ പിന്നെയും തെങ്ങിൽ" എന്ന പഴഞ്ചൊല്ലിന്റെ ഇംഗ്ലീഷ് ആവിഷ്ക്കാരമാണു മുകളിലെഴുതിയ രണ്ടെണ്ണവും. നമ്മുടെ ശങ്കരന്മാരെല്ലാം പിന്നെയും പിന്നെയും തെങ്ങിന്മുകളിൽത്തന്നെയാണ്.

ഒരു പുസ്തകത്തിന്റെ പ്രൂഫ് വായിക്കുകയാണിപ്പോൾ. കുട്ടികൾക്കുവേണ്ടിയെഴുതിയ കുറെ കഥകളാണ് ഉള്ളടക്കം. അതിൽ പലയിടത്തും "കൂട്ടുകാരേ" എന്നാണു സംബോധന ചെയ്തിരിക്കുന്നത്. മുമ്പൊരു ലക്കത്തിലെഴുതിയ 'സംബോധികാരൂപ'മാണ് ഇവിടെ വേണ്ടതെന്ന് അറിഞ്ഞിരിക്കണം. അതായത്, "കൂട്ടുകാരേ" എന്ന ദീർഘോച്ചാരണമാണ് ആവശ്യം. "മാന്യരേ, നാട്ടുകാരേ" എന്നിങ്ങനെയുള്ള എഴുത്തുകൾ സംബോധനയ്ക്കുള്ളതല്ല. കുറെ നാൾ മുമ്പ് ഒരു സിനിമയുടെ പേരു കണ്ടു: "അടി കപ്യാരെ കൂട്ടമണി"! "അടി കപ്യാരേ, കൂട്ടമണി" എന്നെഴുതിയെങ്കിൽ മാത്രമേ അതു കപ്യാരെ സംബോധന ചെയ്തതാണെന്നു പറയാനാവൂ. കപ്യാർക്കു രണ്ടടി കൊടുക്കാനാണുദ്ദേശിക്കുന്നതെങ്കിൽ "കപ്യാരെ അടി" എന്നു പറയാം (എഴുതാം).

ആരെ സംബോധന ചെയ്താലും അതെഴുതുന്നതു ദീർഘോച്ചാരണത്തിലായിരിക്കണം. "സാറേ, ചേച്ചീ, അമ്മേ, അച്ഛാ, അപ്പാ, ഉപദേശീ, ദൈവദാസാ, സഹോദരാ, സഹോദരീ, സഹോദരീസഹോദരന്മാരേ" എന്നൊക്കെയാണു സംബോധനാരൂപങ്ങൾ. ഇതുപോലുമറിയാതെയാണു പലരും "ഈടുറ്റ" ലേഖനങ്ങളും കഥയും കവിതയുമൊക്കെ എഴുതുന്നത്. പത്രാധിപന്മാരും കണക്കാണ്. പത്രത്തിന്റെ അധിപതിയായിരുന്നുകൊണ്ട് ക്ഷമിക്കാനാവാത്ത തെറ്റുകളാണ് അവർ ഉല്പാദിപ്പിച്ചുവിടുന്നത്.

കോട്ടയത്തെ ഒരു രാജുകുമാരൻ മന്ദബുദ്ധിയായിരുന്നു. വേറൊരു നാട്ടുരാജാവിന്റെ കൊട്ടാരത്തിൽ എന്തോ അത്യാഹിതമുണ്ടായപ്പോൾ, ആശ്വാസവാക്കറിയിക്കാൻ ഈ രാജകുമാരനെയാണു രാജ്ഞി (രാജകുമാരന്റെ അമ്മ) അയച്ചത്. ഒരു ദിവസം മിനക്കെട്ട് ആ രാജകുമാരനെ ഒരു ചെറു വാക്യം പഠിപ്പിച്ചു: "മയാ കിം കർത്തവ്യം?" (ഞാനെന്താണു ചെയ്യേണ്ടത്?). ബുദ്ധിവികാസമില്ലാത്ത ഈ രാജകുമാരൻ, ദുഃഖിതനായിരിക്കുന്ന അയൽനാട്ടുരാജാവിന്റെയടുക്കൽച്ചെന്നു ചോദിച്ചു. "മയ കിം കർത്തവ്യം?" രാജാവതു കേട്ട് അനിഷ്ടം പ്രകടമാക്കി: "ദീർഘോച്ചാരണം കർത്തവ്യം" 'മയാ' എന്ന വാക്ക് 'മയ' എന്ന് ഉച്ചരിച്ചതുകൊണ്ടാണു രാജാവ് അങ്ങനെ പറഞ്ഞത്. രാജകുമാരന്റെ കൂടെപ്പോയവർ മടങ്ങി വന്ന് ഈ വിവരം രാജ്ഞിയെ അറിയിച്ചു. ആകെ നിരാശയും ദുഃഖിതയുമായ ആ അമ്മ, ഈ മകൻ ജീവിച്ചിരുന്നാൽ ഇനിയും ഇതുപോലുള്ള നാണക്കേടുകളുണ്ടാകുമല്ലോയെന്നു കരുതി, അടുത്തുള്ള ഒരു വെള്ളച്ചാട്ടത്തിനടുത്തായി രാജകുമാരനെ ഇട്ടിട്ടു പോരാൻ കല്പിച്ചു. സേവകർ രാജകുമാരനെ പിടിച്ചുകെട്ടി ആ ജലധാരയിൽ കൊണ്ടിട്ടു. എന്തായാലും ആൾ മരിച്ചില്ല! ഒരു രാത്രി മുഴുവൻ ശീതജലധാരകോരിയതുകൊണ്ടായിരിക്കാം, ബുദ്ധി തെളിഞ്ഞാണ് അവിടെനിന്നു മടങ്ങിയത്. പിന്നെ ആൾ പണ്ഡിതശ്രേഷ്ഠനായെന്നാണ് 'ഐതിഹ്യമാല'യിൽ വായിച്ചത്.

ഇതൊടൊപ്പം തന്നെ ഒരറിയിപ്പുമെഴുതുന്നു: "അറിയുക പ്രിയ മിത്രങ്ങളേ", ഇതിന്റെയർത്ഥമെന്താണ്? Know (your) dear friends എന്നാണ്. അതായത്, 'നിങ്ങളുടെ മിത്രങ്ങളെ നിങ്ങൾ അറിയണ'മെന്ന ഒരു നിർദ്ദേശരൂപമാണിത്. ഇത് ഉദ്ദേശിക്കുന്ന അർത്ഥം കിട്ടണമെങ്കിൽ (Dear friends, you should know this) "അറിയുക, പ്രിയമിത്രങ്ങളേ" എന്നു നീട്ടി എഴുതിയാലേ പറ്റുകയുള്ളൂ.



ജേണലിൽ ഗ്രീക്കുപഠനവും അതേത്തുടർന്ന് ഇറ്റാലിയൻ പഠനവുമൊക്കെ വന്നിട്ടുണ്ട്. പക്ഷേ മലയാള ഭാഷാപഠനം ഇതുവരെ എങ്ങും കണ്ടിട്ടില്ല! ഗ്രീക്കും ഇറ്റാലിയനുമൊന്നും പഠിച്ചില്ലെങ്കിലും മലയാളം ചൊവ്വേനേരെയൊന്ന് എഴുതാൻ പഠിച്ചിരുന്നെങ്കിൽ നല്ലതായിരുന്നുവെന്നാണു തോന്നുന്നത്. മലയാളത്തിന്റെ ചില പ്രാഥമിക പാഠങ്ങൾ ചില ലക്കങ്ങളിലായി ഈ പംക്തിയിൽത്തന്നെ എഴുതിയാലോയെന്ന ചിന്തയില്ലാതില്ല. 'യാത്രയ്ക്കിടയിൽ' എന്ന ശരിരൂപം പോലും 'യാത്രക്കിടയിൽ' എന്നു വികലമായി എഴുതുന്ന കാഴ്ചയാണു കാണുന്നത്.

ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയാണ് ഇതിന്റെയെല്ലാം പിന്നിലെന്നു പറയാം. ഒന്നാമതായി, അക്ഷരമറിയില്ല; രണ്ടാമതായി, വായനയില്ല! മുമ്പൊക്കെ ബസ് സ്റ്റാൻഡിലും റെയിൽവേ സ്റ്റേഷനിലും നിൽക്കുന്ന പലരുടെയും കൈയിൽ വായിക്കാനുള്ള പത്രമാസികകൾ കാണുമായിരുന്നു. പൈങ്കിളി വാരികകളാണെന്ന് ആക്ഷേപിക്കാൻ വരട്ടെ. അവ ആളുകൾ ആർത്തിയോടെ വായിച്ചിരുന്നു. കാരണം, ജീവിതഗന്ധിയായ കഥകളും നോവലുകളുമൊക്കെയായിരുന്നു അവയിൽ വന്നുകൊണ്ടിരുന്നത്. എന്നാലിന്ന് അവയും അരങ്ങൊഴിഞ്ഞ തുപോലെയായി! പകരം ഫോണും റ്റാബുമൊക്കെയാണ് ആളുകളുടെ കൈയിൽ. അവയിൽ മാന്തിയും ഞെക്കിയും നേരം കളയുന്നു; വായിക്കുന്നില്ല!

'ഹൈമാക്സ്' ലൈറ്റ് എന്നൊരു ലേഖനത്തിലെഴുതിയിരിക്കുന്നതു കണ്ടു. ഹൈമാസ്റ്റ് എങ്ങനെയാണ് 'ഹൈമാക്സ്' ആയതെന്നു ഞാൻ അമ്പരന്നുപോയി. കഴിഞ്ഞ ലക്കത്തിൽ 'ശ്രോതസ്' എന്ന 'മഹാകവിത'യെക്കുറിച്ചെഴുതിയതു വായിച്ചിട്ട്, സരസനായ ഒരു സഹോദരൻ വിളിച്ചിരുന്നു. അദ്ദേഹം പറഞ്ഞത് 'ശബ്ദതാരാവലി'യൊന്നും ആരുമങ്ങനെ നോക്കുകയില്ലെന്നാണ്. എനിക്കതു നോക്കിയേ പറ്റൂ. എന്റെ ഭാഷാജ്ഞാനവും പദസമ്പത്തും പരിമിതമാണ്. ഇടയ്ക്കിടെ നിഘണ്ടുവിനെ ആശ്രയിക്കാതിരിക്കാനാവില്ല.

സുകുമാർ അഴീക്കോടു മാഷിന്റെ ജീവിതസായാഹ്നത്തിൽ, അദ്ദേഹത്തെക്കൊണ്ട് 'തൃശൂരിലെ ഒരു കോളജിൽ ക്ലാസെടുപ്പിച്ചിരുന്നു. 'വിക്ടേഴ്സ്' ചാനലിലാണു ഞാനതു കണ്ടത്. 'വാല്മീകി' എന്ന വാക്ക് അദ്ദേഹം ചിലരെക്കൊണ്ട് ബോർഡിൽ എഴുതിപ്പിച്ചു. പലരും പല രീതിയിലാ(വാൽമീകി, വാത്മീകി)ണെഴുതിയത്. വാല്മീകി എന്ന ശരിരൂപമെഴുതിയവരും അവരിലുണ്ടായിരുന്നു എന്നു തോന്നുന്നു. ബിരുദവിദ്യാർത്ഥികളോ ബിരുദാനന്തരബിരുദധാരികളോ ഒക്കെയായിരുന്നു അധ്യേതാക്കൾ. "ഇതിങ്ങനെ ബോർഡിൽ കിടന്നോട്ടെ, അല്ലേ" യെന്ന് അഴീക്കോട് മാഷ് പരിഹാസദ്യോതകമായി ചോദിക്കുന്നതും കണ്ടു.

നീക്കിബാക്കി: പ്രഫസർ എസ്. ഗുപ്തൻ നായരോടാണെന്നു തോന്നുന്നു, ഒരു വിദ്യാർത്ഥി ചോദിച്ചുപോലും, "സാറേ, മനഃപ്രയാസത്തിനു ദുഃഖചിഹ്നമുണ്ടോ?"യെന്ന്! എന്തായാലും നമ്മുടെ പത്രമാസികകളിലെ എഴുത്തുകൾ കാണുമ്പോൾ എനിക്കു മനഃപ്രയാസവും ദുഃഖവുമുണ്ടാകാറുണ്ടെന്ന് 'അറിയുക പ്രിയ മിത്രങ്ങളേ".

## അറിയിപ്പ്

ബിലീവേഴ്സ് ജേണൽ എല്ലാ മാസവും 10-ഉം 25-ഉം തീയതിയിലാണ് പോസ്റ്റ് ചെയ്യുന്നത്. സഭാ പ്രസ്ഥാനങ്ങളുടെയും, സംഘടനകളുടെയും വാർത്തകളും അറിയിപ്പുകളും പലപ്പോഴും വളരെ താമസിച്ചാണ് ഓഫീസിൽ ലഭിക്കുന്നത്. താമസിച്ചുലഭിക്കുന്നവ പ്രസിദ്ധീകരിക്കുവാൻ സാധിക്കുന്നില്ല. തുടർന്ന് വാർത്തകളും, ലേഖനങ്ങളും അറിയിപ്പുകളും അയക്കുന്നവർ 1-ാം തീയതിക്കും 15-ാം തീയതിക്കും മുമ്പായി അയക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഏവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്.

മാനേജർ

MOB: 9447368795
beljourn@gmail.com
beljourn.com/ www.bjournal.org
VOL 09, ISSUE 06

BELIEVERS JOURNAL

PUBLISHED ON 25/03/2016

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

## ലേഖനം

# അത്യുഷ്ണത്താൽ വെന്തുപോകുന്ന ഭൂമി



ഷൈജു തോമസ് ഞാറയ്ക്കൽ
9447313709

*വെളിപ്പാട് 16:8,9 നാലാമത്തവൻ തന്റെ കലശം സൂര്യനിൽ ഒഴിച്ചു; അപ്പോൾ തീകൊണ്ടു മനുഷ്യരെ ചുടുവാൻ തക്കവണ്ണം അതിന്നു അധികാരം ലഭിച്ചു.മനുഷ്യർ അത്യുഷ്ണത്താൽ വെന്തുപോയി.*

**ച**രിത്രത്തിലെ ഏറ്റവും ചൂടേറിയ വർഷം എന്ന വിശേഷണവും പേറിയാണ് ഒരോ വർഷവും കടന്നുപോകുന്നത്. കാരണം ഒരോ വർഷവും അന്തരീക്ഷത്തിലെ ചൂട് കൂടിവരുന്നു. കഴിഞ്ഞ 136 വർഷത്തെ (1880- 2015) അന്തരീക്ഷ താപനില വിശകലനംചെയ്യുമ്പോൾ ഏറ്റവും ചൂടേറിയ 16 വർഷങ്ങളിൽ 15 എണ്ണവും 2000ത്തിനു ശേഷമാണ് അനുഭവപ്പെട്ടതെന്നു കാണാം. ഇതുവരെയുള്ള ലോകചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട ഏറ്റവും കൂടിയ താപനില 58 ഡിഗ്രി സെൽഷ്യസ് ലിബിയൻ മരുഭൂമിയിലായിരുന്നു. ഏറ്റവും കുറഞ്ഞ താപനില മൈനസ് 88 ഡിഗ്രി സെൽഷ്യസ് അന്റാർട്ടിക്കായിലെ വോസ്റ്റാക്ക് സ്റ്റേഷനിൽ രേഖപ്പെടുത്തിയതാണ്. 2000ത്തിനുമുമ്പ്, 1998-ലായിരുന്നു ഏറ്റവും കൂടിയ ചൂട് രേഖപ്പെടുത്തിയത്. വളരെ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽത്തന്നെ ദീർഘകാല ശരാശരി താപനിലയിൽനിന്ന് ഇത്ര വലിയ വർധന ഉണ്ടാകുന്നത് ആദ്യമായാണെന്ന് നാഷണൽ ഓഷ്യാനിക് ആൻഡ് അറ്റ്മോസ്ഫെറിക് അഡ്മിനിസ്ട്രേഷൻ വിലയിരുത്തുന്നു.

ഭൗമോപരിതലത്തെ സംബന്ധിച്ചിടത്തോളം ക്രമാനുഗതമായി ചൂട് വർധിക്കുന്ന പ്രവണത അനുഭവഭേദ്യമായത് 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ്. വ്യവസായിക വിപ്ളവത്തെത്തുടർന്ന് കാർബൺ ഡയോക്സൈഡും മറ്റ് ഹരിതഗൃഹവാതകങ്ങളും വൻതോതിൽ അന്തരീക്ഷത്തിലേക്ക് വിക്ഷേപിക്കപ്പെടാൻ തുടങ്ങിയതുമുതൽ. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇതിനോടകം ചൂടിന്റെ കാര്യത്തിൽ നാലുതവണയാണ് പുതിയ റെക്കോഡുകൾ സൃഷ്ടിച്ചത്. 2005, 2010, 2014, 2015. 2005-നുമുമ്പ് 1998-ലായിരുന്നു ഏറ്റവും വലിയ താപനില അനുഭവപ്പെട്ടത്. ഒരോ വർഷവും അന്തരീക്ഷ താപനില വർദ്ധിച്ചു വരുന്നു. 1970 മുതൽ ഈ വർധന 0.170 സെന്റിഗ്രേഡ് എന്ന തോതിൽ വർധിച്ചിരിക്കുന്നതായും നമുക്ക് കാണാൻ കഴിയും. ലോക കാലാവസ്ഥാ സംഘടനയുടെ ആഗോള അന്തരീക്ഷ ഗവേഷണ പദ്ധതിയുടെ വിലയിരുത്തൽപ്രകാരം കാർബൺ ഡയേക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ് എന്നിവയുടെ അന്തരീക്ഷ സാന്ദ്രത കഴിഞ്ഞ വർഷങ്ങളിൽ പുതിയ ഉയരങ്ങളിലെത്തിയിരുന്നു. പൂർവകാലഘട്ടത്തെ അപേക്ഷിച്ച് മേൽപ്പറഞ്ഞ വാതകങ്ങളുടെ അന്തരീക്ഷ സാന്ദ്രത യഥാക്രമം 143%, 254%, 121% എന്ന അളവിൽ വർധിച്ചിട്ടുണ്ട്. ആഗോളതലത്തിൽ അനുഭവപ്പെടുന്ന താപനില വർധനയ്ക്ക് പ്രധാന കാരണമായി പറയുന്നത് ആഗോള സമുദ്ര ജലോപരിതല മണ്ഡലത്തിൽ അനുഭവപ്പെടുന്ന കൂടിയ താപനിലയാണ്. ഉഷ്ണമേഖലാ പസഫിക് സമുദ്രത്തിൽ അനുഭവപ്പെടുന്ന എൽ നിനോ പ്രതിഭാസം സമുദ്രജലത്തെ മാത്രമല്ല, സമുദ്രവുമായി സമ്പർക്കത്തിലുള്ള അതിവിസ്തൃതമായ അന്തരീക്ഷത്തെയും ചൂടുപിടിപ്പിക്കുന്നു. പസഫിക്സമുദ്രം പോലെ അതിവിശാലമായ മേഖലയിൽ അനുഭവപ്പെടുന്ന ഈ പ്രതിഭാസത്തിന് ആഗോളതാപനത്തിനു തന്നെ ഒരു നിർണായകപങ്ക് ഉളവാക്കാനാകുന്നതിൽ അതിശയമില്ല. എൽ നിനോ അനുഭവപ്പെടുന്ന വർഷങ്ങളിൽ, എൽ നിനോ രഹിത വർഷങ്ങളെക്കാൾ ചൂട് അനുഭവപ്പെടാറുണ്ട്. എന്നാൽ, കഴിഞ്ഞ വർഷങ്ങളിൽ അനുഭവപ്പെട്ട അതിതാപനത്തിന് എൽ നിനോ ആയിരുന്നു കാരണമെങ്കിലും അതു മാത്രമായിരുന്നില്ല പ്രധാന കാരണം. മാനുഷിക വ്യാപാരങ്ങളുടെ ഫലമായി അന്തരീക്ഷത്തിലേക്ക് വൻതോതിൽ വിക്ഷേപിക്കുന്ന കാർബൺ ഡയോക്സൈഡും മറ്റ് ഹരിത ഗൃഹവാതകങ്ങളുമാണ് ചൂടേറാനുള്ള പ്രവണതയ്ക്ക് ഇതര ഹേതുക്കൾ. മനുഷ്യരുടെ പ്രകൃതിയിന്മേലുള്ള കടന്നു കയറ്റം ശക്തമാണ്. കടന്നു പോയ ഇരുന്നൂറ് വർഷങ്ങൾകൊണ്ട് 23 ലക്ഷം കോടി (2.3 ട്രില്യൺ) ടൺ കാർബൺഡയോക്സൈഡാണ് മനുഷ്യർ അന്തീക്ഷത്തിലേക്ക് തള്ളിയത്. ഒരോ വർഷവും നാം അന്തരീക്ഷത്തിലേക്ക് തള്ളുന്ന കാർബൺഡയോക്സൈഡിന്റെ അളവ് ഇരുപത്തിഒമ്പതിനായിരം (29 ബില്യൺ) കോടി ടണ്ണാണ് എന്ന് കണക്കാക്കപ്പെടുന്നു. കഴിഞ്ഞ 30 വർഷങ്ങൾക്കുള്ളിലാണ് ഇങ്ങനെ ബഹിർഗമിക്കുന്നതിന്റെ അളവ് കൂടിയത്. വിവിധമായ കാരണങ്ങളാണ് ഈ പ്രക്രീയക്ക് കാരണമായി ഭവിക്കുന്നത്. നാം ഉപയോഗിക്കുന്ന ഫോസിൽ ഇന്ധനങ്ങളിൽ (കൽക്കരി, ഗ്യാസ്, ക്രൂഡോയിൽ) നിന്നും ബഹി



04

## വീക്ഷണം

# യുവതലമുറയെ വഴിതെറ്റിക്കാൻ ഡിങ്കോയിസ്റ്റു വരുന്നു



റോബിൻ സാമുവേൽ
തുവയൂർ, 9745921653

"**നി**ങ്ങളിൽ മൊബൈൽ സ്ക്രീനിൽ നോക്കി റോഡ് ക്രോസ് ചെയ്യുന്നവനാരോ അവൻ സ്വർഗ്ഗത്തെ പ്രാപിക്കും

ബാലമംഗളം ലക്കം 8 പേജ് 22

"പൊതു സ്ഥലത്ത് ചപ്പുചവറുകൾ വലിച്ചെറിയുന്നവന്റെ സ്ഥാനം നരകത്തിലെ കപ്പ വാട്ടുന്ന ചെമ്പിൻ കീഴിൽ വിറകിന് പകരമത്രെ" ബാലമംഗളം 15:24

വായിച്ചിട്ട് ആരോപടച്ചുവിട്ട തമാശയെന്ന് കരുതിയെങ്കിൽ തെറ്റി. മതങ്ങളെ ആക്ഷേപിക്കാനായി ഏതോ ചില യുക്തിവാദി ആക്ടിവിസ്റ്റുകൾ രൂപീകരിച്ച 'ഡിങ്കോയിസം' എന്ന സോഷ്യൽ മീഡിയ മതത്തിന്റെ ആപ്ത വാക്യങ്ങളാണിത്. കേട്ടാൽ തമാശയെന്ന് തോന്നാമെങ്കിലും കടുത്ത ദൈവനിഷേധമാണ് ഡിങ്കമതത്തിന്റെ അടിസ്ഥാനം.

മതങ്ങളോടും മതവിശ്വാസങ്ങളോടുമുള്ള കടുത്ത എതിർപ്പിൽ നിന്നുമാണ് ഡിങ്കമതം രൂപം കൊണ്ടിരിക്കുന്നത്. കുട്ടികളുടെ പ്രസിദ്ധീകരണമായിരുന്ന 'ബാലമംഗള'ത്തിലെ ഡിങ്കൻ എന്ന ചിത്രകഥയിലെ നായക കഥാപാത്രമായ ഡിങ്കൻ എന്ന എലിയെയാണ് ഡിങ്കമതക്കാർ തങ്ങളുടെ ദൈവമായി കാണുന്നത്. ബാലമംഗളമാകട്ടെ വിശുദ്ധ ഗ്രന്ഥവും!. ഡിങ്കനോടുള്ള ആരാധനകൊണ്ടോ ഭയഭക്തി കൂടിയതുകൊണ്ടോ ഒന്നുമല്ല ഡിങ്കമതം രൂപപ്പെട്ടത്. നേരെ മറിച്ച് ദൈവവിശ്വാസത്തെയും മതങ്ങളെയുമൊക്കെ ആക്ഷേപിക്കുന്നതിനും വിലയിടിക്കുന്നതിനുമായുള്ള ഒരു 'മതം' മാത്രമാണിത്. കടുത്ത ആക്ഷേപ ഹാസ്യത്തിലൂടെ മതവിശ്വാസങ്ങളെയും ആചാര അനുഷ്ഠാനങ്ങളെയുമൊക്കെ അവമതിക്കുകയും അതിലൂടെ മതവിരുദ്ധത പ്രചരിപ്പിക്കുകയുമാണിവർ ലക്ഷ്യമിടുന്നത്.

ഡിങ്കോയിസത്തിന്റെ പേരിൽ രൂപീകരിച്ചിരിക്കുന്ന ഒട്ടനവധി ഫേസ്ബുക്ക് പേജുകളിലും ഗ്രൂപ്പുകളിലുമൊക്കെ അംഗമാകുന്നവരുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനയും ദേശീയ മാധ്യമങ്ങളുൾപ്പെടെ നൽകിയ വാർത്ത പ്രാധാന്യവും ശ്രദ്ധേയമാണ്. കോഴിക്കോട് ജില്ലാകളക്ടർ ഡിങ്കോയിസത്തിനനുകൂലമായി നടത്തിയ 'ഫേസ്ബുക്ക് പോസ്റ്റും', 'ഡിങ്കൻ' എന്ന സിനിമക്കെതിരെ ഡിങ്കമതക്കാർ നടത്തിയ സംഘടിത പ്രതിഷേധവും ഈ അടുത്ത നാളുകളിൽ ഇവരുടെ ശക്തി വർദ്ധിക്കുന്നതിന് കാരണമായി. മതവിശ്വാസം തെറ്റാണെന്നും പ്രചരിപ്പിക്കുകയാണ് ഇവർ ഇതിലൂടെ ലക്ഷ്യമിടുന്നത്. ഡിങ്കൻ എന്തുകൊണ്ട് ദൈവം ആണ് എന്നതിനവർ നല്കുന്ന മറുപടി കാണുക.




എന്തിനേറെപ്പറയുന്നു 'ഡിങ്കന്' ലഭിച്ച വർദ്ധിച്ച വാർത്താപ്രാധാന്യം കാരണം 'ബാലമംഗളം' എന്ന പൂട്ടിപ്പോയ പ്രസിദ്ധീകരണം പുനഃരാരംഭിച്ചേക്കുമെന്നും വാർത്തയുണ്ട്.

എല്ലാ മതവിശ്വാസങ്ങളെയും ആചാര അനുഷ്ഠാനങ്ങളെയും ഡിങ്കമതത്തെ മുൻനിർത്തി കളിയാക്കുന്ന പോസ്റ്റുകളാണ് ഇവർ പ്രചരിപ്പിക്കുന്നത്. ദൈവമില്ലെന്നും

"പലരും ഉന്നയിക്കുന്ന ചോദ്യം ആണിത്. സത്യ വിശ്വാസത്തിലേക്കുള്ള പിടിവള്ളി ആണ് ഈ ചോദ്യം. ഉത്തരം സിമ്പിൾ, ഡിങ്കോയിസം എന്നത് ഏതെങ്കിലും മൂശേട്ട അവതാരമോ പോസ്റ്റുമാനോ ഭൂമിയിൽ വന്ന് ആളുകളെ പേടിപ്പിച്ചു ഉണ്ടാക്കിയ മതം അല്ല. ഡിങ്കോയിസം എന്നത് ഡിങ്കന്റെ അമാനുഷികത വ്യക്തമാക്കി അറിയുന്ന ജനങ്ങൾ സ്വയമേ മുന്നോട്ടു വന്നു ഡിങ്കനെ ആരാധിക്കുന്നതാണ്. എന്നെ ആരാധിക്കൂ എന്നെ സ്തുതിക്കു ഇല്ലെങ്കിൽ നിങ്ങളെ എണ്ണയിൽ ഇട്ട് പൊരിക്കും എന്നിങ്ങനെയുള്ള അലമ്പ് ഡയലോഗുകൾ അടിച്ച് ആളെക്കൂട്ടും അലവലാതി അല്ല ഡിങ്കൻ. ഡിങ്കൻ സത്യത്തിൽ പൊരുളാണ്. ഏത് കൊച്ചു കുട്ടിക്കും അതറിയാം"!!!.

ഡിങ്കോയിസ്റ്റുകളുടെ ഈ വിശദീകരണത്തിൽ നിന്നും ഇവർ യുക്തിവാദത്തിന്റെ വക്താക്കളാണെന്ന കാര്യം വ്യക്തമാകുന്നു.

മതങ്ങളെ ആക്ഷേപിക്കുന്ന കൂട്ടത്തിൽ ക്രിസ്തു വിശ്വാസത്തിനു നേരെയും കടുത്ത ആക്ഷേപങ്ങൾ ഇവരുയർത്തുന്നുണ്ട്. മണ്ണിൽ നിന്നും മനുഷ്യനെ ഉണ്ടാക്കിയെന്നത് പൊട്ടക്കഥയാണ് എന്നു തുടങ്ങി ഇനി രക്ഷ ഡിങ്കനിൽ മാത്രം എന്നു വരെ ഡിങ്കോയിസ്റ്റുകൾ പറഞ്ഞു വെയ്ക്കുന്നു. പെന്തെക്കോസ്ത് സുവിശേഷ പ്രസംഗങ്ങളെയും രോഗശാന്തി ശുശ്രൂഷയുമൊക്കെ വികലമാക്കി ഇവർ പ്രചരണം നടത്തുന്നുണ്ട്. വർഷങ്ങൾക്ക് മുമ്പ് പാസ്റ്റർ കെ.എ. എബ്രഹാം നടത്തിയതും വിവാദമാവുകയും ചെയ്ത 'പതാക പ്രസംഗം' വരെ വികലമാക്കി ഇവർ തങ്ങളുടെ ആശയപ്രചാരണത്തിനായി ഉപയോഗിക്കുന്നുണ്ട്. ഇക്കഴിഞ്ഞ ഫെബ്രുവരി 28-ന്

08

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.